

NA & Co

# സങ്കല്പകാന്തി

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി.

PUBLISHERS:

THE MANGALODAYAM LTD.,

TRICHUR.

വില 1ക. 4ണ.

Digitized By Kerala Sahitya Akademi

First impression in Dhanu, 1117.
Second impression in Vrichigom, 1120.
Third Impression in Medom 1121.
Fourth Impression in Dhanu 1130.

*Copyright reserved by*
MRS. SREE DEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY

Printed at
The Mangalodayam Press,
Trichur.

Digitized By Kerala Sahitya Akademi

# മുഖവുര

പ്രായോഗികജീവിതത്തിന്റെ പരുപരുത്ത വശങ്ങളുമായി കൂട്ടിമുട്ടി പലപ്പോഴും പരുക്കുപററിയിട്ടുള്ള എന്റെ ഹൃദയം വിശ്രമത്തിന്റെ തണലിലിരുന്നു ചിലപ്പോഴെല്ലാം വീണ വായിയ്ക്കാറുണ്ടു്. ആ അനുഗൃഹീതനിമേഷങ്ങൾ സദയം സംഭാവന ചെയ്ത ഏതാനും പൊൻകിനാവുകളെ അതേപടി പ്രതിഫലിപ്പിയ്ക്കുവാനുള്ള എന്റെ പ്രയത്നമാണു്, പ്രിയവായനക്കാരേ, നിങ്ങൾ ഈ ഗ്രന്ഥത്തിൽ ആദ്യന്തം കണ്ടെത്തുക. എന്റെ ശ്രമം വിജയലക്ഷ്മിയുടെ ആശ്ലേഷത്തിൽ പുളകമണിയുന്നുണ്ടെന്നു് എനിയ്ക്കഭിമാനമില്ല; എങ്കിലും ഒന്നെനിയ്ക്കുറപ്പുണ്ടു്— ആത്മാർത്ഥതയുടെ അഭാവം അതിനെ അത്രയധികമൊന്നും അലങ്കോലപ്പെടുത്തിയിരിയ്ക്കയില്ല.

ആധുനികസാഹിത്യലോകത്തിൽ എന്റെ കവിതയുടെ കരുത്തുകുറഞ്ഞ കാൽവെപ്പുകൾ ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ പല നിരൂപകകേസരികളുടേയും പ്രചണ്ഡഗർജ്ജനങ്ങൾക്കിടയാക്കിയിട്ടുണ്ടെന്നുള്ള പരമാർത്ഥം ഞാൻ സന്തോഷപൂർവ്വം സ്മരിയ്ക്കുന്നു. മന്ദാക്ഷമധുരമായ ഒരു നേരിയ മന്ദഹാസത്തോടുകൂടി, ആനതാനനയായി കരമുകുളങ്ങൾ അർപ്പിച്ചുകൊണ്ടു്, സാഹിത്യക്ഷേത്രത്തിന്റെ ഒരു കോണിൽ ഒതുങ്ങിനില്ക്കുന്ന ആ മുഗ്ദ്ധയെ ഭയപ്പെടുത്തി പലായനം ചെയ്യിക്കുവാനാണു് തങ്ങളുടെ അട്ടഹാസങ്ങൾ വിനിയോഗിച്ചിട്ടുള്ളതെങ്കിൽ, ആ വിമർശകപഞ്ചാനനന്മാർക്കു വലിയ അമളിയാണു് പററിപ്പോയതെന്നു പറയാതെ നിവൃത്തിയില്ല. അബലയെങ്കിലും അല്പംപോലും അധീരയല്ല എന്റെ കവിതയെന്നു ഞാൻ തികച്ചും അഭിമാനിയ്ക്കുന്നു. ഓരോ ഗർജ്ജനം കേൾക്കുമ്പോഴും കാൽ അധികമധികം ഊന്നിച്ചവുട്ടി മുന്നോട്ടു പോവുകയേ അവൾ ചെയ്തിട്ടുള്ളു; ഇനി ചെയ്യുകയുമുള്ളു. പാറപ്പുറത്തു കയറിനിന്നു വികൃതമായ വിശപ്രലാപം

Digitized By Kerala Sahitya Akademi

കാണിച്ചുകൊണ്ടു ചില പേടകോലങ്ങൾ അവളുടെ നേക്ക പല പ്പോഴും പല്ലിളിച്ചുകാട്ടാറുണ്ട്. ആവക പേക്കൂത്തുകൾ കാണു മ്പോൾ അവളുടെ ഹൃദയത്തിൽ ഒരു പുഞ്ചിരിയേ പൊടിയാറു ള്ളൂ. എന്തായാലും, ഇവരുടെ ഉദ്ദേശം എന്തുതന്നെ ആയിരുന്നാ ലും, അതിൽനിന്നെല്ലാം എന്നെസ്സംബന്ധിച്ചിടത്തോളം ഉണ്ടാ യിട്ടുള്ള അനുഭവം മേല്ക്കുമേൽ ഗുണകരമായിപ്പരിണമിയ്ക്കുവാനാ ണിട നല്കിയിട്ടുള്ളതു്. കാവ്യനിർമ്മാണവിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിയ്ക്കുവാനും അധികമധികം ഉത്സാഹിയ്ക്കുവാനും അതെനിയ്ക്കു പ്രേരകമായി ഭവിയ്ക്കുന്നു. അതിനാൽ, ഞാൻ എ ന്റെ നിരൂപകന്മാരോടു് ആജീവനാന്തം കൃതജ്ഞനാണെന്നു് ഈ സന്ദർഭത്തിൽ തുറന്നുപറഞ്ഞുകൊള്ളട്ടെ.

സമുദായത്തിന്റെ പുരോഗതിയ്ക്കു സഹായമായ രീതിയിൽ സാഹിത്യവ്യാപാരം നിർവ്വഹിയ്ക്കുന്നില്ലെന്നുള്ള അപരാധം എ ന്നിൽ ആരോപിച്ചു്, സാഹിത്യസംരംഭങ്ങളിൽനിന്നും ഞാന നി വിരമിയ്ക്കേണ്ടതാണെന്നുപോലും, അടുത്തകാലത്തു്, ഏതോ ഒരു സമാജക്കാർ ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതായി വൃത്ത ന്തപത്രങ്ങളിൽ കാണുകയുണ്ടായി. സാഹിത്യലോകത്തിൽ 'ന ടാടെ'യായിക്കേൾക്കുന്ന ഒരു രസംപിടിച്ച പുതുമയാണിതു്. തൊഴിലില്ലാത്തവക്ക തൊഴിലുണ്ടാക്കിക്കൊടുക്കുന്ന സാത്താനോ നമുക്ക നന്ദിപറയുക. അടുത്ത കാലംവരെ, സാഹിത്യപരമാ എന്റെ ചപലകേളികൾ ഇത്ര വമ്പിച്ച കൊടുങ്കാറ്റുകളെ ഇ ക്കിവിടുമെന്നു ഞാൻ ശങ്കിച്ചിരുന്നില്ല. ഏതായാലും, ഈവ കോലാഹലങ്ങൾ ശ്രദ്ധേയമായ എന്തോ ചിലതു് ആവക ചപ ലകേളികളിൽ അന്തർഭവിച്ചിട്ടുണ്ടെന്ന അനുമാനത്തിലേയ്ക്കു് ന്നെ ആനയിയ്ക്കുന്നുവെങ്കിൽ, അതിലത്ഭുതപ്പെടാനില്ലല്ലോ. അ തിനാൽ സ്വാഭാവികമായി എനിയ്ക്കു സിദ്ധമായിട്ടുള്ളതെന്നു ഞാൻ അഭിമാനിയ്ക്കുന്ന ആ കുസലില്ലായ്മയോടുകൂടിത്തന്നെ സ

Digitized By Kerala Sahitya Akademi

ഹിത്യക്ഷേത്രത്തിൽ എന്റെ നൂതനസമാഹാരവും ഇതാ, സസ ന്തോഷം സമർപ്പിച്ചുകൊള്ളുന്നു.

ഭാവാത്മകങ്ങളായ ഗീതങ്ങളാണ് ഈ കൃതിയിൽ അധിക ഭാഗവും അടങ്ങിയിട്ടുള്ളതു്. ഇവയെ ആംഗലസാഹിത്യത്തിൽ Lyrics എന്നറിയപ്പെടുന്ന കാവ്യവിഭാഗത്തിൽ ഉൾപ്പെടു ത്താം. ഗീതികാവ്യങ്ങൾ, അഥവാ സ്വച്ഛന്ദഗീതങ്ങൾ എന്ന ഈ സാഹിത്യശാഖയുടെ സ്വഭാവങ്ങളും പ്രത്യേകതകളും ചുരു ങ്ങിയ തോതിലെങ്കിലും വിശദമാക്കേണ്ടതു് അവയുടെ പ്രണേ താവെന്നുള്ള നിലയിൽ ഈ സന്ദർഭത്തിൽ എന്റെ കടമയാണ്. ഇതിലേക്കുദ്യമിക്കുമ്പോൾ കവിത എന്നാൽ എന്തെന്നുള്ള പ്രശ്ന ത്തെയാണ് ആദ്യമായി അഭിമുഖീകരിക്കേണ്ടിയിരിക്കുന്നതു്.

മഹാരഥന്മാരായ പല വിമർശകന്മാരും സാഹിത്യചിന്തക ന്മാരും കാവ്യസ്വരൂപത്തെ വിശകലനംചെയ്തും വ്യാഖ്യാനിച്ചും വിവിധാഭിപ്രായങ്ങളെ രേഖപ്പെടുത്തിയിട്ടുണ്ട്. ആ സ്ഥിതിക്കു് ഭിന്നമായ ഒരു നിർവ്വചനംകൊണ്ട് അവഹേളനാസ്പദമായ ന്തരീക്ഷത്തിലേക്കു പ്രവേശിക്കുവാൻ ഔചിത്യബോധം എ ന്നെ അനുവദിക്കുന്നില്ല. യുക്തിയുടേയും ഭാവനയുടേയും സങ്കലി മായ ചൈതന്യത്തെ ഉപാധിയാക്കിക്കൊണ്ട് ആനന്ദത്തെ സ ്യവുമായി സംഘടിപ്പിക്കുന്ന ഒരു കലയാണ് കവിതയെന്നു ഡാക്ടർ ജോൺസൺ പ്രസ്താവിക്കുന്നു. ഇതിൽനിന്നു കേവലം സ്തുസ്ഥിതികഥനം കവിതയാവുകയില്ലെന്നും, അചഞ്ചലമായ ക്തിയും അപ്രതിഹതമായ കല്പനാവൈഭവവും ആകർഷകമായ ില നിറപ്പകിട്ടുകൾ കൊടുക്കുന്നതുകൊണ്ടാണ് പ്രാകൃതികവ ുക്കളുടെ പ്രതിഫലനങ്ങൾ കലാലോകത്തിൽ അനശ്വരതയി പ്പ്ലാരോഹണം ചെയ്യുന്നതെന്നും വെളിവാകുന്നുണ്ടല്ലോ. പ്രാ ഞ്ചികമായ വസ്തുസ്ഥിതിയിൽനിന്നും വ്യതിരിക്തമായിട്ടുള്ള ഒ ാണ് കലാപരമായ സത്യമെന്നും, അതിനെ ആശ്ലേഷിക്കാൻ

Digitized By Kerala Sahitya Akademi

ചെറിയ മുഖവുരയിൽ സൗകര്യപ്പെടുന്നതല്ലല്ലോ. സാഹിത്യം ജീവിതത്തിൻെറ വിമർശനമായിരിക്കട്ടെ, അല്ലാതിരിക്കട്ടെ, അതിൻെറ പശ്ചാത്തലം മനുഷ്യജീവിതം തന്നെയാണെന്നുള്ളതിൽ രണ്ടുപക്ഷത്തിനവകാശമുണ്ടെന്നു തോന്നുന്നില്ല. ജീവിതത്തെ അതിൻെറ ഭൗതികപരിധികൾക്കുള്ളിൽമാത്രം അടച്ചൊതുക്കാതെ, ആത്മീയവും ഭാവനാപരവുമായ വ്യാപ്തികളിലേക്കു് അതിനെ വ്യാപരിപ്പിച്ചുകൊണ്ടുള്ള വ്യാഖ്യാനമായിരിക്കണം സാഹിത്യത്തിൻെറ സർവ്വപ്രധാനമായ ലക്ഷ്യമെന്നു പ്രത്യേകം ഓർക്കേണ്ടതാണു്.

കവിതയെക്കുറിച്ചു പൊതുവായി ഇത്രയും വിവരിക്കുവാനേ ഈ ചെറിയ ഉപന്യാസത്തിൽ നിവൃത്തിയുള്ളു. ഇനി നമുക്കതിൻെറ വിവിധശാഖകളിലേക്കു പ്രവേശിക്കാം. കവിതയെ, അതിൻെറ സാത്വികമായ ചില ഘടകങ്ങളെ ആസ്പദമാക്കി പാശ്ചാത്യചിന്തകന്മാർ കർത്തൃനിഷ്ഠമെന്നും (Subjective) പദാർത്ഥനിഷ്ഠമെന്നും (Objective) രണ്ടായി വിഭജിച്ചിരിക്കുന്നു. കവി ചിലപ്പോൾ അന്തർമ്മുഖനായി വർത്തിച്ചുകൊണ്ടു സ്വാനുഭവങ്ങളിലും ചിന്തകളിലും വികാരങ്ങളിലും കാവ്യാത്മജനവും പ്രതിപാദ്യവും കണ്ടെത്തുന്നതായും, മററു ചിലപ്പോൾ തൻെറ ആത്മീയസത്തയെ ബാഹ്യപ്രപഞ്ചത്തിലേക്കു വ്യാപരിപ്പിച്ചു ലോകത്തിൻെറ വ്യാപാരങ്ങളിലും വികാരങ്ങളിലും അലിഞ്ഞുചേർന്നു തനിക്കു ദൃശ്യമാകുന്ന സാംഗതികളെ അതേപടി, സ്വന്തവ്യക്തിത്വത്തിൻെറ പാദമുദ്രകൾ അധികമൊന്നും പതിയുവാനിടയാകാതെതന്നെ, പ്രതിഫലിപ്പിക്കുന്നതായും കാണാം: ഇവയിൽ ആദ്യത്തെ ഇനത്തിൽപ്പെടുന്ന കവിതയാണു് കർത്തൃപ്രധാനമെന്നോ ആത്മാവിഷ്കരണപരമെന്നോ പറയപ്പെടുന്നതു്. രണ്ടാമത്തെ ഇനത്തിൽപ്പെടുന്നതിനു പദാർത്ഥനിഷ്ഠമെന്നോ സൃഷ്ടിപ്രധാനമെന്നോ പേർ പറയുന്നു. ഇവയുടെ മണ്ഡലങ്ങൾ തമ്മിൽ ഒരതിരിടുകയെന്നതു ശ്രമസാദ്ധ്യമല്ലാത്തതിനാൽ

Digitized By Kerala Sahitya Akademi

മറേറതിൻെറ സീമാവലയത്തിലേയ്ക്കു സംക്രമിയ്ക്കുകയും, രണ്ടും കൂടി കെട്ടുപിണഞ്ഞു് അപഗ്രഥനത്തെ അവഹേളിച്ചുകൊണ്ടു് അഴിഞ്ഞുപോകാത്ത ഒരാശ്ലേഷബന്ധത്തിൽ അന്യോന്യം താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നതു് അത്ര അപൂർവ്വമല്ല. രണ്ടിൻെറയും ഘടകങ്ങൾ അനുസ്യൂതമായും അവിഭാജ്യമായും അന്യോന്യം കൂടിച്ചേർന്നു വർത്തിക്കുമ്പോൾ ഓരോന്നും ഇന്ന ഇനത്തിൽ പെടുന്നതാണെന്നു ഖണ്ഡിതമായിപ്പറയുക വിഷമമായിരിക്കും. എന്നിരുന്നാലും, അവയുടെ അന്യോന്യമുള്ള വൈജാത്യം അനിഷേധ്യമായിരിക്കെ, വിഭജനോപാധിയായി അതിനെ സ്വീകരിയ്ക്കുന്നതിലോ, അതിനെ ആധാരമാക്കിക്കൊണ്ടു കവിതയെ തരംതിരിയ്ക്കുന്നതിലോ അപാകമുണ്ടെന്നു തോന്നുന്നില്ല.

കഴിഞ്ഞ ഖണ്ഡികയിൽ പ്രസ്താവിച്ച കർത്തൃനിഷ്ഠമായ, അഥവാ ആത്മാവിഷ്കരണപരമായ കാവ്യവിഭാഗത്തിൽ ഉൾപ്പെടുന്ന കവിതകളാണു് ഭാവാത്മകഗീതങ്ങൾ അഥവാ സ്വച്ഛന്ദഗീതങ്ങൾ. (Lyrics) ഗീതികാവ്യങ്ങൾ, എന്ന പേരും ഇവയ്ക്കു് അനുയോജ്യമായിരിയ്ക്കും. പ്രേമം, ദേശാഭിമാനം, മതപ്രസക്ത്യാദിയായി മനുഷ്യൻ ഉൾക്കൊള്ളുന്നതും, അനന്തസന്താപത്തിലേയ്ക്കും അമേയസന്തുഷ്ടിയിലേയ്ക്കും സദാ അവനെ ആനയിച്ചുകൊണ്ടിരിയ്ക്കുന്നതുമായ അസംഖ്യം മാനസികഭാവങ്ങളും തജ്ജന്യമായ വികാരവിജൃംഭണങ്ങളും അനുഭവപരമ്പരകളുമായിരിയ്ക്കും ആ ഗീതങ്ങളുടെ പ്രഭവസ്ഥാനം.

ഉത്തമമായ ഒരു ഭാവാത്മകഗീതം അമോഘമായ ഒരു വികാരത്തിൻെറ മൂർത്തീകരണമായിരിയ്ക്കും. ആത്മാർത്ഥതയിൽനിന്നുള്ള അതിൻെറ ആവിർഭാവം അകൃത്രിമത്വത്തിൻെറ പരിവേഷത്താൽ ഉദ്ദീപ്തവും, അനുവാചകാവലോകനത്തിനു തികച്ചും ആകർഷകവും, ഹൃദയസ്പർശകവുമായിരിയ്ക്കും. അതിൻെറ ഭാഷയും, അതുൾക്കൊള്ളുന്ന വാങ്മയചിത്രപരമ്പരയും, സൗന്ദര്യത്തിൻെറയും സ്പഷ്ടതയുടേയും സാന്നിദ്ധ്യത്താൽ മാത്രമല്ല, പ്രതിപാദ

Digitized By Kerala Sahitya Akademi

ഋത്തിനും പ്രതിപാദനോപാധിക്കും തമ്മിൽ സകലകലകളിലും അവശ്യം ആവശ്യമായ സമുചിതബന്ധത്താൽക്കൂടി, അഥവാ പൊരുത്തത്താൽക്കൂടി, സമലംകൃതമായിരിക്കുന്നതാണ്. ഒരു ഭാവത്തിന്റെയോ അനുഭവത്തിന്റെയോ പ്രതിഫലനം വികാരതീക്ഷ്ണതയാൽ നിറംപിടിപ്പിക്കുകയും, ഹൃദയസ്പൃക്കമാക്കിച്ചമക്കുകയും ചെയ്യുന്നതാണ് കലാപരമായ അതിന്റെ പ്രത്യേകവൈശിഷ്ട്യം.

ഭാവാത്മകകാവ്യശാഖയുടെ ജീവൻ ഏവംവിധം വ്യക്തിത്വത്തെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നതെങ്കിലും, ഇന്നിതുവരെ ലോകത്തിലുണ്ടായിട്ടുള്ള സ്വച്ഛന്ദഗീതങ്ങളിൽ ഭൂരിഭാഗവും കേവലം വ്യക്തിപരമെന്നതിനേക്കാൾ മാനവലോകത്തെ ഒന്നാകെ സമാശ്ലേഷിക്കുന്ന സാർവ്വത്രികഭാവങ്ങളെയാണുൾക്കൊള്ളുന്നതെന്നും, അക്കാരണത്താൽ ഓരോ വായനക്കാരനും സ്വന്തനിലയിൽ പരിപൂർണ്ണമായി ഭാഗഭാക്കാകുവാൻ സാധിക്കുന്ന അനുഭവങ്ങളുടേയും വികാരങ്ങളുടേയും പ്രകാശനമാണ് അവയിൽ കണ്ടെത്തുന്നതെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നമുക്കു കവിയുടെ സ്ഥാനത്തു നമ്മെ പ്രതിഷ്ഠിക്കേണ്ടതായി വരുന്നില്ല; കാരണം, അദ്ദേഹം നമ്മുടെ സ്ഥാനത്ത് അദ്ദേഹത്തെ പ്രതിഷ്ഠിച്ചിട്ടുണ്ടായിരിക്കുമെന്നുള്ളതാണ്. പോരെങ്കിൽ, വ്യക്തിപരമായിട്ടുള്ളതിനെക്കാൾ സാമൂഹ്യമായിട്ടുള്ള ഗീതികാവ്യങ്ങൾ വിശ്വസാഹിത്യത്തിൽ ഒട്ടധികം ചിരപ്രതിഷ്ഠ നേടിയിട്ടുള്ളതായും കാണുന്നു. സാഹിത്യോൽപത്തിയെക്കുറിച്ചുള്ള അന്വേഷണങ്ങളിലേക്കിറങ്ങിച്ചെല്ലുമ്പോൾ, വ്യക്തിയുടേതിനേക്കാൾ ജനസമൂഹത്തിന്റെ വികാരങ്ങൾക്കു ബാഹ്യരൂപം കൊടുക്കുവാനുള്ള അഭിനിവേശത്തിൽനിന്നാണ് കവിത കിളുർത്തിട്ടുള്ളതെന്ന് അനുമാനിക്കുവാനേ വഴി കാണുന്നുള്ളു. കാവ്യമണ്ഡലത്തിൽ ഇന്നു കവിയുടെ ആത്മാംശത്തിന്റെ ബാഹുല്യവും സാമൂഹ്യാംശത്തിന്റെ വൈരള്യവുമാണ് ദൃശ്യമാ

Digitized By Kerala Sahitya Akademi

കുന്നതു്. ആധുനികലോകത്തിൽ വ്യക്തിത്വത്തിനു പരമപ്രധാനമായ സ്ഥാനവും അജയ്യമായ പ്രാബല്യവും സിദ്ധിച്ചിട്ടുള്ളതാണിതിനു കാരണം. ധ്യാനപരങ്ങളും തത്ത്വചിന്താപ്രധാനങ്ങളുമായ കാവ്യങ്ങൾ (Meditative and Philosophical Poems), അച്ഛ്നാലാപങ്ങൾ (Odes) അഥവാ ധർമ്മകീർത്തനങ്ങൾ, വിലാപകാവ്യങ്ങൾ (Elegies) ആദിയായി പല കാവ്യവിഭാഗങ്ങളും ഈ ശാഖയിൽ ഉൾപ്പെടുന്നുണ്ടു്.

സങ്കല്പകാന്തിയിലെ ഭൂരിഭാഗം കൃതികളും കർത്തൃപ്രധാനങ്ങളാണെന്നു് ആദ്യംതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അവയിൽ 'കാളിദാസൻ', 'പൂനിലാവു്', 'രണാങ്കണത്തിൽ', 'ആദിത്യാരാധന', 'സൌന്ദര്യപൂജ', 'തിരുമുൽക്കാഴ്ച', 'ഗുരുപൂജ', 'എന്റെ ഗുരുനാഥൻ' എന്നീ കൃതികൾ അച്ഛ്നാലാപങ്ങൾ ആണു്. ഈ വിഭാഗത്തിന്റെ സ്വഭാവം അല്പമൊന്നു സൂചിപ്പിയ്ക്കാം.

'ഓഡ്' എന്നു് ഇംഗ്ലീഷിൽ പറയപ്പെടുന്ന ഗീതികാവ്യം പ്രൗഢമായ ഒരുവക ധർമ്മകീർത്തനമാണു്. സംഗീതയന്ത്രങ്ങളുടെ സഹായത്തോടുകൂടി ആലപിയ്ക്കപ്പെടുകയെന്നതായിരുന്നു ആദികാലത്തു് ഇതിന്റെ ഉദ്ദേശമെന്നുള്ളതു സ്പഷ്ടമാണു്. ഈ ഗാനവിശേഷത്തിന്റെ പ്രഭവസ്ഥാനം ഗ്രീസാകുന്നു. യവനഗാനത്തിനു പ്രധാനമായി രണ്ടു മഹാവിഭാഗങ്ങളുണ്ടു്: ഒന്നു് കവിയുടെ ആത്മപ്രകടനം; മറേറതു് അദ്ദേഹത്തിന്റെ അനുഗാമികളായ, സുശിക്ഷിതനൈപുണിയാർജ്ജിച്ചിട്ടുള്ള, നർത്തകസംഘത്തിന്റെ ഒത്തൊരുമിച്ചുള്ള ആലാപം. കാലഗതിയിൽ ഈ രണ്ടു ശാഖയും ഒന്നുപോലെ അച്ഛ്നാലാപങ്ങളായി പരിണമിയ്ക്കുകയാണു് ചെയ്തതെങ്കിലും, അവയ്ക്കു തമ്മിൽ സൂക്ഷ്മമായ ചില വ്യത്യാസങ്ങൾ സ്പഷ്ടമാകുന്നതാണു്. ആദ്യം പറഞ്ഞ കവിയുടെ ആത്മപ്രകടനമാണു്, ആൽകീയസു്, അനാക്രിയോൺ, സാഫോ എന്നിവരുടെ കൃതികളിലൂടെ ബഹിർഗ്ഗമിച്ചു്, ആധുനികപാശ്ചാത്യവിമർശകന്മാർ പറഞ്ഞുവരുന്ന ശുദ്ധവും ലളിതവുമായ ഗീതി

Digitized By Kerala Sahitya Akademi

കാവ്യമായിപ്പരിണമിച്ചതു്. നൎത്തകന്മാർ ഒന്നുചേൎന്നു് ആലപിക്കുന്ന ഗാനങ്ങളിൽ ഒരു പ്രത്യേകതയുണ്ടു്: കവി സ്വന്തമായി നടത്തുന്ന ഭാഷണങ്ങളെ ഈ ഗായകസംഘം പിൻതാങ്ങുകയോ വ്യാഖ്യാനിക്കുകയോ പതിവാണു്; ഈ ഗാനസമ്പ്രദായമാണു് പിന്നീടു ശരിയായ ധൎമ്മകീൎത്തനമായിപ്പരിണമിച്ചതു്. താളലയങ്ങളുടെ സ്വച്ഛന്ദഗതിക്കനുസൃതമായ കാലപരിണാമങ്ങളെ ആശ്രയിച്ചു സന്ധിരൂപത്തിൽ, Strophe എന്നു പറയപ്പെടുന്ന ആലാപവൈചിത്ര്യം ആൽക്മാൻ എന്ന കവി ആദ്യമായി ആവക ഗാനങ്ങളിൽ സംഘടിപ്പിച്ചതോടുകൂടി അവക്കു് ഒരു പുതുമയും കൂടുതൽ ആകൎഷകത്വവും ലഭിച്ചു. മാത്രമല്ല, പിൽക്കാലങ്ങളിൽ അതു് അച്ഛനാലാപങ്ങളുടെ ഒരവിഭാജ്യഘടകമായിത്തീരുകയും ചെയ്തു. സ്റ്റെസിക്കോറസ്സു്, ഇബികസ്, സിമോണിഡസ് എന്നിവർ ഈ കാവ്യശാഖയെ സാരമാംവിധം വൈപുല്യപ്പെടുത്തി. അവരെത്തുടൎന്നു് പിൻഡാർ എന്നും ബാക്കിലിഡസ് എന്നും പേരായ രണ്ടു മഹാകവികളുടെ ആവിർഭാവം ആ കാവ്യവിഭാഗത്തിന്റെ അത്ഭുതാവഹമായ വികാസത്തിനു വഴി തെളിച്ചു. ലോകോത്തരങ്ങളായ ധൎമ്മകീൎത്തനങ്ങളുടെ പ്രണേതാവെന്ന നിലയിൽ പ്രാചീനസാഹിത്യത്തിൽ പിൻഡാറിനു് അദ്വിതീയമായ സ്ഥാനമാണു് ലഭിച്ചിട്ടുള്ളതു്. കാലക്രമത്തിൽ ഈ ഗാനങ്ങളുടെ സംഗീതാത്മകത്വം അഥവാ ആലാപധൎമ്മം ക്ഷയിക്കുവാൻ തുടങ്ങി. സംഗീതോപകരണങ്ങൾ കുറഞ്ഞു കുറഞ്ഞു് ഒടുവിൽ ഓടക്കുഴലിന്റെ സഹായം മാത്രം മതി അവ ആലപിക്കപ്പെടുവാനെന്ന നിലയിലെത്തുകയും, അതിനുശേഷം അതിന്റെപോലും ആവശ്യമില്ലെന്നു വന്നുകൂടുകയും ചെയ്തു. അങ്ങനെ അച്ഛനാലാപം സംഗീതോപകരണങ്ങളുടെ പിടിയിൽനിന്നു നിശ്ശേഷം വിമുക്തമായതോടുകൂടി സാഹിത്യാംശത്തിനു് അതിൽ സ്വാഭാവികമായി അധികമധികം പ്രവേശം ലഭിച്ചു.

Digitized By Kerala Sahitya Akademi

ഏതിനെയെങ്കിലും, ചിലപ്പോൾ ആരെയെങ്കിലും, അഭിസംബോധനംചെയ്തുകൊണ്ടു്, ഏതാണ്ടൊരു പ്രസംഗരൂപത്തിൽ, സംബോധനം ചെയ്യപ്പെടുന്ന വ്യക്തിയുടേയോ വസ്തുവിന്റേയോ മുൻപിൽ അർച്ചിക്കപ്പെടുന്നതും, ബുദ്ധ്യംശത്തിലും വികാരാംശത്തിലും മറ്റും ഗുരുതരമായ ഗഹനതയോടുകൂടിയതുമായ പ്രൗഢസൂക്തങ്ങളാണു് അവ. സാധാരണയായി അവയിലെ പ്രതിപാദ്യങ്ങളും, ഭാവപ്രകാശവും, പ്രതിപാദനരീതിയും മഹത്തമങ്ങളായിരിക്കും. അന്തസ്സും ഔന്നത്യവും അവയുടെ സവിശേഷതകളാണു്. സുനിശ്ചിതമായ ഒരു ലക്ഷ്യത്തിലേയ്ക്കു പ്രൗഢമായ രീതിയിൽ, ഭാസുരമായ ഒരു ചിന്താമണ്ഡലത്തിലൂടെ പുരോഗമനം ചെയ്യുന്ന കൗതുഹലാശ്ലിഷ്ടമായ, അഥവാ നിർവ്വാണതുന്ദിലമായ ഒരവിച്ഛിന്നഭാവാത്മകഗാനധാരയായിരിക്കും അതു്. യുക്തിയ്ക്കു വിധേയമായ ഒരു ചിന്താപരിണാമം അതിലാവശ്യമാണു്. ഏതാണ്ടൊരു സങ്കീർണ്ണതയും വ്യാപകത്വവും, ഒഴിച്ചുകൂടാൻ പാടില്ലാത്തതല്ലെങ്കിലും, പൊതുവെ ആവക ഗാനങ്ങളിൽ കാണപ്പെടുന്ന പ്രത്യേകതയാണെന്നു പറയാം. പദ്യാത്മകമായ ഒരുവക പ്രഭാഷണത്വം പലപ്പോഴും അവ ഉൾക്കൊള്ളുന്നുണ്ടായിരിക്കും. നതോന്നതങ്ങളായ വിവിധമേഖലകളിലൂടെ സ്രോതത്തെ അനുഗമിച്ചുകൊണ്ടു്, അന്തർവ്വാഹിയായ ഒരനുസ്യൂതലയപ്രവാഹം അത്തരം ആലാപങ്ങളെ ആദ്യന്തം ആശ്ലേഷിച്ചുകൊണ്ടിരിക്കും. അവയ്ക്കുതന്നെ ആംഗലസാഹിത്യത്തിൽ പല ഉപശാഖകളും കണ്ടുവരുന്നുണ്ടു്. എങ്കിലും സാമാന്യേന ഒരുവിധം താളപ്രധാനമായ ധർമ്മകീർത്തനമാണവയെന്നു സംക്ഷേപമായി പ്രസ്താവിക്കാവുന്നതാണു്.

അർച്ചനാലാപങ്ങളുടെ സ്വഭാവം ചുരുക്കത്തിൽ വിവരിച്ചുകഴിഞ്ഞുവല്ലോ. സങ്കല്പകാന്തിയിൽ കാണുന്ന ആ വകുപ്പിൽപ്പെട്ട കവിതകളെ, മേൽപ്രസ്താവിച്ച ഘടകങ്ങളെ ആസ്പദമാക്കി,

Digitized By Kerala Sahitya Akademi

മേൽപ്രസ്താവിച്ച സ്വഭാവങ്ങൾ എല്ലാംതന്നെ കൂടിക്കലൎന്നുകൊണ്ടുള്ള ഒരു സങ്കരസ്വഭാവമാണു് മററു ചില വിലാപകാവ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു്. 'കണ്ണുനീർത്തുള്ളി' ഇതിനു ദൃഷ്ടാന്തമായി സ്വീകരിക്കാം. മി: നാലപ്പാട്ടു നാരായണമേനവന്റെ ആത്മപ്രേയസിയുടെ അകാലവിയോഗമാണല്ലോ ആ ഉൽക്കൃഷ്ടവിലാപകാവ്യത്തിന്റെ അടിസ്ഥാനം. കവിയുടെ വ്യക്ത്യംശത്തിനു് ഇതിലുള്ള പ്രാധാന്യത്തെക്കുറിച്ചു പിന്നെ ഒന്നുംതന്നെ പ്രസ്താവിക്കേണ്ടതായിട്ടില്ല. എന്നാൽ തത്വചിന്തയുടെ അവതരണത്തിനും കുറച്ചൊന്നുമല്ല കവി തന്റെ കാവ്യത്തിൽ ഇടംകൊടുത്തിട്ടുള്ളതെന്നു കാണാം.

'തകൎന്ന മുരളി' എന്ന പദ്യം മുൻപ്രസ്താവിച്ച വിലാപകാവ്യങ്ങളുടെ കൂട്ടത്തിൽ ഒന്നാമത്തെ വിഭാഗത്തിലാണുൾപ്പെടുന്നതു്. തത്വചിന്തയ്ക്കും മററും അതിൽ വലിയ സ്ഥാനമൊന്നും കൊടുത്തിട്ടില്ല. ശ്രീമാൻ ഇടപ്പള്ളി രാഘവൻപിള്ളയുടെ അകാലവിയോഗത്തിൽ അദ്ദേഹത്തിന്റെ ആത്മസുഹൃത്തായി വൎത്തിച്ചിരുന്ന എനിക്കുണ്ടായ ശോകപരിപൂരിതമായ വികാരങ്ങളെ അതേപടി പ്രതിഫലിപ്പിക്കുക മാത്രമാണു് അതിൽ ചെയ്തിട്ടുള്ളതു്. പിന്നീടു ഞാൻ 'രമണൻ' എന്ന പേരിൽ ഒരു ഗ്രാമീണവിലാപകാവ്യം ആ വിഷയത്തെ ആധാരമാക്കിത്തന്നെ നിൎമ്മിക്കുകയുണ്ടായി. വിലാപകാവ്യങ്ങളുടെ വിഭാഗത്തിൽ ഏററവും പ്രധാനമായിട്ടുള്ള ഒന്നാണു് ഗ്രാമീണവിലാപകാവ്യം (Pastoral Elegy). ഇതിനെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കേണ്ടതായിട്ടുണ്ടു്. ഈ മുഖവുരയിൽ അതിനു സൗകൎയ്യമില്ലാത്തതിനാൽ അതിലേയ്ക്കു് ഉദ്യമിക്കുന്നില്ല.

വസ്തുപ്രധാനമായ ഏതാനും കൃതികളും സങ്കല്പകാന്തിയിൽ ഇല്ലാതില്ല. ഈ കാവ്യശാഖയെ ആഖ്യാനപരമെന്നും നാടകീയമെന്നും രണ്ടായി തരംതിരിക്കാം. 'വനദേവത' എന്ന

Digitized By Kerala Sahitya Akademi

കൃതിയിൽ ഈ രണ്ടു സ്വഭാവങ്ങളും ഇടകലൎന്നിട്ടുണ്ടെങ്കിലും, അതിന്റെ ഘടനയിൽ നാടകീയമായ അംശത്തിനാണു് പ്രാധാന്യമുള്ളതു്. ആദൎശാത്മകമായ യഥാതഥപ്രസ്ഥാനത്തിൽ (Idealistic Realism) ഉൾപ്പെടുത്താവുന്ന ഒരു കൃതിയാണു് 'വനദേവത'. 'വൃന്ദാവനം', 'വെറും സ്വപ്നം', 'ഉദ്യാനത്തിലെ ഊഞ്ഞാലാട്ടം', 'രൂപാന്തരം' മുതലായവ വൎണ്ണനാപ്രധാനങ്ങളായ കൃതികളാണു്. തന്മൂലം അവയിൽ വ്യക്ത്യംശത്തിന്റെ സംക്രമണം അത്ര വിരളമൊന്നുമല്ല. എന്നിരുന്നാലും ആഖ്യാനരൂപത്തിലുള്ള പ്രതിപാദനംമൂലം വസ്തുപ്രധാനകൃതികളായി അവയെ പരിഗണിക്കുന്നതാണു് അധികം യുക്തമെന്നു തോന്നുന്നു.

'വൃന്ദാവനത്തിലെ രാധ'യും 'ആ കാലങ്ങ'ളും നാടകീയസ്വഗതങ്ങളാണു് (Dramatic Monologues). എന്നാൽ 'വൃന്ദാവനത്തിലെ രാധ'യെ Monologue എന്ന സ്വഗതാഖ്യാനത്തിൽ ഉൾപ്പെടുത്തുന്നതിനേക്കാൾ Soliloquy എന്നു് ഇംഗ്ലീഷിൽ പറയപ്പെടുന്ന ആത്മഗതകാവ്യത്തിൽ ചേൎക്കുന്നതാണുത്തമം. ഇവയ്ക്കു രണ്ടിനും തമ്മിൽ അല്പം അന്തരമില്ലാതില്ല. 'നാടകീയസ്വയംഭാഷണ'മെന്ന കാവ്യവിഭാഗത്തിൽ വക്താവു് ഏതെങ്കിലുമൊരു ശ്രോതാവിനേയോ ഒന്നിലധികം ശ്രോതാക്കളേയോ അഭിസംബോധനംചെയ്തുകൊണ്ടാണു് ഭാഷണം നിൎവ്വഹിക്കുന്നതു്. എന്നാൽ ആത്മഗതകാവ്യത്തിലാകട്ടെ ശ്രോതാവിന്റെ ആവശ്യമില്ല. വക്താവു തന്നോടുതന്നെ പറയുകയാണു് ആത്മഗതകാവ്യത്തിലെ രീതി.

'രാഗഭിക്ഷുണി', 'വിശുദ്ധരശ്മി', 'ലതാഗീതം' തുടങ്ങിയവ കൎത്തൃപ്രധാനങ്ങളായ പ്രേമഗാനങ്ങളാണു്. പദാൎത്ഥനിഷ്ഠമെന്ന കാവ്യശാഖയിൽ ഉൾപ്പെടുന്ന കൃതികളിലും കവിയുടെ വ്യക്ത്യംശം ഏറെക്കുറെ കടന്നുകൂടിയിട്ടുള്ളതായിക്കാണാം.



Digitized By Kerala Sahitya Akademi

ഇതു് ആവക കൃതികളുടെ സാരമായ ന്യൂനതയായിക്കണക്കാക്കാമോ എന്ന കാര്യം സംശയമാണു്. പ്രതിപാദ്യവസ്തുവിനോടുള്ള ഉൽക്കടമായ അഭിനിവേശംമൂലം കവിയുടെ വ്യക്തിചൈതന്യം അതിലൂടെ പ്രതിഫലിതമാകുന്നെങ്കിൽ അതു് അസ്വാഭാവികമാണെന്നു പറയാവുന്നതല്ലല്ലോ.

ഗീതികാവ്യങ്ങളെക്കുറിച്ചു ലഘുവിമർശനരൂപത്തിലുള്ള ഈ മുഖവുരയുടെ നിർമ്മാണത്തിൽ സ്റ്റോപ്ഫോഡ്ബ്രൂക്ക്, ആബർക്രോംബി, ഹഡ്സൺ, എഡ്മണ്ഡ് ഗൂസ്, സെയിൻറ്സ്ബെറി, മാത്യു ആർനോൾഡ്, ലേയ്ഹണ്ട് തുടങ്ങിയ പാശ്ചാത്യവിമർശകന്മാരോടു ഞാൻ അത്യധികം കടപ്പെട്ടിട്ടുണ്ടു്.

ഈ കഴിഞ്ഞ ഏഴു കൊല്ലത്തെ എൻെറ സാഹിത്യജീവിതത്തിൽ എൻെറ പദ്യകൃതികളുടെ സമാഹാരങ്ങളായി പല ഗ്രന്ഥങ്ങളും പ്രകാശിതങ്ങളായിട്ടുണ്ടെങ്കിലും എനിക്കു പ്രത്യേകമൊരു 'മമത' തോന്നിയിട്ടുള്ളതു് ഈ നൂതനപ്രസിദ്ധീകരണത്തോടാണെന്നു തുറന്നുപറഞ്ഞുകൊള്ളട്ടെ. ഇതിലടങ്ങിയിട്ടുള്ള കവിതകളുടെ മെച്ചംകൊണ്ടല്ല, നേരേ മറിച്ചു നിസ്സാരങ്ങളെങ്കിലും അകൈതവാത്മപ്രകടനപരങ്ങളായ അവയെ ഞാൻ മനസാ നിത്യവും ആരാധിക്കുന്ന ഒരു മഹാത്മാവിൻെറ പാദങ്ങളിൽ സമർപ്പണംചെയ്യുവാനുള്ള ഭാഗ്യസിദ്ധികൊണ്ടാണു് ആ തോന്നൽ എനിക്കുണ്ടായിട്ടുള്ളതെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സൗഭാഗ്യത്തിൻെറ സമുന്നതസോപാനത്തിൽ സമുല്ലസിക്കുന്ന ക്യാപ്ററൻ വി. പി. തമ്പി അവർകളുടെ ഔദാര്യത്തിൻെറ തണലിലാണു് എൻെറ വിദ്യാർത്ഥിജീവിതം പുഷ്ടിച്ചിട്ടുള്ളതു്. അദ്ദേഹത്തിനു് എന്നോടുള്ള അതിരററ വാത്സല്യവും ഔദാര്യവും പലപ്പോഴും എന്നെ പുളകംകൊള്ളിച്ചിട്ടുണ്ടു്. അദ്ദേഹം സദയം എനിക്കു നല്കുന്ന പ്രോത്സാഹനങ്ങൾക്കും സഹായങ്ങൾക്കും കൃതജ്ഞതാപരിപൂർണ്ണമായ എൻെറ ഹൃദയം മാ

Digitized By Kerala Sahitya Akademi

ത്രമേ എനിക്കു് ആ പാവനപാദങ്ങളിൽ ഉപഹാരമായി അർപ്പിക്കുവാനുള്ളു.

മഹാഭാഗയായ കൈരളിയോടു മുകുളീതകരങ്ങളോടെ ഞാനിങ്ങനെ പ്രാർത്ഥിക്കട്ടേ:—

അംബികേ, കൈരളീ, അവിടത്തെ പാദസേവകന്മാരിൽ ഏററവും നിസ്സാരനായ ഒരുവനാണു് ഞാൻ. കടന്നുപോകുവാനിരിക്കുന്ന വിംശതാബ്ദങ്ങളുടെ സന്നിധിയിലേയ്ക്കു് എന്റെ നേരിയ ഗാനത്തിന്റെ ഒരു മൃദുലവീചികയെങ്കിലും എത്തിച്ചേരുമെന്ന വിശ്വാസമോ അഭിമാനമോ എനിക്കില്ല. എങ്കിലും ഇന്നു് എന്റെ അരികേനിന്നു കൊഞ്ഞനം കുത്തുന്ന ഹൃദയശൂന്യന്റെ നിഴൽ കാലം മാച്ചുകളയുമ്പോൾ ആ സ്ഥാനത്തേയ്ക്കു പ്രവേശിക്കുന്ന നാളത്തെ സഹോദരൻ തീർച്ചയായും എന്നോടു സഹതാപമുള്ളവനായിരിക്കും. മണ്ണടിഞ്ഞുകിടക്കുന്ന എന്റെ അസ്ഥിശകലങ്ങൾക്കു മുകളിലൂടെ മഞ്ഞിൽ കുതിർന്നും, വെയിലിൽ വിയർത്തും, മഴയിൽ കുളിർത്തും ദിനരാത്രങ്ങൾ ഓരോന്നോരോന്നായിക്കടന്നുപോയ്ക്കൊണ്ടിരിക്കേ ആ സഹോദരന്റെ സഹതാപസാന്ദ്രമായ ആഹ്വാനം ഇരുളടഞ്ഞ എന്റെ ശവകുടീരത്തിൽ എത്തിച്ചേരും. ആ സഹോദരനോടു് എനിക്കൊരൊററ അപേക്ഷയേ ഉള്ളു; അതിതാണു്: എന്റെ സമസ്തോൽകർഷങ്ങൾക്കും കാരണഭൂതനായ ആ വന്ദ്യപുരുഷന്റെ—ക്യാപ്ററൻ വി. പി. തമ്പിയുടെ—ഔദാര്യസ്മൃതിയുടെ മുൻപിൽ ഒരു കൂപ്പുകൈ അർപ്പിച്ചിട്ടുവേണമേ എന്റെ ശവകുടീരത്തിനു നേരേ അനുകമ്പാപൂർണ്ണമായ കണ്ണയയ്ക്കാൻ!—അംബികേ, കൈരളീ, അഞ്ജലിബദ്ധനായ ഈ വിനീതസേവകനെ ഭവതി വെറുക്കരുതേ!—

ഈ ഗ്രന്ഥത്തിന്റെ പ്രകാശനം സദയം ഏറെറടുത്ത മംഗളോദയം പ്രവർത്തകന്മാരോടും പല ജോലിത്തിരക്കുകൾക്കിടയിൽ, എന്നോടുള്ള വാത്സല്യാതിരേകത്താൽ, ഈ ഗ്രന്ഥം പ

Digitized By Kerala Sahitya Akademi

രിശോധിച്ചുനോക്കവാനും വിലയേറിയ ഒരവതാരിക എഴുതിത്തരുവാനും കാരുണ്യമുണ്ടായ അഭിവന്ദ്യമഹാകവിയോടും എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പ്രിയവായനക്കാരേ, നിങ്ങൾക്കു കുപ്പുകൈ!

ആർട്സ് കോളേജ്,
തിരുവനന്തപുരം
15—5—1117.

ചങ്ങമ്പുഴ കൃഷ്ണപിള്ള.

Digitized By Kerala Sahitya Akademi

# അവതാരിക

ഇന്നേയ്ക്കു് ഇരുപത്തേഴു വയസ്സുപോലും തികഞ്ഞിട്ടില്ലാത്ത ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ പേർ കേരളത്തിലെ സഹൃദയന്മാരും സാഹിത്യബന്ധുക്കളും കേട്ടുതുടങ്ങീട്ട കാലം ഒരു വ്യാഴവട്ടത്തിലധികം കഴിഞ്ഞിരിയ്ക്കുന്നു. ഈ കാലത്തിനിടയ്ക്കു് അദ്ദേഹവുമായി അവർക്കുള്ള പരിചയം സ്നേഹമായും സ്നേഹം ബഹുമാനമായും ക്രമേണ രൂപാന്തരപ്പെട്ടിട്ടുണ്ടു്. ശ്രീമാൻ കൃഷ്ണപിള്ള ഇതിനു മുൻപുതന്നെ 'സുധാംഗദ' മുതലായി ദീർഘങ്ങളും ലഘുക്കളുമായ ചില ഭാഷാകാവ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതായി ഓർക്കുന്നു. അവയുടെ അവരജതമമാണു് ഞാൻ ഇപ്പോൾ അവതരിപ്പിയ്ക്കുന്ന 'സങ്കല്പകാന്തി'ക്കുള്ളതു്.

'സങ്കല്പകാന്തി' ഈ യുവകവിയുടെ ഇരുപത്തഞ്ചു ഖണ്ഡകൃതികളുടെ സമാഹാരമാണു്. ചങ്ങമ്പുഴ ഭാഷാസാഹിത്യവുമായെന്നപോലെ പാശ്ചാത്യസാഹിത്യവുമായും ധാരാളം ഇടപഴകീട്ടുണ്ടെന്നും ആംഗലേയകവികളുടെ ആശയസമുദ്രത്തിൽ അദ്ദേഹത്തിനുള്ള അവഗാഹം സമ്പൂർണ്ണവും സഫലവുമാണെന്നും അദ്ദേഹത്തിൻെറ കൃതികൾ വായിച്ചിട്ടുള്ളവർക്കു് അറിയാവുന്നതാണു്. ആംഗലേയസാഹിത്യം, പാരസീകസാഹിത്യം, ഹിന്ദീസാഹിത്യം, വംഗീയസാഹിത്യം ഇവയെല്ലാം ആധുനികഭാഷാസാഹിത്യഗംഗയുടെ പോഷകനദികളായി പരിണമിച്ചിട്ടുള്ള ഒരു കാലമാണു് ഇതു്. സംസ്കൃതവും പഴന്തമിഴുമാണു് അതിൻെറ ഭാഗീരഥിയും അളകനന്ദയും. അവയെ അവയുടെ അത്യുച്ചസ്ഥാനങ്ങളിൽനിന്നു നിഷ്കാസനം ചെയ്യുവാൻ അന്യഭാഷാസാഹിത്യങ്ങൾക്കു സാധിയ്ക്കുന്നതല്ലെങ്കിലും അവയുമായുള്ള സംഗമംകൊണ്ടു് ആ ഗംഗ ബഹുദകമായും പ്രവൃദ്ധവേഗമായും പ്രവഹിക്കുന്നുണ്ടെന്നുള്ളതു് അനപലപനീയമായ ഒരു പരമാർത്ഥമാകുന്നു.

Digitized By Kerala Sahitya Akademi

ചങ്ങമ്പുഴയെ ഭാഷാകവിതയിൽ ഒരു നവപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവല്ലെങ്കിലും ഉൽഘോഷകനാണെന്നു തീച്ചയായി പറയാം. ഇന്നത്തെ പരിതഃസ്ഥിതിയിൽ സാമാന്യകുടുംബങ്ങളിൽ ജനിക്കുന്ന ബാലന്മാക്കും ബാലികമാക്കും അവർ അർഹിക്കുന്ന സ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള വൈഷമ്യം അവരുടെ ഇടയിൽ ജനിക്കുന്ന കവികളെ നൈരാശ്യത്തിനു് അടിമപ്പെടുത്തുകയും തന്മൂലം അവർ ഉദാസീനമാനസന്മാരായി കരുണാത്മകങ്ങളായ കാവ്യങ്ങൾ നിമ്മിക്കുന്നതിൽ ഉത്സുകന്മാരായിത്തീരുകയും ചെയ്യുന്നു. ഈ ഉത്സഗ്ഗത്തിനു 'സങ്കല്പകാന്തി' ഒരപവാദമാണെന്നു പറവാൻ പാടില്ലെങ്കിലും ഇതിൽ അടങ്ങീട്ടുള്ള കൃതികൾ എല്ലാം ഈ രീതിയിൽ മാത്രമല്ല നിബന്ധിച്ചിട്ടുള്ളതു് എന്നുള്ള വസ്തുത ഭിന്നരുചിയായ അനുവാചകലോകത്തിനു് ആനന്ദദായകമായിരിക്കും. 'കാളിദാസൻ', 'വൃന്ദാവനം', 'ഗുരുപൂജ' തുടങ്ങിയ കൃതികളിൽ മീട്ടിക്കാണുന്നതു വേറെ ചില തന്ത്രികളാകുന്നു. മദ്ദിതരോടുള്ള അനുകമ്പയോടൊപ്പംതന്നെ ദേശാഭിമാനം, വയസ്യസ്മരണ, ആചാര്യഭക്തി, പ്രകൃതിസൗന്ദര്യപൂജ മുതലായി പല മൃദുലവികാരങ്ങളേയും തട്ടിയുണത്തുവാൻ പര്യാപ്തങ്ങളായ ഇതരവിഷയങ്ങളിലും കവിയുടെ ദൃഷ്ടി വ്യാപരിച്ചിട്ടുള്ളതു പ്രശംസാവഹംതന്നെ.

ശ്രീമാൻ കൃഷ്ണപിള്ളയുടെ കൃതികളിൽ സവ്വോപരി തെളിഞ്ഞുകാണുന്ന രണ്ടു ഗുണങ്ങൾ ശബ്ദസൗന്ദര്യവും ഭാവനാസമ്പത്തുമാണു്. ശബ്ദസൗഷ്ഠവം തുള്ളിത്തുളുമ്പാത്ത ഈരടികൾ 'സങ്കല്പകാന്തി'യിൽ ഇല്ലെന്നു ശപഥംചെയ്യുവാൻ ഞാൻ സന്നദ്ധനല്ലെങ്കിലും, ഇല്ലെന്നുതന്നെ സാമാന്യമായി പറയത്തക്ക നിലയിൽ അവ അത്രമാത്രം വിരളങ്ങളാകുന്നു. രസഭാവങ്ങൾക്കനുഗുണമായി വിവക്ഷിതാത്ഥപ്രതിപാദകമായുള്ള ഒരു ശബ്ദപരമ്പര അദ്ദേഹത്തിനു സദാ സ്വാധീനമായുണ്ടു്. ഭാഷാവൃത്തങ്ങളിൽ യതിനിയമത്തെസ്സംബന്ധിച്ചു് ഇത്ര വളരെ ശ്രദ്ധ

Digitized By Kerala Sahitya Akademi

ചെലുത്തുന്ന കവികൾ അധികമില്ല. കല്പനാവൈഭവം അദ്ദേഹത്തിന്റെ കൃതികളെ പലപ്പോഴും ദീർഘീകരിക്കുന്നു. എങ്കിലും അതിനാൽ ആകൃഷ്ടരാകുന്ന അനുവാചകന്മാർക്ക തന്നിമിത്തം അശേഷം അസ്വാരസ്യം തോന്നുന്നില്ല. ചില ഉദാഹരണങ്ങൾ പ്രസ്തുതകൃതിയിൽനിന്നുദ്ധരിച്ച് എന്റെ ആശയം വിശദീകരിക്കാം.

''ഭാരതത്തിലെ നീണ്ട താടിക്കാർ, കാട്ടാളന്മാർ
പോരെങ്കിൽ പ്പരിഷ്കാരശൂന്യന്മാർ, കറമ്പന്മാർ,
നേരിന്റെ നാട്ടം തേടി, ധന്യത്തിൻ പാട്ടം പാടി,-
ച്ചാരുവാമൈക്യത്തിന്റെ പൂന്തൊട്ടിലിലൂഞ്ഞാലാടി!''

എന്നു നമ്മുടെ കവി പ്രാചീനഭാരതത്തിലെ മഹർഷിമാരുടെ അപദാനങ്ങളെ പ്രകീർത്തനംചെയ്യുന്നു. 'രണാങ്കണത്തിൽ' എന്ന മററൊരു കൃതിയിൽ നേതാക്കന്മാരുടേയും അനുയായികളുടേയും അവസ്ഥാന്തരങ്ങളെ വർണ്ണിക്കുന്ന ചില ഈരടികളാണ് താഴെ ചേർക്കുന്നതു്:

''ഇന്നവർതൻ ധീരകൃത്യങ്ങളോരോന്നു
വർണ്ണിച്ചു വർണ്ണിച്ചു പാടുന്നു ഗായകർ!
ആയവർതൻ ഗളത്തിങ്കലണിയുന്നു
മായാത്ത കീർത്തികൾ മന്ദാരമാലകൾ!

ചേലിലെഴുതും സുവർണ്ണലിപികളിൽ
നാളെ 'ച്ചരിത്ര'മവരുടെ പേരുകൾ.

ഞങ്ങളോ—ഹാ! മഹാത്യാഗമർപ്പിച്ച
ഞങ്ങളോ—കഷ്ടം, വെറും നിഴല്പാടുകൾ!

മർത്ത്യപ്പുഴുക്കൾ മറയണം ഞങ്ങളാ
വിസ്മൃതിതന്റെ തണുത്ത ഗർത്തങ്ങളിൽ!

ആരുണ്ടറിയാൻ ജഗത്തിലീ ഞങ്ങൾത-
ന്നാരാധനീയമാം പാവനാത്മാർപ്പണം!''

Digitized By Kerala Sahitya Akademi

‘തകർന്ന മുരളി’ എന്ന പേരിൽ തന്റെ ബഹിശ്ചരപ്രാണനായിരുന്ന ഇടപ്പള്ളി രാഘവൻപിള്ളയുടെ അകാലമരണത്തെ പരാമർശിച്ചു ചങ്ങമ്പുഴ എഴുതിട്ടുള്ള വിലാപകാവ്യത്തിലെ ഏതാനും വരികൾ ചുവടെ പകർത്തുന്നു.

“നിശ്ചയമക്കാഴ്ച കണ്ടുനിന്നാ
മൃത്യുവും പൊട്ടിക്കരഞ്ഞിരിക്കും.
ആ മഹാജീവിതം മാഞ്ഞനേരം
ഭൂമിയും സ്തംഭിച്ചുപോയിരിക്കും.
വിണ്ണിലെത്താരകളൊക്കെയും ക-
ണ്ണൊന്നിച്ചിറുക്കിയടച്ചിരിക്കും.
അക്കാഴ്ച കാൺകെച്ചരാചരങ്ങ-
ളൊക്കെയും ഞെട്ടിത്തെറിച്ചിരിക്കും.
കായായിത്തീരാൻ തുടങ്ങിയപ്പോൾ-
പ്പോയല്ലോ, പോയല്ലോ, പുഷ്പമേ, നീ!
‘നാളത്തെ’യാമൽ‘പ്രഭാത’വുമായ്
നാകത്തിൽ നീ പോയൊളിച്ചുവല്ലോ!”

കാലവൈപരീത്യത്തെപ്പറ്റി ‘ചിതറിയ ചിന്തകൾ’ എന്ന തലക്കെട്ടിൽ രചിച്ചിട്ടുള്ള കൃതിയിലെ ഒരു ഭാഗമാണ് അടിയിൽ എടുത്തുചേർക്കുന്നത്.

“ചൊല്ലുകെൻ കാലമേ, നീയെന്നെക്കാണിച്ച-
തെല്ലാമൊരു വെറും സ്വപ്നമാണോ?
തെല്ലിടയെന്തിനെൻചുറ്റും,മാ നേരിയ
മല്ലികാസൗരഭം വാരിവീശി?
വാനിലപ്പൊന്നുകിൽത്തേരിലിരുന്നു ഞാൻ
വീണ വായിക്കുകയായിരുന്നു;

Digitized By Kerala Sahitya Akademi

താരാട്ടും പാടി ഞാൻ താരാമണികളെ-
ത്താലോലിച്ചീടുകയായിരുന്നു;
പ്രേമസുരഭിലചിന്തകൾകൊണ്ടു ഞാൻ
പൂമാല കെട്ടുകയായിരുന്നു;
കോമളസ്വപ്നങ്ങൾ കണ്ടുകണ്ടങ്ങനെ
കോൾമയിർക്കൊള്ളുകയായിരുന്നു!—
എന്നെ നീയെന്തിനു നിർദ്ദയം വീണ്ടുമീ
മണ്ണിലേയ്ക്കേവമടിച്ചുവീഴ്ത്തി?
ഹന്ത! നീയിത്ര കഠിനമായ് ശിക്ഷിപ്പാ-
നെന്തപരാധം ഞാൻ ചെയ്തതാവോ!"

മതി; 'സങ്കല്പകാന്തി'യുടെ സ്വരൂപമെന്തെന്നു മേലുദ്ധരിച്ച വരികളിൽനിന്നു സ്പഷ്ടമാകും. ചമൽക്കാരജനകമായ ശബ്ദഘടനയാണു് കവിതയെങ്കിൽ, ലയാനുവിദ്ധമായ ആശയസൗന്ദര്യാവിഷ്കാരമാണു് കവിതയെങ്കിൽ, വികാരപരിപൂർണ്ണമായ വിചാരവും വാക്കുമാണു് കവിതയെങ്കിൽ, അതുതന്നെയാണു് ചങ്ങമ്പുഴയുടെ കവിത. ആ ലക്ഷണങ്ങൾ പ്രസ്തുതകാവ്യത്തിൽ പ്രകൃഷ്ടമായുണ്ടു്. ചങ്ങമ്പുഴയ്ക്കു് അനന്യസുലഭമായ പ്രതിഭയുണ്ടെന്നുള്ളതു് അനിഷേധ്യമാണു്. നിരന്തരമായ അഭ്യാസംനിമിത്തം അതു് അനുക്രമമായി വൎദ്ധിച്ചിട്ടുണ്ടെന്നുള്ളതും നിസ്തർക്കമാണു്. പ്രോത്സാഹകമായിരിക്കണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടി എഴുതുന്ന ഈ അവതാരികയിൽ മററു കാൎയ്യങ്ങളെപ്പററി പ്രസ്താവിക്കുന്നില്ല. അടുത്ത പതിപ്പിന്റെ ആവശ്യം നേരിടുമ്പോൾ അദ്ദേഹംതന്നെ കൂടുതൽ വ്യുല്പത്തി സമ്പാദിച്ചു വേണ്ട സ്ഥലങ്ങളിൽ മാററങ്ങൾ വരുത്തിക്കൊള്ളും. ആകെക്കൂടി നോക്കുമ്പോൾ അനുഗൃഹീതനായ ഈ യുവകവിവൎയ്യനിൽനിന്നു ഭാവിയിൽ അനവധി മനോഹരങ്ങളായ കാവ്യങ്ങൾ ഭാഷയ്ക്കു ലഭിക്കുമെന്നു നമുക്കു ന്യായമായി ആശിക്കാവുന്നതാണു്. പക്ഷേ

Digitized By Kerala Sahitya Akademi

കാരണങ്ങൾകൊണ്ടും എനിക്കു് ഏററവും ഉത്തേജനാർഹനായി തോന്നീട്ടുള്ള ഈ വശ്യവചസ്സായ സരസ്വതീദാസനു സർവ്വമംഗളങ്ങളും സഞ്ജാതങ്ങളാകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഈ അവതാരികയെ ഉപസംഹരിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
27–5–1117

മഹാകവി, സാഹിത്യഭൂഷണ, രാവുസാഹിബ്
ഉള്ളൂർ എസ്. പരമേശ്വരയ്യർ,
എം. എ. ബി. എൽ., എം. ആർ. എ. എസ്.

Digitized By Kerala Sahitya Akademi

# വിഷയവിവരം


| | | ഭാഗം |
|---|---|---|
| ൧. | കാളിദാസൻ (൧൧൧൨ തുലാം) | 1 |
| ൨. | വനദേവത (൧൧൧൩ മേടം) | 5 |
| ൩. | ആ കാലങ്ങൾ (൧൧൧൧ വൃശ്ചികം) | 12 |
| ൪. | വ്യാമൂഢൻ (൧൧൧൩ ചിങ്ങം) | 7 |
| ൫. | വൃന്ദാവനം (൧൧൧൨ മകരം) | 20 |
| ൬. | ഉദ്യാനത്തിലെ ഊഞ്ഞാലാട്ടം (൧൧൧൩ കർക്കിടകം) | 23 |
| ൭. | പൂനിലാവ് (൧൧൧൨ മീനം) | 25 |
| ൮. | വൃന്ദാവനത്തിലെ രാധ (൧൧൧൧ മേടം) | 29 |
| ൯. | രണാങ്കണത്തിൽ (൧൧൧൩ മേടം) | 32 |
| ൧൦. | ആദിത്യാരാധന (൧൧൧൩ കന്നി) | 37 |
| ൧൧. | രാഗഭിക്ഷുണി (൧൧൧൦ കുംഭം) | 40 |
| ൧൨. | സൗന്ദര്യപൂജ | 45 |
| ൧൩. | രൂപാന്തരം (൧൧൧൦ കർക്കിടകം) | 48 |
| ൧൪. | ശ്മശാനത്തിൽ (൧൧൧൦ കുംഭം) | 50 |
| ൧൫. | തകർന്ന മുരളി (൧൧൧൧ കർക്കിടകം) | 53 |
| ൧൬. | മിഥ്യ (൧൧൧൫ മിഥുനം) | 60 |
| ൧൭. | ആ ഗാനം (൧൧൧൨ ധനു) | 62 |
| ൧൮. | നിഴൽ (൧൧൦൯ മേടം) | 64 |
| ൧൯. | വെറും സ്വപ്നം (൧൧൦൮ വൃശ്ചികം) | 65 |
| ൨൦. | എന്റെ ഗുരുനാഥൻ (൧൧൧൨ മേടം) | 67 |
| ൨൧. | മഹാരാജകീയകലാശാലയിൽ | 68 |
| ൨൨. | തിരുമുൽക്കാഴ്ച (൧൧൧൧ കർക്കിടകം) | 69 |
| ൨൩. | വിശുദ്ധരശ്മി (൧൧൧൨ കുംഭം) | 71 |
| ൨൪. | ചിതറിയ ചിന്തകൾ (൧൧൧൩ കുംഭം) | 76 |
| ൨൫. | ലതാഗീതം | 84 |
| ൨൬. | ഗുരുപൂജ (൧൧൧൩ മകരം) | 87 |


Digitized By Kerala Sahitya Akademi

“ക്ഷണികപ്രശംസതൻ രത്നകോടീരക-
മണിയേണ്ടെനിക്കൊരു നാളും;
അപഗതാർത്ഥോദ്ധതജല്പകനേകമന-
ന്നപഹസിച്ചോട്ടെന്നെ ലോകം—
കവനസ്വരൂപിണി!, സംതൃപ്തനാണു നിൻ–!
കമിതാവായ് നില്ക്കിൽ ഞാനെന്നും!”

Digitized By Kerala Sahitya Akademi

# കാളിദാസൻ

ഒന്നു്

വിസ്മയമാകവേ, വിശ്വമഹാകവേ,
വിഖ്യാതികൊണ്ടു ജയക്കൊടി നാട്ടി നീ:
ആഗമിക്കുന്നു, ഹാ, നിൻകാല്ക്കലിപ്പൊഴും
ലോകപ്രതിഭതൻ കൂപ്പുകൈമൊട്ടുകൾ!
നിന്നുദയത്തിനുശേഷം ശതാബ്ദങ്ങ-
ളൊന്നല്ല,നേകം കഴിഞ്ഞുപോയെങ്കിലും,
നിത്യസ്മൃതിയുടെ ചക്രവാളാന്തത്തിൽ
നില്ക്കുന്നു വാടാത്ത നക്ഷത്രമായി നീ!
നിന്നെയോർത്തോർത്തുള്ളഭിമാനപൂർത്തിയി-
ലിന്നും തുടിക്കുന്നു ഭാരതത്തിൻ മനം!

രണ്ടു്

വിണ്ണിങ്ക,ലപ്സരസ്ത്രീകൾ പൂവിട്ടൊര-
സ്സ്വർണ്ണസിംഹാസനത്തിങ്കൽ, സകൗതുകം
മേവി,സ്സമാരാദ്ധ്യമാകുമൊരേകാന്ത-
ദേവസദസ്സിന്നലങ്കരിക്കുന്നു നീ!
വാരിവിതറുന്നു നിൻമൗലിയിൽ, സ്വർഗ്ഗ-
വാരാംഗനകൾ നല്ക്കല്പകപ്പൂവുകൾ!
നില്ക്കുന്നു നിന്നരികത്തു, നീ ലാളിച്ച
നിത്യതാരുണ്യം കൊടുത്ത ശകുന്തള!

Digitized By Kerala Sahitya Akademi

ചാമീകരത്തിൻ പിടിയിട്ട നല്ല വെൺ -
ചാമരത്താൽ നിന്നെ വീശുന്നിതുർവ്വശി!

### മൂന്ന്

പച്ചിലച്ചാർത്തിന്നടിയിൽനിന്നോമന-
പ്പിച്ചകത്തിൻ കൊച്ചുപ്പൂമൊട്ടുമാതിരി,
ഹാ, വിടരുന്നു നിൻകാവ്യങ്ങളിൽ നവ-
ഭാവനതന്റെ സുരഭിലവീചികൾ!
കോരിക്കുടിച്ചിടും ഞാനു,മവയിൽനി-
ന്നൂറിവരുന്ന പുതിയ സുധാരസം!
എന്നും നശിക്കാത്തൊരേതോ പുതുമതൻ
പൊന്നിൻചിറകടിച്ചാർത്ത കൗതൂഹലം
വിശ്വം മുഴുവൻ വിഹരിപ്പൂ, വാടാത്ത
വിദ്യുല്ലതേ, നിൻകവിതയാം പൈങ്കിളി!

### നാല്

കല്പാന്തകാലത്തു, ലോകം വിഴുങ്ങുമ-
ക്കർക്കശസിന്ധുവിൻ കല്ലോലപാളിയും
പാടേ പഠിക്കും, പരിതൃപ്തരായ് സ്വയം
പാടി രസിക്കും മധുരശാകുന്തളം!
ഓരോ നവവർഷമേഘം വരുമ്പൊഴും
കോരിത്തരിക്കും ജഗത്തിന്റെ മാനസം!
ആ മഞ്ജുമേചകമേഘത്തിലേറി, നാം
വ്യോമത്തിലൂടെ പറന്നു പറന്നുപോയ്,
എത്തുമറിയാതൊ,രജ്ഞാതഗന്ധർവ്വ-
പത്തനത്തിന്റെ ഹൃദയത്തിലങ്ങനെ!



Digitized By Kerala Sahitya Akademi

## അഞ്ച്

വിശ്വസംസ്കാരത്തിൽ നീയൊരു മങ്ങാത്ത
വിദ്രുമദീപം കൊളുത്തീ മഹാമതേ!
ഇന്നതിൻ വെള്ളിവെളിച്ചത്തിലേയ്ക്കിതാ,
കണ്ണു തുറക്കുന്നു മാനവപ്രജ്ഞകൾ!
നീയന്നു കണ്ടോരുദയവും, സന്ധ്യയും,
നീലമലകളും, കാടും, പുഴകളും,
എല്ലാം—സ്വയമിപ്രകൃതിയിലുള്ളവ-
യെല്ലാം—ലയിച്ചു നിൻമാനസസീമയിൽ!
എന്നിട്ടൊഴുകാൻതുടങ്ങിയവിടത്തിൽ-
നിന്നുമവയൊരു വേണുസംഗീതമായ്!

## ആറ്

ജീവനെക്കാട്ടിലും സ്നേഹിച്ചു നീയൊരു
പൂവിടാറാവാത്ത മുല്ലയെക്കൂടിയും;
നിന്നു നിൻമുന്നിൽ വികാരതരളിത-
സ്പന്ദനമുൾക്കൊണ്ടു കാട്ടുമരങ്ങളും!
അർഭകയെപ്പോലെ,ടുത്തു ലാളിച്ചു നീ
ഗർഭിണിയാമൊരു കൊച്ചുമാൻപേടയെ!
മാലറു നീ ചേർന്നലിഞ്ഞിതാ നിർമ്മല-
മാലിനീകല്ലോലമാലയോരോന്നിലും!
ഓരോ ദിനവും നവീനസുഷമയിൽ-
ത്താരും തളിരുമണിഞ്ഞു നിൻജീവിതം!



Digitized By Kerala Sahitya Akademi

### ഏഴ്

ലോകവും നാകവും കൂട്ടിയിണക്കി നീ
ശാകുന്തളത്തിൻ കനകശലാകയാൽ!
മോഘമല്ലാത്ത സനാതനപ്രേമമാ
മേഘത്തിനെക്കൊണ്ടെടുത്തു പാടിച്ചു നീ!
നീയാ രഘുവിനെക്കൊണ്ടു പറപ്പിച്ചു
നീതിധർമ്മങ്ങൾതൻ പൊല്ക്കൊടിക്കൂറകൾ!
ശാസ്ത്രക്കറുപ്പിൻ ലഹരിയിലാ,ത്മീയ-
മൂർച്ഛയിൽ,പ്പിച്ചുപുലമ്പട്ടെ പശ്ചിമം;
വാരുറ്റ വാടാത്ത വെള്ളിനക്ഷത്രമേ,
ഭാരതത്തിന്നുള്ളഭിമാനമാണു നീ!

### എട്ട്

ഗീത ലയിച്ചൊരീ മണ്ണിൽ മുളയ്ക്കുന്ന-
തേതും പവിത്രഫലാഢ്യമാണെന്നുമേ!
വൃന്ദാവനം വാച്ചൊരീ മഹിതൻ മന-
സ്സ്പന്ദനംപോലും കലാചോദനപ്രദം!
സീതയെപ്പെറ്റൊരീ നാടേ,തു ശുദ്ധിതൻ
സീമയും വന്നു നമിക്കും തപോവനം!
ആ നാടിനാ, നാടിനാ,ദർശശുദ്ധമാ-
മാ നാടിന,ന്വഹാരാധനാമൂർത്തിയായ്,
വിസ്മയമാകവേ, വിശ്വമഹാകവേ,
വിഖ്യാതികൊണ്ടു ജയക്കൊടി നാട്ടി നീ!



Digitized By Kerala Sahitya Akademi

# വനദേവത

[കോട്ടയം സാഹിത്യപരിഷത്തിൽ വായിച്ചത്]

താമര പൂത്തൊരപ്പൊയ്കയിൽ നീയന്നൊ-
രോമനസ്വപ്നമായെത്തി:
ആശാമധുരമാം ഭാവനയിങ്കലൊ-
രാശയാവേശനംപോലെ!
മൊട്ടിട്ടുപോയി നിന്നാഗമവേളയിൽ
തൊട്ടടുത്തുള്ള മരങ്ങൾ;
കോകിലകണ്ഠത്തിലാകർഷകാർദ്രമാം
കാകളി വന്നു തുളുമ്പി;
പല്ലവിതങ്ങളാം ചില്ലകൾ ചൂടിയ
വല്ലീനടികൾ നിന്നാടി;
ചിത്രപതംഗകപാളികൾക്കക്ഷണം
ചുറ്റിപ്പറക്കുവാൻ തോന്നി;
മഞ്ഞിലിളവെയിൽ വീണൊരു നൂതന-
മഞ്ജിമ മന്നിനെപ്പുല്കി;
സ്വപ്നമെന്നോണ,മീ ലോകം പൊടുന്നനെ-
സ്സ്വർഗ്ഗീയരംഗമായ് മാറി!

നീലിമ പൂശിയ കാനനരാശിയിൽ
നീളെപ്പുളകങ്ങൾ വീശി,



3 *

Digitized By Kerala Sahitya Akademi

കാടക്കുഴലും വിളിച്ചുകൊണ്ടേക നായ്,-
ക്കോടക്കാർവർണ്ണനെപ്പോലേ,
അച്ചിന്നകൗതുകമദ്രിക്കിലപ്പൊഴ-
ക്കൊച്ചാട്ടിടയനുമെത്തി.
സുന്ദരമാ വനം പ്രേമപ്രഫുല്ലമാം
വൃന്ദാവനംതന്നെയായി!

കോമളഗാനങ്ങൾ കോരിച്ചൊരിയുവിൻ,
കോകിലജാലമേ, നിങ്ങൾ!
ആനന്ദനൃത്തമാടുവിൻ മേല്ക്കുമേൽ,
നനാലതകളേ, നിങ്ങൾ!
ഉല്ലസൽസൗരഭം വാരി വീശീടുവിൻ,
ഫുല്ലപുഷ്പങ്ങളേ, നിങ്ങൾ!
അപ്രതിമോജ്ജ്വല,മിപ്രണയോത്സവ-
സ്വപ്നസമാഗമകാലം;
നിവൃതികൊണ്ടു നിറം പിടിപ്പിക്കുവാൻ
നിങ്ങളെല്ലാവരും വേണം!

തൈത്തെന്നലൊന്നെങ്ങാൻ തൊട്ടാൽക്കണരഞ്ഞു
മൊട്ടിട്ട മുല്ലയെപ്പോലെ,
നാണംകുണുങ്ങിക്കുണുങ്ങിയവളൊരു
കാനനച്ചാത്തിൽപ്പതുങ്ങി!
കണ്ടിട്ടുമായതു കാണാത്ത ഭാവത്തി-
ലിണ്ടൽ നടിച്ചവൻ നിന്നു.
"ഹാ, വനദേവതേ,യെങ്ങു നീ?"—എന്നവ-
നാവലാതിപ്പെട്ടുഴന്നു:—



Digitized By Kerala Sahitya Akademi

"കാനനപ്പുഷ്പകൾ പൂക്കുന്ന കാലത്തു
കാണാമെന്നോതിയതല്ലേ?
കാട്ടിൽക്കരികുയിൽ കൂകുന്ന കാലത്തു
കാണാമെന്നോതിയതല്ലേ?
കാടുകളൊക്കെയും പൂത്തു, കരികുയിൽ
കൂകിത്തളർന്നുകഴിഞ്ഞു;
കാനനദേവതേ, നിന്നെയിങ്ങെന്നിട്ടും
കാണാതിരിക്കുന്നതെന്തേ?"

ഏവം കഥിച്ചൊരു നീലശിലാതല-
ഭൂവിലവൻ ചെന്നിരുന്നു.
രണ്ടിളംതണ്ടാർവലയമവനുടെ
കണ്ഠത്തിൽച്ചുറ്റിപ്പിണഞ്ഞു.
പിന്നെത്തെ മാത്രയിൽ, രണ്ടിളംപൂക്കളെ-
ക്കണ്ണിണ പൊത്തിക്കഴിഞ്ഞു—
"ആരു ഞാ,നാരു ഞാൻ?"—എന്നൊരു വീണതൻ
ചാരുസ്വരമുയർന്നു!

അസ്സ്വരത്തേൻമഴച്ചാറലി,ലക്കര-
സ്പർശസുഗന്ധസരിത്തിൽ,
മന്ദമലിഞ്ഞലിഞ്ഞായവനിങ്ങനെ
മന്ദസ്മിതം തൂകിയോതി:—

"കണ്ടാലൊളിക്കുന്ന കള്ളിയായിട്ടിക്കി-
ലുണ്ടൊരു കാനനദേവി.
ഞാനറിയാതെ,യാ നാണംകുണുങ്ങിയെൻ-
പ്രാണനും പ്രാണനായ്പ്പോയി.



Digitized By Kerala Sahitya Akademi

ഉണ്ടവൾക്കത്യന്തപാടവം, പിന്നാലെ
മിണ്ടാതൊളിഞ്ഞുവന്നെത്താൻ;
എന്നിട്ടു, താമരപ്പൂവിതൾക്കൈകളാൽ-
ക്കണ്ണിണ പൊത്തിപ്പിടിക്കാൻ!
മായികയാണവളെങ്കിലു,മെൻമനോ-
നായികയാണക്കുമാരി!"

മന്ദമത്തണ്ടാർവലയങ്ങൾ നീങ്ങി,യാ
മിന്നല്പ്പിണരോടി മുന്നിലെത്തി.
കൊഞ്ചിക്കുഴഞ്ഞൊരു കോകിലത്തെപ്പോലെ-
പ്പുഞ്ചിരി ചെയ്തവളോതി:—
"താമസിച്ചിങ്ങു നാം നിന്നാൽ, വെയിൽ വരും
താമരപ്പൊയ്കയിലെല്ലാം!"
ഓരോരോ ചാടുവാക്കോമനിച്ചോമനി-
ച്ചോതിത്തുടങ്ങിയ വന്നും:—
"താമരപ്പൊയ്കയിൽ വെയ്ലു വന്നാലപ്പോൾ
മാമരച്ചോട്ടിലിരിക്കാം!"
"താമരപ്പൊയ്കയിൽപ്പോയാലൊരായിരം
താമരപ്പൂക്കൾ പറിക്കാം!"
"മാമരച്ചോട്ടിലിരുന്നാലൊരായിരം
മാദകചിത്രങ്ങൾ കാണാം!"
"പോരിക, പോരികെ,ന്നോതുന്നു നമ്മോടു
ദൂരേ നിന്നോരോരോ പികങ്ങൾ."



Digitized By Kerala Sahitya Akademi

"പോകരുതെ,ന്നു വിലക്കുന്നു നമ്മളെ-
ക്കേകികളീ മരക്കൊമ്പിൽ!
വാരുററ പീലി വിടർത്തി നിന്നാടുമ്പോ-
ളാരവയെ വിട്ടുപോകും?"

"ചില്ലകളാലതാ, മാടിവിളിക്കുന്നു
വല്ലികൾ ദൂരത്തു നമ്മെ!"

"ചില്ലകളാലിതാ, നിന്നു വിലക്കുന്നു
വല്ലികൾ ചാരത്തു നമ്മെ!"

"അക്കുളിർപ്പൂഞ്ചോലയ്ക്കക്കരെച്ചെന്നാലൊ-
രപ്സരഃകന്യയെക്കാണാം!"

"അക്കരെച്ചെല്ലാതെതന്നെ,യെനിക്കുണ്ടൊ-
രപ്സരഃകന്യയെൻചാരേ!"

"കല്ലിലീ വെയ്‌ലത്തു ഞാനേറെ നില്ക്കുകിൽ
വല്ലാതെ വാടിത്തളരും!"

"വാടിത്തളരുകിൽ, പൂപോലെ നിന്നെ ഞാൻ
വാരിയെടുക്കുമെൻകൈയിൽ!

അപ്പൂന്ത വള്ളിക്കുടിലിനകത്തൊരു
പുഷ്പതല്പം ഞാനൊരുക്കും.
എൻമടിത്തട്ടിൽത്തലവെച്ചു സസ്പൃഹം
നിന്നെയതിൽ ഞാൻ കിടത്തും.
താമരപ്പച്ചിലത്താലവൃന്തത്തിനാൽ
സാമോദം നിന്നെ ഞാൻ വീശും.



Digitized By Kerala Sahitya Akademi

മൽക്കരാശ്ലേഷസുഖത്തിലലിഞ്ഞലി-
ഞ്ഞുജ്ജ്വലേ, നീയുമുറങ്ങും.
ആലോലവായുവിലാഞ്ഞാഞ്ഞിളകും നിൻ-
നീലാളകങ്ങളും മാടി,
ആനന്ദതുന്ദിലനായി ഞാനങ്ങനെ-
യാ നികുഞ്ജത്തിലിരിക്കും!"

"പൂത്തും തളിർത്തും ലസിക്കുന്ന മാമര-
ച്ചാർത്തുകളെങ്ങുമിക്കാട്ടിൽ!
ഏതേതു കോണിലേക്കെത്തിനോക്കീടിലും
ചേതോഹരമാണവിടം.
എങ്ങനെ,യെങ്ങോട്ടു, പോകും നാമിങ്ങുനി-
ന്നെ,ങ്ങനെ പോകാതിരിക്കും?
ഹാ, മനോമോഹനമാപാദചൂഡമി-
ശ്ശ്യാമളകാനനരംഗം!"

"ഹാ വനദേവതേ, നിൻപാദം പുല്കുമി-
പ്പാവനകാനനഭാഗം
എങ്ങനെ,യെങ്ങനെ, മംഗളമഞ്ജിമ
തിങ്ങിത്തുളുമ്പാതിരിക്കും?"

"ഈ വേണുഗോപാലപാദമുദ്രാങ്കിത-
ശ്രീ വായ്ക്കുമീ വനരംഗം
എന്മട്ടി,ലെന്മട്ടി,ലെന്നെന്നുമത്യന്ത-
രമ്യമായ്ത്തീരാതിരിക്കും?"



Digitized By Kerala Sahitya Akademi

"കാനനമൊക്കെയും പൂത്തു, കരിങ്കുയിൽ
കാകളി മേന്മേലുതിർത്തു;
നീ, വനദേവതേ, വന്നണുമൂലമെൻ-
ജീവനമിപ്പോൾക്കളിത്തു;
തങ്കക്കിനാക്കൾ തഴുകിത്തഴുകിയെൻ-
സങ്കല്പമൊക്കെത്തളിർത്തു.
ഈ വസന്തോത്സവം കൊണ്ടാടുവാനിനി-
പ്പോവുകതന്നെ നാം ദേവി!"



Digitized By Kerala Sahitya Akademi

## ആ കാലങ്ങൾ

എങ്കിലും, തോഴി, തിരിച്ചിനിക്കിട്ടുമോ
സങ്കല്പമാത്രമാമാ മധുരാമൃതം?
ആ വസന്തോത്സവം വന്നു നൃത്തംചെയ്തു
ജീവിതത്തിന്റെ തളിർവിരിപ്പാതയിൽ,
ഒന്നതിൻ സ്മാരകം ചൊന്നിടാൻപോലുമി-
ല്ലിന്നതിൻ കാലടിപ്പാടുകളൊന്നുമേ.
മൂന്നിലക്കാണും തിമിരപ്പടപ്പിള-
പ്പൊന്നുകതിരിനി വീണ്ടും പൊടിക്കുമോ?
അയ്യോ, നിരാശേ, നിരാശേ, മതി മതി
വയ്യെനിക്കൂ,വം ഞെരിക്കുന്നതെന്നെ നീ!
ഒന്നു പോയ്ക്കൊള്ളട്ടെ മുന്നോട്ടുതന്നെയി-
ക്കണ്ണീർപ്പുഴയിൽ കുളിച്ചു കുളിച്ചു ഞാൻ.
ഭാവി ദൂരത്തു,താ, നോക്കിനില്ക്കുന്നിതെൻ-
ഭാവനാചിത്രങ്ങളൊക്കെയും മായ്ക്കുവാൻ.
അത്തലിൻ ചുട്ട വെയ്ലേറ്റു, പഴത്തൊരി
വത്തമാനത്തിൻ പരുത്ത പാറപ്പുറം
പൊള്ളിക്കയാണിതാ, ചിന്താശതങ്ങൾതൻ
മുള്ളേറ്റു ചോരയൊലിക്കും മനസ്സിനെ!
ഇല്ലിനിത്തോഴി, വരില്ലിനി വീണ്ടു,മ-
സ്സോല്ലാസഘോഷം തുളുമ്പിയ നാളുകൾ!

*　　　*　　　*



Digitized By Kerala Sahitya Akademi

പച്ചവിട്ടത്തി വിരിച്ച തടങ്ങളെ-
ക്കൊച്ചലച്ചാർത്താൽപ്പുണർന്നുകൊണ്ടങ്ങനെ,
ചിന്നിപ്പതഞ്ഞു പുളഞ്ഞൊഴുകുന്നൊര-
ക്കഞ്ഞരുവിയ്ക്കും മറുകരയ്ക്കപ്പുറം,
ശ്യാമളകാനനച്ഛായ മൂടീടുമ-
ഗ്രാമമതിപ്പൊഴും മുന്നിലെത്തുന്നു മേ!

വെള്ളാമ്പൽ പൂത്തു പരന്ന പാടങ്ങളു-
മുല്ലസൽക്കാടും തളിർത്ത മരങ്ങളും;
മഞ്ഞത്തുഷസ്സിൽക്കനക നീരാഴിയിൽ
മുങ്ങിക്കുളിച്ചു ലസിയ്ക്കും മലകളും;
പന്ത്രണ്ടുമാസവും പൂവിട്ടുനില്ക്കുമ-
ച്ചമ്പകത്തയ്യും, പരിസരോദ്യാനവും;
കണ്ണൊഴിയാതെ, സമസ്തവും കാൺമതു-
ണ്ടിന്നാ സ്മരണതൻ വെൺചില്ലിലൂടെ ഞാൻ.
എങ്കിലു,മിന്നതിൻ മായികദർശന-
മെൻകരൾക്കാമ്പിൽ കൊളുത്തുന്നു സങ്കടം.

കെട്ടുപോകാം മർത്ത്യനൊ,ട്ടനാൾചെല്ലുകിൽ-
ക്കിട്ടാത്തതിനെക്കുറിച്ചുള്ള സങ്കടം;
കിട്ടിയതെ,ന്നാലൊ,രു ഫലമില്ലാതെ
നഷ്ടപ്പെടുന്നതാണെന്തിലും ദുസ്സഹം!
മാനസം നൊന്തിന്നു മാഴ്കുകയല്ലാതെ,
ഹാ, നഷ്ടഭാഗ്യ ഞാൻ മറ്റെന്തു ചെയ്യുവാൻ?
ഇല്ലിനിത്തോഴി, വരില്ലിനി വീണ്ടു,മ-
സ്സല്ലാപഹർഷം തുളുമ്പിയ നാളുകൾ!

*   *   *



Digitized By Kerala Sahitya Akademi

വിദ്യാലയം വിട്ടു, ഞാനുമെൻതോഴനും
സദ്രസമൊന്നിച്ചു പോരുമപ്പോരലും;
ഉൾപ്പുളകാംഗരായോരോ വിനോദങ്ങ-
ളുച്ചരിച്ചാർത്തു ചിരിക്കും ചിരിയ്ക്കലും;
ഇന്നലെ,ക്കഷ്ടം, കഴിഞ്ഞപോൽത്തോന്നുന്നി-
തെന്നുള്ളിൽ, വർഷങ്ങളേറെയായെങ്കിലും!
ഇന്നത്തെമട്ടു,'ത്ര നീങ്ങാതെ നീണ്ടത-
ല്ലന്നണഞ്ഞോരാ ദിവസങ്ങളൊന്നുമേ!

കാണിനേരംപോലുമാരെയും കാക്കാതെ
കാലപ്രവാഹമിരമ്പിക്കുതിയ്ക്കിലും,
ആയതിലുൾച്ചേർന്നകന്നു മറഞ്ഞതി-
ല്ലാനന്ദസാന്ദ്രമാം ഞങ്ങൾതൻ സൗഹൃദം.
ബുദ്ധിയും മെയ്യും മനസ്സും സ്വഭാവവു-
മൊപ്പം വളർന്നു വളർന്നുവന്നങ്ങനെ;
കണ്ടതെല്ലാം മാറി;— കാണാത്തതോരോന്നു
കണ്ടിടാറായി കരളിനും കണ്ണിനും.
താരുണ്യമായി മനോഹരശൈശവം;
ചാരുപ്രണയമായ് മംഗലസൗഹൃദം!

ഉദ്ധതയൗവനത്തിനുണ്ടൊരുവക-
മദ്യ,മതിന്റെ വികാരലഹരിയിൽ
ചിത്തം ചിറകു വിടുർത്തുന്നിതേ,തൊരു
ചക്രവാളത്തിനുമപ്പുറത്തെത്തുവാൻ!

അന്നു സൗഭാഗ്യപരിമളം കൊച്ചല
ചിന്നിയടുത്തടുത്തെത്തിത്തലോടവേ,



Digitized By Kerala Sahitya Akademi

ഞാനഭിമാനിച്ചു, ജീവിതമാനന്ദ-
ഗാനസങ്കേതമാണെന്നു വിഭ്രാന്തിയാൽ!
ഇല്ലിനിത്തോഴി, വരില്ലിനി വീണ്ടു,മ-
സ്സ്വപ്നലോകഘോഷം തുളുമ്പിയ നാളുകൾ!

*　　　*　　　*

സ്നേഹത്തിനർത്ഥം വ്യസനമെന്നാണെന്നു
സ്നേഹിച്ച ലോകത്തിൽനിന്നു പഠിച്ചു ഞാൻ.
'നീതി'യെന്നിങ്ങുണ്ടൊരത്താണി, നിന്ദ്യമാ-
മേതധർമ്മത്തിനും ഭാരമിറക്കുവാൻ.
പുഞ്ചിരികൊണ്ടു പുറംചട്ടയിട്ടു,ഉ
വഞ്ചനകൾക്കും നടന്നിടാം നിർഭയം
സത്യവും ധർമ്മവും ത്യാഗവും രാഗവു-
മർത്ഥശൂന്യങ്ങളാമക്ഷരക്കെട്ടുകൾ;
നിസ്സ്വാർത്ഥതയോ, സ്വയംകൃതാനർത്ഥമാ-
ണ്;- സ്സാത്വികത്വം വിവരമില്ലായ്മയും!
ഞാനവയെന്നിൽപ്പുലർത്തുവാൻ നോക്കിയ-
താണെനിക്കിന്നീ വിപത്തിന്നു കാരണം!
അന്ധകാരത്തി,ലധർമ്മകർമ്മോദ്വേഗ-
ചിന്തകൾക്കായ് വാതിലും തുറന്നിട്ടു,ഹാ
ശുദ്ധാന്തമുഗ്ദ്ധയായ് നില്പൂ, മലീമസ-
വൃത്തയാകും സമുദായവേശ്യാംഗന!
ഹാ, ദൂഷിപ്പിപ്പൂ സമസ്തമെന്നിട്ടു,ൾ-
ളാദർശവാദം മുഴക്കുന്നു നിസ്സ്വനം.
പോകട്ടെ, തോഴി, പറഞ്ഞതാലതിരില്ലു;
ശോകത്തിലാഴ്വാ, ദഹിക്കുന്നിതെൻമനം!



Digitized By Kerala Sahitya Akademi

അത്തലാണെന്ത്ര നാമശ്രു വൎഷിയ്ക്കിലെ–
ന്തു,പ്പോയ കാലം തിരിച്ചിനിക്കിട്ടുമോ?
തത്ത്വമിതെല്ലാമറിഞ്ഞിടാമെങ്കിലും
ദുഃഖം വരുമ്പോൾ കരഞ്ഞുപോകുന്നു ഞാൻ!
ഈ മഹാജീവിതം സ്നേഹിയ്ക്കുകാരണ–
മാ മരണത്തോടെനിയ്ക്കില്ല നീരസം!

*　　　*　　　*

വിണ്ണിന്റെ നീലനികുഞ്ജത്തിൽ ഞാൻ ചെന്നു
മന്ദഹസിയ്ക്കാം—കരഞ്ഞിടായ്ക്കാ,മനേ!
മന്നിലെനിയ്ക്കു സമാധാനപീയൂഷ–
ബിന്ദുക്കളോരോന്നു കോരിത്തളിയ്ക്കുവാൻ
പ്രേമസുരഭിലസുന്ദരശയ്യയിൽ
മാമകജീവിതം ചുംബിച്ചുറക്കുവാൻ—
ഇല്ലിനിത്തോഴി, വരില്ലിനി വീണ്ടു,മ–
സ്സ്വൎല്ലോകഹൎഷം തുളുമ്പിയ നാളുകൾ



Digitized By Kerala Sahitya Akademi

# വ്യാമൂഢൻ

### ഒന്നു്

അവളൊരു രശ്മിപോലെ,ൻകുടിലിലിങ്കല-
നവിരളശ്രീ പൊഴിച്ചെത്തി.
ഇരുളിലടിഞ്ഞൊരെൻ ചിന്തകളൊക്കെ,യ-
ന്നൊരു നവകാന്തിയിൽ മുങ്ങി.
ഞൊടിയിട,യേതോ പുളകാങ്കുരപ്പുത-
പ്പടിമുടിയിട്ടു ഞാൻ മൂടി!

### രണ്ടു്

അഭിരാമയാണവളെങ്കിലും കഷ്ടമൊ-
രഭിസാരികയായിരുന്നു.
സ്ഫുരിതോന്മദാശ്രുവൊന്നൊപ്പുവാൻകൂടിയും
തരമായതില്ല,തിൻമുമ്പേ,
കനകവിദ്യുല്ലതപോലെ,യക്കാമദ-
കവനവിലാസിനി പോയി!

### മൂന്നു്

തരമായി,കേൾക്കാനൊ,രൊററ നിമേഷ,മ -
ത്തരിവളച്ചാർത്തിൻ കിലുക്കം;
നുകരുവാനാ, നെടുവീർപ്പുകൾ വീശിയ
മൃഗമദസൗരഭലേശം;
മദഭരിതാകുലമേല്ക്കുവാനോ,മലിൻ
മൃദുലവസ്ത്രാഞ്ചലസ്പർശം!



Digitized By Kerala Sahitya Akademi

നാല്

സകലവുമത്യന്തമോഹനമാമൊരു
സലിലരേഖോപമസ്വപ്നം!—
പരമനിശ്ശൂന്യത കാൽക്ഷണം കാട്ടിയ
വെറുമൊരു വിഭ്രമചിത്രം!—
പരിചിലതെന്നുമെൻ സ്വന്തമാക്കിടുവാൻ
കരുതിയ ഞാനെന്തു മൂഢൻ!

അഞ്ച്

ഒരു നിശകൊണ്ടവളായിരം കാമുക-
ർക്കരുളുമീ മായികോന്മാദം.
സകലരോടും സ്വയ,മെന്നിട്ടു,മവളൊരു
സതിയെന്ന ഭാവം നടിക്കും.
അപഥസഞ്ചാരിണി,യല്ലവൾക്കെങ്കിലു-
മപരാധബോധമൊരല്പം!

ആറ്

അറിയാമിതെല്ലാമെനിക്കെന്നിരിക്കിലു-
മരുതിന്നവളെ മറക്കാൻ!
അതിനു യത്നിച്ചിടുംതോറു,മെൻപ്രാണനോ-
ടവളൊട്ടിയൊട്ടിപ്പിടിപ്പൂ!
പ്രിയതമായുള്ളവയല്ലോക്കെയും മീതെയാ
നയനാമൃതോത്സവം നില്പൂ!

ഏഴ്

നിരവധികാകുലചിന്തയാൽ മേല്ക്കുമേ-
ലെരിപൊരിക്കൊള്ളുമെൻ ചിത്തം,



Digitized By Kerala Sahitya Akademi

ശിശിരിതമാക്കുവാൻ ശക്തമാണാ വെറും
ശിഥിലസ്മിതാങ്കുരംപോലും!
തളിരിട്ടുനില്ക്കുന്നു ജീവിതം നിത്യമ-
ത്തണലിൻ സമാഗമം മൂലം!

എട്ട്

ക്ഷണികപ്രശംസതൻ രത്നഃകോടീരക-
മണിയേണ്ടെനിക്കൊരുനാളും!
അപഗതാത്മോദ്ധതജല്പകനേകനെ-
ന്നപഹസിച്ചോട്ടെന്നെ ലോകം—
കവനസാമ്രാജ്യപതിന്നി, സന്തൃപ്തനാണു, നിൻ
കമിതാവായ് നില്പൂ, ഞാനെന്നും!



Digitized By Kerala Sahitya Akademi

# വൃന്ദാവനം

കാണുന്നതില്ലേ നിങ്ങൾ ഭാവനയിൽ,ലാപ്പൂത്ത
കാനനങ്ങളെപ്പുല്കിയൊഴുകും കാളിന്ദിയെ?
നിശ്ചയം സ്വപ്നംകണ്ടിട്ടുണ്ടാകും പലപ്പോഴും
നിത്യനിർവൃതിനല്കുമാ നദീരംഗം നിങ്ങൾ!
പുളകംകൊള്ളുന്നതുണ്ടവിടെക്കിടന്നി,ന്നും
പുതുമ നശിക്കാത്തൊരായിരം ശാകുന്തളം.
നേരിട്ടാ വേണുഗാനം നുകർന്നോരവിടത്തെ-
യോരോ മൺതരിപോലുമോരോരോ നാദബ്രഹ്മം!

ആരാലും തടുക്കവാനായീടാ,തഹങ്കരി-
ച്ചായിരക്കണക്കായിപ്പോകട്ടെ ശതാബ്ദങ്ങൾ;
പരിവർത്തനക്കാററിൽ പഞ്ഞിയായ് പാറിപ്പാറി-
പ്പരിചിൽ പറക്കട്ടേ, ഭൗതികം പരിഷ്കാരം;
വിപ്ലവ,മുണ്ടാകുന്ന ഭൂകമ്പം, ജനതയി-
ലെപ്പൊഴും വരുത്തീടട്ടായിരം നവീനത്വം;
മസ്തിഷ്കസിരകളിൽ തീച്ചൂള വഹിച്ചുകൊ-
ണ്ടെത്തട്ടേ, നൂറായിരം 'മിസ്'മേയോ'മതാമ്മമാർ;
വരട്ടേ, 'ബോൾഷേവിസം' വരട്ടെ 'സോഷ്യലിസം'
വരട്ടേ, വരുമെങ്കി'ലിസ'ങ്ങളാമട്ടേറെ;—
ഒന്നൊന്നാ,ലിവയെല്ലാമതൃതീതമായ്, മന്നി-
ലെന്നെന്നും നിലനില്ക്കും—പാവനം വൃന്ദാവനം!
ആയതിൻ പുതുമയ്ക്കില്ലല്പവും വാട്ടം, മന്നി-
ലായതിൻ സുഷമയ്ക്കില്ലൊരുകാലവും കോട്ടം.



Digitized By Kerala Sahitya Akademi

പശ്ചിമം, ശാസ്ത്രം നോക്കിപ്പഠിച്ചു, മനുഷ്യന്റെ
രക്തത്തിൽ, മനസ്സോഭംകൂടാതെ നീന്താൻമാത്രം!—
തലച്ചോറിനാൽ ജോലിചെയ്തു,തിൻഫലംകൊണ്ടു
തലച്ചോറിനെത്തന്നെ ചിതറിച്ചിന്നാൻമാത്രം!—
കേവലമൊരു കൊച്ചുമാടപ്രാവിനായ്പ്പോലും
ജീവനെദ്ദാനം ചെയ്യാൻ ഭാരതം കാട്ടിത്തന്നു!—
പൊൻമണിക്കിരീടവും ചെങ്കോലും ദൂരത്തിട്ടു
ബന്ധുമായയലയുവാൻ ഭാരതം കാട്ടിത്തന്നു!—
കാഞ്ചനപട്ടാംബരം കൈവിട്ടു, നിസ്സാരമാം
കാവിമുണ്ടുടുക്കുവാൻ ഭാരതം കാട്ടിത്തന്നു;—
ഭോഗലോലുപതത്തിൽനിന്നനശ്വരമാം,മ-
ത്യാഗശാന്തിയിലെത്താൻ ഭാരതം കാട്ടിത്തന്നു!—
പീരങ്കിയാൽ പശ്ചിമമലറാനാശിച്ചപ്പോഴും
ഭാരതമിരുന്നൊരു കൊച്ചോടക്കുഴലൂതി!
'മത'ത്തിൻ പേരും പറഞ്ഞയ്യയ്യോ, പടിഞ്ഞാറു
മനുഷ്യൻ മനുഷ്യനെക്കൊന്നു കൊന്നൊടുക്കുമ്പോഴും,
ഭാരതത്തിലെ നീണ്ട താടിക്കാർ, കാട്ടാളന്മാർ
പോരെങ്കിൽ, പരിഷ്കാരശൂന്യന്മാർ, കറമ്പന്മാർ
നേരിന്റെ നാട്ടും തേടി, സ്നേഹത്തിൻ പാട്ടും പാടി,
ചാരുവാമൈക്യത്തിന്റെ പൂന്തോപ്പിലൂഞ്ഞാലാടി!
ഭൂതലമജ്ഞാനാന്ധകാരത്തിൽക്കിടന്നപ്പോഴും
'ഗീത'യാം വാടാവിളക്കീ നാട്ടിലാളിക്കത്തി!
ഇന്നിപ്പോഴും വിമാനത്തിൽക്കയറി, ലോകം ചുറ്റി
വന്നിടും വെള്ളപ്പരിഷ്കാരത്തിൻ മുത്തച്ഛന്മാർ





Digitized By Kerala Sahitya Akademi

പച്ചമാംസവും കടിച്ചൂറ്റുവെള്ളവും കുടി-
ച്ചശ്രമം ഗുഹക്കുള്ളിലുറങ്ങിക്കിടന്നപ്പോഴും,
ഇക്കൊച്ചുരാജ്യത്തിന്റെയോരോരോ ഞരമ്പിലു-
മുൽക്കൃഷ്ടസംസ്കാരത്തിൻ സ്പന്ദനമോളംവെട്ടി!

*                    *                    *

അത്രമേലനവദ്യമായ ഭാരതത്തിന്റെ
നിസ്തുലകലാപ്രേമം സങ്കല്പച്ചായം കൂട്ടി,
മാനവസംസ്കാരത്തിൻ ഭിത്തിമേലൊരിക്കലും
മായാത്ത ചിത്രമൊന്നു വരച്ചു—വൃന്ദാവനം!
പ്രണയപ്രശോഭനം, തത്ത്വസമ്പന്നം, ലസൽ-
പ്രതിഭാവിലാസത്താൽ പ്രസന്നം, പ്രഭാപൂർണ്ണം;
അത്രമേലവഗാഢ,മത്രമേലനവദ്യ,-
മത്രമേലാരാധനീയാദർശമയോജ്ജ്വലം;
അക്കലാപ്രേമത്തിന്റെ ദിവ്യമാമുപഹാര-
മക്കളിപ്പൂങ്കാവനം, ജയിപ്പൂ—വൃന്ദാവനം!



Digitized By Kerala Sahitya Akademi

# ഉദ്യാനത്തിലെ ഊഞ്ഞാലാട്ടം

കനകമയകരലളിതലതികയുടെ സംഗമം
കയറിയൊരു നവപുളകമേകിടുംമാതിരി;
അഴകൊഴുകുമൊരു കവിതയവിടെയതാ, കാണ്മു ഞാ-
നാടുന്നതൂഞ്ഞാലിലാനന്ദലോലയായ്!
സസുഖമവളോടു നീ സല്ലപിയ്ക്കുന്നുവോ,
രസികത വിതുമ്പിഞ്ഞുടുമ്പും പ്രശാന്തതേ?
അനുപമസമൃദ്ധിതന്നാതിത്ഥ്യമേററു-
ത്തമരുമൊരു നിങ്കലസൂയാലുവാണു ഞാൻ!

അലസലസിതാംഗിതന്നാകാരവല്ലിമേ-
ലിളവെയിലുപോലുള്ള നീരാളസാരിയിൽ,
അലകളിളകീടുമാറാശ്ലേഷധാരയാ-
ലവളെയുപലാളിപ്പിതാരാമമാരുതൻ.
തരിവളകളിളകിയതിമൃദുലകളശിഞ്ജിതം
പരിസരമരുത്തിന്നു രോമാഞ്ചമേകവേ,
സുരഭിലഘനശ്യാമളോല്ലസൽക്കുന്തള-
ച്ചുരുളലകൾ കെട്ടഴിഞ്ഞൂന്നുവീണീടവേ;
കുടകുടെ വിയർമ്മാ നെററിയിൽക്കുങ്കുമ-
ത്തൊടുതിലകമാകെ നനഞ്ഞൊലിച്ചീടവേ;
കരൾകവരുമതിരുചിരകാശ്മീരകാന്തിയിൽ-
ക്കുഴകിയ കവിൾപ്പൂത്തുടുപ്പിട്ടിയ്ക്കവേ;
സഖികളിരുഭാഗവും നിന്നു സന്തുഷ്ടരായ്
സരസഹസിതങ്ങളാൽ സല്ക്കരിച്ചീടവേ;



Digitized By Kerala Sahitya Akademi

പരിചിയലുമൂഞ്ഞാലിലാടിക്കളിയ്ക്കയാ-
ണരുകുതുകമാ സ്വപ്നശൃംഗാരരൂപിണി.

*          *          *

അയി, മഹിതമഞ്ജിമേ, നീയെനിയ്ക്കേകിയോ-
രതിമധുരമാകുമിക്കാവ്യപ്രചോദനം,
ഒരു ചപലതൂലികാഗ്രത്തിൽ നിർത്തീടുവാൻ
കരുതി—മമ സാഹസം നീ പൊറുക്കേണമേ!
മുകരതളിമോപമം നീലിമ മൂടി,യാ
മുകളിൽ മുകിൽ നീങ്ങിത്തെളിഞ്ഞോരാകാശവും;
അടിയിലഴകുററ പുൽപ്പട്ടിട്ടു മഞ്ഞിനാൽ
സ്ഫടികമണി ചിന്നും മരതകഭൂമിയും;
അകലെ വനവസനമുടൽ മൂടവേ, വിൺമുഖം
മുകരുവതിനുന്നുന്ന കുന്നും മലകളും;
സുരഭിലസുമാകീർണ്ണമായൊരാ പാടിയും
സുരസുദതിമാരൊക്കമാളീജനങ്ങളും;
പുലരൊളിയു,മൂഞ്ഞാലിൽ നീയുമാരോമലേ,
പുളകദമതെന്തൊരാകർഷകചിത്രമോ!

മനമതിനെ ലാളിയ്ക്കയല്ലാതൊ,രിക്കലു-
മിനിയതിനെ വിസ്മൃതിയ്ക്കാകില്ല മായ്ക്കുവാൻ!



Digitized By Kerala Sahitya Akademi

# പൂനിലാവ്

(ഹേമന്തത്തിൽ)

ആകാശഗംഗയിലാറാടി,യാടിവ-
ന്നേകയായ്പ്പോകുവതെങ്ങു നീ, മോഹിനി?
മന്ദസ്മിതാസ്യയായ്; മന്നാകെ നീ നേർത്ത
മഞ്ഞിൽക്കുളിപ്പിച്ചണഞ്ഞൂ, മദാലസേ!
മന്ദാനിലനിലിളകുമിലകളാൽ
മർമ്മരമഞ്ജീരശിഞ്ജിതമാർന്നു,ദയേ,
സങ്കല്പലോലനാമേതാത്മനാഥന്റെ
സങ്കേതഭൂവിലേയ്ക്കാവോ, ഗമിപ്പൂ നീ?
മന്ദം വിടർന്നുതുടങ്ങുന്നു നിന്നിലീ
മന്നിൻ മനസ്സാം മനോഹരകോരകം!
മേല്ക്കുമേൽക്കോൾമയിർക്കൊണ്ടിതാ, നില്ക്കുന്നു
രാക്കുയിൽ കൂകുമിക്കാടും മലകളും,
ഏതോ നവോഢതൻ സ്വപ്നംകണക്ക,ത്ര
ശീതളമായ നിന്നാശ്ലേഷധാരയിൽ!
ഓമനിപ്പൂ നിന്നെ മാറിൽക്കിടത്തി,യി-
ന്നോളംതുളുമ്പുന്ന നീലനദീജലം
വെമ്പുന്നു ചുണ്ടു വിടർത്തി, നിന്നംശുക-
ത്തുമ്പുമ്മവെയ്ക്കുവാൻ, പാതിരാപ്പൂവുകൾ!
മന്ദം തലോടുന്നു നിന്നെക്കരങ്ങളാൽ
മന്ദഹസിച്ചുകൊണ്ടോ,മനത്താരകൾ!



Digitized By Kerala Sahitya Akademi

നേരിന്റെ നാട്ടിൽനിന്നേകയായ് വന്നവ-
ളാരു നീ,യാരു നീ,യത്ഭുതരൂപിണി?

*　　　*　　　*

ജീവിതമോഹം കൊളുത്തുന്നു, കാന്തമാം
താവകസ്മേരം, തണുത്ത നിരാശയിൽ!
നിശ്ശബ്ദമേതോ മുരളികാസംഗീത-
നിർഝരത്തിങ്കലലിഞ്ഞലിഞ്ഞങ്ങനെ;
ലോകം മുഴുവനും വ്യാപരിക്കുന്നു, നി-
ന്നാകർഷകത്വമൊരത്ഭുതംമാതിരി!
ജാതാദരം നിന്നെ നോക്കിനില്ക്കുമ്പൊളി-
ന്നേതല്ലലും ഹാ, മറന്നുപോകുന്നു ഞാൻ!
ഒട്ടും മനസ്സു വരുന്നീലയേ, നിന്നെ
വിട്ടുപിരിയാനെനിക്കു, തേജോമയേ!
മോഹം കുറച്ചല്ലെനിക്കു, നിന്നോടതി-
സ്നേഹമധുരമായ്സ്സല്ലപിച്ചീടുവാൻ:
എന്തുചെയ്യാം, ഞാനറിവീലൊരു വെറും
ഛന്ദസ്സുകൂടി നിന്നത്ഭുതഭാഷയിൽ!
എങ്കിലും, നിൻമൌനശാന്തഭാവത്തിൽനി-
ന്നെന്തൊക്കെയോ ചിലതുള്ളിൽ ഗ്രഹിച്ചു ഞാൻ.
നിർവ്വിഘ്നമേതോ മഹസ്സിൽനിന്നെത്തുന്ന
നിർവ്വാണദപ്രേമസന്ദേശമാണു നീ!
അവ്യക്തമാണൊ,ട്ടവഗാഹമാണു, നിൻ-
ദിവ്യഗൂഢാർത്ഥം പ്രപഞ്ചത്തിനൊക്കെയും!
അല്ലെങ്കിലെന്തിന,ടിഞ്ഞുകിടന്നീടു-
കല്ലല്ലി, കഷ്ട,മതിപ്പൊഴും നിദ്രയിൽ?



Digitized By Kerala Sahitya Akademi

കന്നുമാത്രം മന്നിലുണ്ടു വാഴ്ത്തീടുവാൻ
നിന്നെ,യൊതാക്കൊച്ചുപാതിരാപ്പൈങ്കിളി!
പാവമേ, നിന്നെപ്പരിചരിച്ചീടുവാൻ
പാരിങ്കലുള്ളതാപ്പാതിരാപ്പൂവുകൾ;
മററുള്ളതെല്ലാം പാഴ്ക്കം കിനാക്കളെ-
ക്കെട്ടിപ്പിടിച്ചു കിടപ്പു പാഴ്നിദ്രയിൽ!!

*　　　　*　　　　*

വിണ്ണിൻ വിശിഷ്ടസന്താനമേ, പാഴിലീ
മണ്ണിൽച്ചുവുട്ടി മലിനയാകൊല്ല നീ!
അച്ഛപ്രഭാമാത്രരൂപിണി, നീപോലു-
മല്പമിരുണ്ടുപോകാമിങ്ങു നില്ക്കുകിൽ!
അത്ര ദുഷിച്ച വിഷപ്പുക മൂടിയൊ-
രസ്വാസ്ഥ്യസങ്കേതമാണിദ്ധരാതലം!—
മർത്ത്യന്റെ രക്തത്തിൽ മർത്ത്യൻ മദിക്കുന്ന
മദ്ദനമണ്ഡപമാണിദ്ധരാതലം!—
കണ്ടാൽ നടുങ്ങും കശാപ്പുപുരയാണു;
കണ്ടീലയോ ദേവി, നീയിദ്ധരാതലം!—
സത്യവും ധർമ്മവും കാലുകുത്തീടാത്ത
തപ്തമണൽപ്പരപ്പാണിദ്ധരാതലം!—
എങ്ങുമിരുട്ടാണു,റക്കമാണാശിപ്പ-
തിങ്ങുള്ളവരുണവല്ല, വെളിച്ചവും!
എന്തിനവരോടമേയമാമൊന്നിന്റെ
സന്ദേശമായിട്ടടുത്തു ചെല്ലുന്നു നീ?
എന്തിനവരോടനന്തമാമൊന്നിന്റെ
മന്ദസ്മിതമായടുത്തു ചെല്ലുന്നു നീ?



Digitized By Kerala Sahitya Akademi

## സങ്കല്പകാന്തി

പോവുക, പോവുക, നിഷ്ഫലമാണിദം
പാവനേ, ഹന്ത, നിന്നുദ്ധാരണോദ്യമം!
മൂടുപടം നീക്കി നീയടുത്തെത്തവേ
മൂടിപ്പുതച്ചു കിടക്കുകയാണവർ.
ആകട്ടെ!—വന്ന വഴിക്കു നിരാശയായ്-
പ്പോകു മടങ്ങി,യാ വിണ്ണിങ്കലേക്കു നീ!!.......



Digitized By Kerala Sahitya Akademi

# വൃന്ദാവനത്തിലെ രാധ

ഞാനിത്രനാളും ഭജിച്ച നല്ല
ഹേമന്തകാലവും വന്നു;
ഞാനിത്രനാളും കൊതിച്ചോരെൻറ
യാനന്ദരാത്രിയും വന്നു;
എൻമനംമാതിരിയിന്നാക്കളിർ-
വൃന്ദാവനികയും പൂത്തു;
മാമകപ്രേമമെന്നോണം പുത്ത-
പ്പൂമണംപൊങ്ങിപ്പരന്നു;
കോമളപ്പൈമ്പാൽ നിലാവിൽ മുങ്ങി
യാമുനം കൂലം ചിരിപ്പൂ;
ഓരോ വികാരങ്ങൾപോലേ, മേന്മേ-
ലോളങ്ങൾ പാടിക്കളിപ്പൂ;
എന്തൊരാകർഷണരംഗം, ഹാ,യി-
തെന്തു നിർവ്വാണതരംഗം!

*　　　*　　　*

കേൾക്കാൻകൊതിച്ചോരോ നില്ക്കും മട്ടിൽ
രാപ്പാടി പാട്ടുപാടുന്നു;
എന്തിനോ കോരിത്തരിക്കാൻവേണ്ടി
മന്ദാനിലനലയുന്നു;
തൂവെള്ളിമേഘങ്ങൾ നില്പൂ വന്നാ-
ഗ്ഗോവർദ്ധനത്തിൻെറ പിന്നിൽ;



Digitized By Kerala Sahitya Akademi

ചേതനപ്പൂക്കൾ വിടരുംമട്ടി-
ലേതിനോ നോക്കി രസിയ്ക്കാൻ!
നേരിയ മർമ്മരംതൂകി നില്പൂ
പാരിജാതപ്പൂവല്ലികൾ;
പ്രേമലഹരി പുണരുന്നോരെ-
ന്നോമൽപ്രതീക്ഷകൾപോലെ!
എന്തൊരാകർഷണരംഗം, ഹാ,യി-
തെന്തു നിർവ്വാണതരംഗം!

*　　　*　　　*

കാടിന്റെ പച്ചമനസ്സിൽനിന്നോ-
രോടക്കുഴൽവിളി കേൾപ്പൂ;—
ഓമൽപ്രണയം തുളുമ്പും നല്ലൊ-
രോടക്കുഴൽവിളി കേൾപ്പൂ;—
കാരണമെന്തിതാ, പെട്ടെന്നെന്റെ
കാലുറയ്ക്കാതാകുന്നല്ലോ!
ഹാ, മത്തനുലത പെട്ടെന്നൊരു
രോമാഞ്ചമായിക്കഴിഞ്ഞു!
അക്ഷയജ്യോതിസ്സണിഞ്ഞെൻജീവൻ
നക്ഷത്രംകൊണ്ടു നിറഞ്ഞു!
വിസ്മയ,മൊരു ഞൊടിയിൽ ഞാനീ
വിശ്വത്തോളം വളർന്നു!
എന്തൊരാകർഷണരംഗം, ഹാ,യി-
തെന്തു നിർവ്വാണതരംഗം!

*　　　*　　　*



Digitized By Kerala Sahitya Akademi

## സങ്കല്പകാന്തി

മാമകജ്ജീവിതവല്ലി പുല്കു-
മാ മധുമാസവിലാസം;—
എന്നാശാചക്രവാളത്തിൽ സദാ
മിന്നുന്നൊരാ നീലമേഘം;—
ഹാ മൽസുഖസ്വപ്നസൗധം കാക്കു-
മോമനസ്വർണ്ണനക്ഷത്രം;—
സാവധാനം വന്നുദിപ്പൂ ദിവ്യ-
സായൂജ്യവീചികപോലെ!
എൻമനം പേർത്തും തുടിപ്പൂ, വിണ്ണിൽ
മിന്നുന്ന താരകംപോലെ!
ആനന്ദസിന്ധുവിൽ മുങ്ങിപ്പൊങ്ങി
ഞാനിതാ, നീന്തിക്കളിപ്പൂ.
എന്തൊരാകർഷണരംഗം, ഹാ, യി-
തെന്തു നിർവ്വാണതരംഗം!



Digitized By Kerala Sahitya Akademi

## രണാങ്കണത്തിൽ

ഭൂതകാലത്തിന്റെ പർണ്ണാശ്രമത്തിൽനി-
ന്നേതിനെത്തേടിയിറങ്ങുകയായെത്തി നീ?
നിൻകൈയിൽ മിന്നുമാ വാടാവിളക്കിന്റെ
തങ്കപ്രകാശത്തിൽ മുങ്ങിക്കുളിച്ചിതാ,
നീഹാരസാന്ദ്രമാമീറൻവനപ്പച്ച-
നീരാളസാരിയുലഞ്ഞുലഞ്ഞങ്ങനെ;
പൂഞ്ചോലകളാൽ, ച്ചുരുണ്ടു നീണ്ടുള്ളോര-
പ്പൂഞ്ചായൽ കെട്ടഴിഞ്ഞൂർന്നുവീണങ്ങനെ;
കുന്നിനാൽ കൈകൂപ്പി നിശ്ചലം നില്പൂ, നിൻ-
മുന്നിൽ വിമോഹനവിശ്വവിലാസിനി!
വാരിവിതയ്ക്കയോ നീളെ നീ നിർമ്മലേ,
വാരഞ്ചുമോരോ പുളകാങ്കുരങ്ങളെ?
നൊന്തുനീറീടും ഹൃദയശതങ്ങളി-
ലെന്തു പീയൂഷം തളിയ്ക്കുവാനെത്തി നീ?
ആരാണു ഞങ്ങളെന്നാണോ?—മനുഷ്യന്റെ
ഘോരദുർമ്മോഹത്തിനൂണായടിഞ്ഞവർ.
വീണുപോയ് ഞങ്ങൾ വികലാംഗരായ്, രണ-
ക്ഷോണിയിലോർക്കുന്നതാരിനി ഞങ്ങളെ?
മുന്നോട്ടുപോയിതാ, നായകമാനികൾ
മിന്നിച്ചു മേന്മേൽ വിജയപതാകകൾ.
ഇത്രനാൾ ഞങ്ങളോടൊന്നിച്ചിരുന്നവ-
രത്രമേൽ പ്രാണനായ്ത്തമ്മിൽക്കഴിഞ്ഞവർ;



Digitized By Kerala Sahitya Akademi

ഇന്നവരുന്നതസോപ നവത്തികൾ;
ഞങ്ങളോ?—ജീർണ്ണിച്ചടിഞ്ഞ മൺഭിത്തികൾ!
ഇന്നവരന്യർ, പരസ്പരം കാണുകിൽ-
ത്തന്നെയും ഞങ്ങളാരെന്നറിയാത്തവർ!
കഷ്ടമ,വർക്ക് കയറാൻ നടപ്പടി
കെട്ടിയോർ ഞങ്ങളാണസ്ഥിഖണ്ഡങ്ങളാൽ!—
ജീവരക്തം വാർന്നൊലിയ്ക്കിലും ഞങ്ങൾതൻ
സേവനോൽക്കണ്ഠമാമസ്ഥിഖണ്ഡങ്ങളാൽ!
അന്യെത്രയെത്ര ശപഥങ്ങൾ ചെയ്തു,വർ
നിന്നില്ല പിന്നിൽ പരമവിനീതരായ്!
ശത്രുപ്രഘാതം സഹിയ്ക്കുവാൻ ഞങ്ങളും
ജൈത്രയാത്രയ്ക്കാ പ്രതാപപിണ്ഡങ്ങളും!
വാൾത്തലച്ചീററലോരോന്നിലും, കുങ്കുമം
ചാർത്തി, മാത്സര്യം മദിച്ചുനിന്നാടവേ;
ആയുരാരോഗ്യങ്ങൾ ഞങ്ങൾ ബലികൊട്ട-
ത്താ യുദ്ധദേവതയ്ക്കാശിസ്സു നേരവേ;
എത്ര ദൂരത്തിൽ സുഖിച്ചിരുന്നു,ജ്ജ്വല-
സ്വപ്നവും കണ്ടു കഴിച്ചവരാണവർ!
അന്നും സുഖമായ്ക്കഴിഞ്ഞവരാണവ-
രി,ന്നും സുഖമായ്ക്കഴിഞ്ഞവരാണവർ!
ക്ലേശം സഹിയ്ക്കുവാന,ന്നുമിന്നും ദേഹ-
നാശം ഭവിയ്ക്കുവാൻ, കഷ്ട,മീ ഞങ്ങളും!

പൂമണിമേടയിൽബ്ഭാഗ്യവാന്മാരവർ
കോൾമയിർക്കൊണ്ടു കഴിയുന്നിതിപ്പൊഴും!



Digitized By Kerala Sahitya Akademi

ഇന്നവർതൻ ധീരകൃത്യങ്ങളോരോന്നു
വർണ്ണിച്ചു വർണ്ണിച്ചു പാടുന്നു ഗായകർ.
ആയവർതൻ ഗളത്തിങ്കലണിയുന്നു
മായാത്ത കീർത്തികൾ മന്ദാരമാലകൾ!
ചേലിലെഴുതും സുവർണ്ണലിപികളിൽ
നാളെ'ച്ചരിത്ര'മവരുടെ ചേഷ്ടകൾ!
ഞങ്ങളോ?—ഹാ, മഹാത്യാഗമനുഷ്ഠിച്ച
ഞങ്ങളോ?—കഷ്ടം, വെറും നിഴല്പാടുകൾ!
മർത്ത്യപ്പുഴുക്കൾ മറയണം ഞങ്ങളാ
വിസ്മൃതിതൻെറ തണുത്ത ഗർത്തങ്ങളിൽ!
ആരുണ്ടറിയാൻ ജഗത്തിലീ ഞങ്ങൾതൻ—
ന്നാരാധനീയമാം പാവനാത്മാർപ്പണം?

രക്തക്കളത്തിലി,വിടെ,ക്കഴുകുകൾ
കൊത്തിവലിക്കുന്നു ഞങ്ങൾതന്നസ്ഥികൾ!
വട്ടമിട്ടാർത്തു പറക്കുന്നു,കൂത്താര—
ക്കൊക്കും വിടർത്തി,ക്കൊടുംമലങ്കാക്കകൾ.
അട്ടഹസിപ്പൂ ഭയങ്കരമായി,ടി—
വെട്ടിടും മട്ടിൽ,ച്ചുടലപ്പിശാചികൾ!
ഞെട്ടിത്തെറിക്കുമാറെ,പ്പൊഴും ഞങ്ങൾതൻ
ചുറ്റും നടക്കുന്നു കങ്കാളകേളികൾ!—
സംഗ്രാമഭൂവിലോ, കഷ്ട,മണഞ്ഞു നീ
ഞങ്ങളെക്കാണാൻ, സമാധാനദേവതേ?

എല്ലാം കഴിഞ്ഞു;—നശിച്ചു സകലതും:
കല്യാണദായിനി, യാതൊന്നുമില്ലിനി.



Digitized By Kerala Sahitya Akademi

നീ വന്നു ഞങ്ങളെപ്പുൽകൂ, നിരുപമേ,
നീറാതെ വേഗം മരിയ്ക്കട്ടെ ഞങ്ങളും!
ഭൂതകാലത്തിൻെറ പർണ്ണാശ്രമത്തിൽനി-
ന്നേതുത്സവത്തെക്കൊതിച്ചു നീയെത്തിയോ,
ആ മഹാക്ഷേമമൊരേടവും കാണാതെ
നീ മടങ്ങാനാണിടവന്നതെങ്കിലും,
ഇത്രയ്ക്കു ലോകം ദുഷിച്ചതായങ്ങു, ചെ-
ന്നെത്തി നീയാരോടുമോതരുതംബികേ!
വിശ്രമിയ്ക്കട്ടേ സമാധാനപൂർവ്വകം
വിശ്രുതന്മാരാം പിതാമഹന്മാരവർ!

നീതിതൻ പേരിൽ നടത്തപ്പെടുമൊരീ
വേതാളനൃത്തം നിലയ്ക്കില്ലൊരിയ്ക്കലും—
രാഷ്ട്രങ്ങൾ തമ്മിൽ നടത്തപ്പെടുമൊരീ-
ക്കൂട്ടക്കൊലകളൊടുങ്ങില്ലൊരിയ്ക്കലും —
'മുന്നോട്ടുനോക്കി'യാം ശാസ്ത്രം ചൊരിയുമീ-
ച്ചെന്നിണച്ചോലകൾ വററില്ലൊരിയ്ക്കലും.
ലോകത്തെയൊന്നാകെ മാറോടു ചേർത്തണ-
ച്ചേകയോഗത്തിലിണക്കാൻ കൊതിപ്പു നീ.
ആ വേളയിൽത്തന്നെ രാഷ്ട്രങ്ങളോരോന്നു-
മാവോളമാർജ്ജിപ്പു യുദ്ധസാമഗ്രികൾ.
മർത്ത്യൻ, സമാധാനദേവതേ, നിൻെറ പേർ
യുദ്ധപ്പിശാചാക്കി മാററിയെന്നേയ്ക്കുമായ്.
ഇങ്ങെഴും ഘോരവിഷവായുവേല്ക്കാതെ
മംഗളദർശനേ, വേഗം മടങ്ങു നീ!



Digitized By Kerala Sahitya Akademi

ഏകാധിപത്യം ചിറകെട്ടിനിർത്തിലും
ലോകമഹാവിപ്ലവാബ്ധിയടങ്ങുമോ?
ക്ഷുദ്രനിയമച്ചിലന്തിനൂൽക്കെട്ടിനാൽ
മർത്ത്യഹൃദയം കുതിക്കാതിരിക്കുമോ?
നിഷ്ഫലവിഭ്രമം, നിഷ്ഫലവ്യാമോഹ-
മിപ്രയത്നം!—ഹാ, നടക്കട്ടെ വിപ്ലവം!
എന്നാൽ, മനുഷ്യൻ മനുഷ്യനെത്തിന്നുമീ-
ദ്ദുർന്നയം—യുദ്ധം—മൃഗത്വം—പുലരിലോ!

ഇല്ല, ഫലമില്ല; മർത്ത്യരെന്നാകിലും
തല്ലാതിരിക്കില്ല തങ്ങളിൽത്തങ്ങളിൽ.
വെന്നിക്കൊടികൾക്കു വർണ്ണം പിടിക്കുവാൻ
ചെന്നിണമെന്നും കുറിക്കൂട്ടു കൂട്ടണം;
ശക്തികൾ മേന്മേൽ മുളയ്ക്കുവാൻ, മണ്ണിലീ
രക്തച്ചൊരിച്ചിൽ വളം കുറെച്ചേർക്കണം;
മേലോട്ടു പൊങ്ങാനൊരുത്തനപരന്റെ
തോളിലൊന്നൂന്നിച്ചവുട്ടിക്കുതിക്കണം!—
ഇന്നത്തെ ലോകഗതിയിതാണം,ബികേ,
നിന്നതുകൊണ്ടു ഫലമില്ലിവിടെ നീ!
ഭൂതകാലത്തിന്റെ പർണ്ണാശ്രമത്തിലേ-
ക്കൊട്ടും മടിക്കാതെ പോകൂ തിരിച്ചിനി.



Digitized By Kerala Sahitya Akademi

# ആദിത്യാരാധന

പൂതമാം ചൈതന്യത്തിൻ പൊൻവിളക്കമായെത്തും
ശ്രീതാവും നവജീവദാതാവേ, സവിതാവേ!

അന്ധകാരത്തിങ്കൽനിന്നുണരും മായാലോകം
നിൻതിരുമുമ്പിൽക്കൂപ്പുകൈയുമായ് നില്പൂ മൂകം.

കർമ്മസാക്ഷിയാം സ്വാമിൻ, ഭഗവൻ, ഭവൽസ്പർശം
ബ്രഹ്മാണ്ഡത്തിനു പുത്തൻ പുളകോൽഗമം ചേർപ്പൂ!

തുച്ഛമാം തൃണംപോലും മുത്തണിത്തല പൊക്കി-
സ്സ്വച്ഛന്ദം, ദിവസ്പതേ, നോക്കിനില്ക്കുന്നു നിന്നെ!

മലയും കുന്നും കാടും നിന്നിൽനിന്നുതിരുന്ന
മഹനീയാംശുക്കൾതൻ ഹേമകോടീരം ചൂടി,

ദൂരത്തു ദൂരത്തനാദ്യന്തമായ,മേയമായ്-
ത്താരകാപഥത്തിനെയുമ്മവെച്ചതാ, നില്പൂ!

മറുഭാഗത്തോ, മഹാസാഗരം ഗഭീരം നിൻ-
മഹിമാ,വോളംതല്ലിത്തല്ലിനിന്നുൽഘോഷിപ്പൂ!

ജീവികൾ സമസ്തം നിൻവെളിച്ചം കുടിച്ചാ,ത്മ-
ശ്രീവിലാസത്താൽ നിന്നെക്കീർത്തിപ്പൂ പേർത്തും പേർത്തും.

ജീവനും വെളിച്ചവും ശാന്തിയുമല്ലാതില്ല
ദേവ, നിൻസമാഗമമംഗളരംഗത്തിങ്കൽ!

മരണത്തണുപ്പിന്റെ മാറാലയെല്ലാം മാററി
മഹിതജ്യോതിസ്സേ, നീ ജീവിതം നീട്ടിക്കാട്ടി!



Digitized By Kerala Sahitya Akademi

ചിറകററെങ്ങോ വീണുപോയതാമിരുട്ടിൻെറ
ചിതയിൽത്തുമഞ്ഞിനാൽക്കണ്ണനീക്കണം വീഴ്ത്തി,
നില്പൂയാണനാത്താദരം നിൻമുൻപിൽ, പ്രണാമത്തിൻ
നിസ്തുലോപഹാരവുമേന്തിക്കൊണ്ടഷ്ടാശകഠം!
ശാശ്വതവിശ്വപ്രഭാസാരമേ, നിന്നാൽ സുഖ-
ശാദ്വലസമൃദ്ധമാണെന്നുമീ മരുഭൂമി!

പച്ചനീരാളം പുതപ്പിച്ചു, നീ വരളുന്ന
നെൽച്ചെടിപ്പാടങ്ങഠംതൻ നഗ്നത മറയ്ക്കുന്നു.
മുകിൽമാലയാൽ നീലമേലാപ്പു കെട്ടിത്തൂക്കി
മുകളിൽ വർഷത്തിൻെറ പന്തൽ നീയൊരുക്കുന്നു.

ഹേമന്തത്തിനെക്കൊണ്ടു ചന്ദനക്കുളിർമയും,
പൂമയവസന്തത്താൽ സുഷമാസമൃദ്ധിയും,
ശിശിരത്തിനെക്കൊണ്ടു പുളകപ്പൂമാലയും,
നിശയെക്കൊണ്ടു നിത്യമാനന്ദസുഷുപ്തിയും,
ഗ്രീഷ്മത്താൽ പ്രതാപവും ശക്തിയും ജഗത്തിനു
ഭീഷ്മതേജസ്സേ, ഭവാൻ സദയം ദാനംചെയ്യൂ!
വിഗതാലസം തേജോഗോളങ്ങളെല്ലാം കാത്തു
ഭഗവൻ, ഭവാൻ മേന്മേൽ വിജയിച്ചരുളുന്നു.

അവിടന്നുണവിൻെറ കോവിലിൽ, ഞങ്ങഠംക്കെല്ലാ-
മവിരാമോന്മേഷത്തിൻ നിർവൃതി കൊളുത്തുന്നു.

ഉറങ്ങില്ല,റങ്ങില്ല ഞങ്ങളിന്നിയും;—മുഃഖാ-
ട്ടൊരുങ്ങിയിറങ്ങുകയായിതാ, വീണ്ടും ഞങ്ങഠം!



Digitized By Kerala Sahitya Akademi

അകലെപ്പുരോഗതി, ഞങ്ങളെച്ചിരിച്ചുംകൊ-
ണ്ടരികത്തേയ്ക്കു മാടിവിളിപ്പു വീണ്ടും വീണ്ടും!
ഇത്ര നേരവും ഞങ്ങളിരുളി,ലാലസ്യത്തിൻ
നിദ്രയിൽ, സ്വപ്നംകണ്ടു കിടന്നു ഗതബോധം!
അഭിനൂതനമാമീയുണർവ്വിൽ, പ്രവൃത്തിതൻ
പ്രഭയിൽ, ചിറകുകൾ ചിന്തതൻ വികാസത്തിൽ,
വിദ്യുതാംശുക്കൾപോലെ, മേല്ക്കുമേലുൽക്കർഷത്തിൻ
വിസ്തൃതവിഹായസ്സിൽ വിഹരിയ്ക്കട്ടെ ഞങ്ങൾ!
നിദ്രയുമാലസ്യവുമിരുളും നശിപ്പിച്ച
ഭദ്രദീപമേ, ദിവ്യചൈതന്യസ്വരൂപമേ,
സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽ നേതാവേ, സവിതാവേ,
ശ്രീതാവും നവജീവദാതാവേ, നമസ്കാരം!



Digitized By Kerala Sahitya Akademi

# രാഗഭിക്ഷുണി

കോമളാകൃതേ, സന്തതം ഹാ, ഭവൽ-
പ്രേമലേശം കൊതിച്ചു കൊതിച്ചിദം
അല്പഭാഗ്യ ഞാനെത്രയോ കാലമായ്-
ത്തപ്തബാഷ്പം പൊഴിക്കുന്നു നിഷ്ഫലം!
മൽപ്രതീക്ഷകളൊക്കെയുമൊന്നുപോൽ-
സ്സ്വപ്നമാത്രമായ്ത്തീരുന്നു കേവലം.
മാത്രതോറും വികാരശതങ്ങൾതൻ
മാറ്റൊലികളിളകി മന്മാനസം
ഘോരഘോരനിശിതനിരാശയിൽ
നീറി നീറി ദ്രവിക്കുയാണിപ്പൊഴും!
ദേവ, നിൻമദനോപമവിഗ്രഹം
ഭാവനയിൽ പ്രതിഷ്ഠിച്ചനാരതം
ധ്യാനലോല ഞാൻ പൂജിപ്പു നിത്യ,മെൻ-
പ്രാണഗൽഗദപുഷ്പാഞ്ജലികളാൽ!
സ്പന്ദനങ്ങളെസ്സാക്ഷിനിർത്തി,സ്സദാ
മന്ദിയാതെ ഞാൻ ചെയ്യുമാരാധനം
ആരറിയുവാനാ,രാദരിക്കുവാ-
നാ,രതിലൊന്നനുതപിച്ചീടുവാൻ?
ഇല്ല, മേലിലും മേല്ക്കുമേൽ ഞാനിദ-
മല്ലലിൽത്തന്നെ വീണടിഞ്ഞീടണം!
ഉൽക്കടപ്രണയോദ്വേഗസീമയിൽ
മൽക്കരൾ പൊട്ടി ഞാൻ മരിച്ചീടണം!—



Digitized By Kerala Sahitya Akademi

ഇല്ല മറ്റൊരുപായവുമൂഴിയിൽ
വല്ലമട്ടുമീ വിഭ്രമം നില്ക്കുവാൻ!

*            *            *

മോഹനാകൃതേ, നിൻപടിവാതിലിൽ
സ്നേഹഭിക്ഷയിരന്നുകൊണ്ടിങ്ങനെ
കാത്തുനിന്നിടാമെത്രനാളെങ്കിലും
കാൽക്ഷണം നീ കടാക്ഷിക്കുമെങ്കിൽ, ഞാൻ!
എന്നുമെന്നും വൃഥാപവാദങ്ങളാ–
ലെന്നെ ലോകം പരിഹസിച്ചീടിലും,
പാരമീഷ്യുതൻ പാഴ്ചരല്ക്കല്ലുകൾ
വാരിവാരിയെൻനേർക്കെറിഞ്ഞീടിലും,
ഹന്ത, മജ്ജഡം മണ്ണടിവോളവു–
മെന്തുതാനാട്ടെ, പിൻമടങ്ങില്ല ഞാൻ!

*            *            *

ഒന്നു വന്നൊരു ചുംബനമെങ്കിലും
തന്നു പോകുമാറാകൃഷ്ടനാകുവാൻ
ശക്തിയില്ലെങ്കിലെ,ന്തിനീ വൈദ്യുത–
ശക്തി സൂക്ഷിച്ചിടും കടക്കണ്ണുകൾ?
തങ്കമെയ്യതൊന്നോമനിക്കാനില്ലി–
ന്നെൻകരങ്ങളിലെന്തിനിക്കങ്കണം?
ആ മനോഹരനാസ്വാദിക്കാനില്ലോ
ഭൂമിയിലെനിക്കെന്തിനീ യൗവനം?

ക്ഷിപ്തസൗരഭസമ്പന്നയായിട്ടു–
മെത്ര മോഹനസൂനമാണെങ്കിലും,



Digitized By Kerala Sahitya Akademi

എന്തൊരു ഫലം,മാ മത്തട്ടംഗകം
പിൻതിരിഞ്ഞൊന്നു നോക്കാതെ പോവുകിൽ?
മിന്നിടേണം സതതമെന്നാല,തിൻ
ഭംഗി വർണ്ണിച്ചു പാടണം കോകിലം.
ചാരെ നിന്നൊരാളാസ്വദിച്ചീടിലേ
ചാരുതയൊരു ചാരിമയായിട്ടു.
അംഗജോപമനാദരിക്കായ്കി,ലീ–
യംഗവിഭ്രമകാന്തിയെന്തിന്നു മേ?

*　　　*　　　*

ഇജ്ജഗത്തിലെൻസർവ്വസർവ്വസ്വമേ,
ലജ്ജയില്ലാതെ മേലിലുമീവിധം
ഞാനിരക്കും ഭവാനിൽനിന്നാ, ലസൽ–
പ്രേമപീയൂഷബിന്ദുവൊന്നെപ്പൊഴും!
എന്നവസാനഗൽഗദംകൂടിയ–
പ്പുണ്യചിന്തതൻ പൊന്നുറവായിടും.
നിർവൃതിയിലേയ്ക്കുന്നാത്മസൗരഭം
നിന്നെയോർത്തോർത്തുറഞ്ഞൊഴുകീടണം.

വല്ല നാളുമിതുവഴി പോവുകിൽ–
ത്തെല്ലുനേരമൊന്നിങ്ങോട്ടു കേറിയാൽ
എന്തു ചേതം വരു?—മതെൻജീവനൊ–
രെന്തു നിർവ്വാണമായിരിക്കും വിഭോ?
ഇന്നൊരു നോക്കു കാണുവാൻകൂടിയും
മന്ദഭാഗ്യയെനിക്കില്ലനുഗ്രഹം.
വീണടിയണമെന്നും നിരാശയിൽ
ഞാനു,മെൻ ചില സങ്കല്പസൗഖ്യവും!



Digitized By Kerala Sahitya Akademi

സ്വപ്നേരവും കേട്ടു ഞെട്ടുന്നു ഞാൻ
ദുർവ്വിധിതൻ ഗഭീരമേഘാരവം
ഹാ, തിരശ്ശീല വീണു, തീർന്നെങ്കിലൊ-
ന്നീ ദുരന്തമാം ജീവിതനാടകം!

*　　　*　　　*

പട്ടടത്തീ പടർന്നേരിയുമ്പോഴും
മജ്ജമധമൊന്നു കോരിത്തരിക്കണം!
ജന്മജന്മാന്തരങ്ങളിൽക്കൂടിയി-
ക്കർമ്മബന്ധങ്ങൾ മൊട്ടിട്ടു നില്ക്കണം!
മൃത്യുകൊണ്ടീ മധുരരാഗാമൃതം
പത്തിരട്ടി മധുരീകരിക്കണം!

രാഗവും പ്രതിരാഗവും ഭൂമിയി-
ലേകതാളം ചവിട്ടില്ലൊരിക്കലും.
ആകയാൽ ഞാൻ വരുന്നതെല്ലാം, സ്വയ-
മായവണ്ണം സഹിക്കുവാൻ നോക്കുവൻ!
മോഹനം തവ സങ്കല്പവിഗ്രഹം
ഗാഹനംചെയ്യുമെൻമിഴിനീരിൽ ഞാൻ.
കേണുകേണു കൊതിച്ചുകൊതിച്ചിദം
വാണിടും ഞാൻ ഭവദാഗമോത്സവം.
കാണിയും ഞാൻ മുടക്കില്ലൊരിക്കലും
പ്രാണനാഥ, മൽപ്രേമസങ്കീർത്തനം!
ഞാനബല മൃദുലഹൃദയ—മൽ-
പ്രാണവാഞ്ഛിതം പാഴിലായ്ത്തീരുമോ?

*　　　*　　　*



Digitized By Kerala Sahitya Akademi

എന്നിലുള്ളൊരെന്നാശാംകുരങ്ങൾപോൽ
മിന്നി മിന്നിത്തെളിയുന്നു താരകൾ.
അങ്ങതാ, രാഗപീയൂഷമെന്നപോൽ–
ച്ചന്ദ്രലേഖ പൊഴിപ്പൂ മന്ദസ്മിതം.
ഹാ, മനോജ്ഞലതാനികുഞ്ജങ്ങളിൽ
പ്രേമഗാനം പകരുന്നു് രാക്കുയിൽ.
സർവ്വവും ഭദ്ര,മൊന്നു മജ്ജീവിത–
സർവ്വമേ, നീയുമെന്നടുത്തെത്തുകിൽ!



Digitized By Kerala Sahitya Akademi

# സൗന്ദര്യപൂജ

മുല്ലകൾ പൂക്കലാൽ സാരിയുലച്ചുല-
ച്ചുല്ലസൽസുസ്മിതേ, നീയണഞ്ഞു;
അല്ലല്ല, വിൺനീലച്ചില്ലിലാ, വെൺമേഘ-
ത്തെല്ലി,ലലിഞ്ഞതയേ നീ മറഞ്ഞു!
ഒറ്റയ്ക്കൊരൊറ്റ നിമേഷമേ, കഷ്ടമേ,
പാറിയതുള്ളൂ നിൻദർശനം മേ!
എന്നിട്ടും, നിന്നെ നീയായല്ല കണ്ടതെൻ
മുന്നിൽ ഞാൻ—നിൻനിഴലായിരുന്നു!

പൈങ്കിളിപ്പാട്ടിലെ,ൻചുറ്റിലും, നിൻകഴൽ-
ത്തങ്കച്ചിലമ്പൊലി സംക്രമിക്കെ,
ഉജ്ജ്വലേ, നിന്നാഗമോത്സവോൽക്കണ്ഠയാ-
ലുദ്വേലിതോൽക്കളസ്പന്ദനായ് ഞാൻ!
ചുറ്റുമുഴറിയെൻചഞ്ചലദൃഷ്ടിക-
ളൊറ്റ നോക്കൊന്നു നിൻമൂർത്തി കാണ്മാൻ!
അസ്വീകൃതാകൃതയായ് നില്പതെന്തയേ,
മൽസ്വപ്നമേഖലയ്ക്കപ്പുറം നീ?

പ്രത്യൂഹമെത്തിച്ച നിൻനെടുവീർപ്പുകൾ
പ്രത്യൂഷസ്വനങ്ങളെന്നരികിൽ
നിശ്ശബ്ദമോതി നിൻസന്ദേശവാക്യങ്ങൾ
നിസ്തുലതാരകൾ നീലവിണ്ണിൽ.



Digitized By Kerala Sahitya Akademi

നീ മാത്രമെന്നിട്ടും, നീയായിട്ടെത്തീലെൻ-
നീറും മനസ്സിലമൃതൊഴുക്കാൻ!
എങ്കിലും, നിൻമഹാസാന്നിദ്ധ്യസായൂജ്യം
സങ്കല്പം സ്വായത്തമാക്കിയെന്നിൽ!

* * *

ഭാവനയ്ക്കുണ്ട,തിൻ സ്വന്തമായിട്ടൊരു
ഭാഷയും ഭാസുരശൈലികളും;
അപ്രമേയാനഘസൌന്ദര്യചിത്രണ-
മപ്രാപ്യമാണിന്നവയ്ക്കുപോലും!

യുക്തിതൻ, ബുദ്ധിതൻ, വാസ്തവികത്വമ-
ല്ലുത്തേജിതമാം വികാരസത്യം.
വസ്തുസ്ഥിതികൾ തന്നര്‍ത്ഥവലയത്തി-
ലെത്തിനില്ക്കാത്തൊരുച്ഛൃംഖലത്വം
ഉണ്ടതിൻ വ്യാപാരയാനത്തി,ലായതു
കണ്ടിടാൻ കണ്ണുകൾ വേറെ വേണം.
യുക്തി മണലാൽ കയറുപിരിയ്ക്കുവാൻ,
ബുദ്ധി വൻപാറ പിഴിഞ്ഞെടുക്കാൻ,
വൈഭവഗർവ്വത്തിൽ യത്നിച്ചു യത്നിച്ചു
വയ്യെന്നൊടുവിൽപ്പകച്ചുനില്ക്കെ,
ദൂരത്തധിക്ഷിപ്തമായ് മുഖം താഴ്ത്തിനി-
ന്നാരാൽക്കരയും വികാരമെത്തി,
ഇല്ലായ്മയിങ്കൽനിന്നായിരമായിരം
സ്വർല്ലോകരംഗങ്ങളാരചിപ്പൂ!



Digitized By Kerala Sahitya Akademi

എന്തിലും മീതെയാമങ്ങോട്ടുയരുവാൻ
ചിന്തകൾക്കൊക്കെച്ചിറകു വേണം!

* * *

സത്യസൗന്ദര്യമേ, നിൻഭക്തദാസൻ ഞാൻ
യുക്തിതൻ ദൃഷ്ടിയിൽ ഭ്രാന്തനായി!
നിത്യപ്രകാശമേ, നിന്നിലലികയാൽ–
ബ്ബുദ്ധിതൻ ദൃഷ്ടിയിൽ ഭ്രാന്തനായ് ഞാൻ!
കല്ലെറിയുന്നു വിളർത്ത പരിഹാസ–
പ്പൊള്ളച്ചിരികൾതൻ പേക്കൂത്തുകൾ!
ഭ്രാന്തൻ ഞാൻ, ഭ്രാന്തൻ ഞാൻ, ഹന്ത, സൗന്ദ
താന്തനാമെന്നെ നീ ഭ്രാന്തനാക്കി! (ര്യമേ
എങ്കിലും, നീയെനിഃസ്സുകമിബ്ഭ്രാന്തിനാ–
ലെൻകരൾ കോൾമയിർക്കൊൾവിതെന്നും.

* * *

ഈ നിർവൃതിക്കൊള്ളലുന്മാദമാണെങ്കിൽ
ഞാനെന്നുമുന്മാദിയായിടാവൂ!!



Digitized By Kerala Sahitya Akademi

# രൂപാന്തരം

## ഒന്നു്

കുളിരിളകുമാലോലവായുവേററന്തിയിൽ
'കുസുമ'യൊരുമിച്ചു ഞാൻ വാണിതാ വാടയിൽ-
അതിമധുരമാ രംഗമിന്നുമോർക്കുമ്പൊഴും
പരിമൃദുലമാനസം നീറുന്നു മാമകം.

കുസുമിതലതാളിയാലാവൃതാരമ്യയായ്-
ക്കുതുകദസുഗന്ധിയായ് ത്തീർന്നൊരപ്പൂവനം
ചാമരവികിരണഗണകനകമയകാന്തിയിൽ-
ക്കരൾകവരുമലസതയൊടാടാടിനില്ക്കവെ,
അവിടെയൊരു വെൺകുളിർക്കല്ലിലിരുന്നിതാ-
ന്നാവശിതഹൃദന്തരായ് ഞങ്ങളിരുവരും;
പരിണതശുഭാനുരാഗത്തിൽപ്പൊതിഞ്ഞതാം
പലപല രഹസ്യങ്ങൾ കൈമാറിയങ്ങനെ,
സമയശുകി ദൂരെപ്പറന്നുചെല്ലുംവരെ-
സ്സുസുഖമവിടെത്തന്നെ മേവിനാർ ഞങ്ങളും.

അരുണനകലെപ്പോയ്മറഞ്ഞു; വെൺപൂനിലാ-
വമലരുചി വീശിപ്പരന്നിതെല്ലാടവും.
അകലെയൊരു രാപ്പാടിയേകാന്തശാന്തമാ-
മതിസുഖദഗാനം പകർന്നു മധുരമായ്.



Digitized By Kerala Sahitya Akademi

സ്വൈരസുതരസല്ലാപലോലയായേവമെ-
ന്നരികിൽ വിലസീടുമാ ലാവണ്യരശ്മിയെ
കരിനിഴലിൽ മൂടുവാൻ—അയ്യോ, നടുങ്ങി ഞാൻ
കരൾ പതറിയെങ്ങെൻമനുഷ്യത്വമെങ്ങു പോയ്?

* * *

രണ്ടു്

അകലെ,യതാ, നിങ്ങൾക്കു കാണാം, വിശുദ്ധയാ-
മവളുമരുമസ്ഥലിമാടം—മഹാഭീകരം!
അരുതരുതു കാണുവാൻ, ഹാ കഷ്ട,മിന്നെനി-
ക്കൂവിടെയെരിയുന്നൊരാസ്സ്വപ്നദീപാങ്കുരം.

ഉരുകിടുകയല്ലിയക്കല്ലറയ്ക്കുള്ളിലി-
ന്നൊരു പരമനിർമ്മലപ്രേമാർദ്രമാനസം?

മതി, കനകദീപമേ, നീ പഴിയ്ക്കായ്കിദം
മലിനതരമായൊരെൻസന്തപ്തജീവിതം!
ഇതിനൊരുപശാന്തി മറ്റെന്താണു,നശ്വര-
ച്ചിതയിൽ മമ ചിത്തം ദഹിപ്പിപ്പതെന്നിയേ?
എവിടെ മമ പാതകം മൂടിവെയ്ക്കേണ്ടു ഞാ-
നൃവനിയഭയം തരുന്നില്ലൊരു ദിക്കിലും!

* * *

അയി കനകദീപികേ, ചഞ്ചലജ്ജ്വാലയാൽ
സ്വയമരികിലേയ്ക്കെന്നെ നീ വിളിയ്ക്കുന്നുവോ?
ശരി; വരികയായിതാ, നിന്നടുത്തേയ്ക്കു ഞാ-
നൊരു നിമിഷമെന്നെ നീ കാത്തുനില്ക്കേണമേ!



Digitized By Kerala Sahitya Akademi

## ശ്മശാനത്തിൽ

കരയുവാൻവേണ്ടിയല്ലിന്നു വന്നതെൻ-
ശവകുടീരമേ, നിന്നരികത്തു ഞാൻ.
അയി നിരഘ, നിന്നാനനദർശന-
മസുഖദായകമല്ലെനിക്കല്പവും!
മഹിതശാന്തിതൻ കേന്ദ്രമല്ലല്ലി നീ?
മധുരസംഗീതസങ്കേതമല്ലി നീ?
തവ പരിസരസാഹചര്യം തരും
തകരുമെൻജീവനാശ്വാസചുംബനം.
ഉപഹൃതോല്ലാസ, നീയുമൊന്നിച്ചിരു-
ന്നലകിലേയ്ക്കൊന്നു കണ്ണയയ്ക്കട്ടെ ഞാൻ!

* * *

ക്ഷണികജീവിതം സഞ്ജനിപ്പിച്ചിടും
മണിമുഴക്കമതാ, കേൾപ്പൂ മോഹനം!
ഒരു ചലന,മൊരാലോലശിഞ്ജിതം
പര,മൊരു വെറും മൗനം—നിരാശകം!—
സുലളിതോജ്ജ്വലമാമൊരു മായിക-
ചലനചിത്രപ്രദർശനദർശനം!
അതിനെയെന്തിനനഘമെന്നോതണം?
അതിനെ ഞാനെന്തിനാദരിച്ചീടണം?

നവവികാരങ്ങൾ ചൂടുചേർത്തീടുമാ
യുവത, കഷ്ടം, വിളറിത്തണുത്തുപോം;



Digitized By Kerala Sahitya Akademi

സ്ഫുടരുചിയണിച്ചെമ്പനിനീരലർ-
ത്തുടുകവിളുകൾ ചുക്കിച്ചുളുങ്ങിടും;
പ്രിയസഖാക്കൾ പിരിയും; മനോഹര-
പ്രണയസൗഹൃദരംഗങ്ങൾ മാഞ്ഞുപോം;
കനകനാണയശിഞ്ജിതസഞ്ചയം
കവനവിജ്ഞാനഗാനസമുച്ചയം
സകല,മെല്ലാം, സമസ്തവും — ദൈവമേ,
സഹിയുവാനരു — തയ്യോ, മറഞ്ഞിടും!
മഴ, വെയിൽ, മഞ്ഞു, വന്നിടും, പോയിടും;
മലർ വിരിയും, കൊഴിയും, നിരന്തരം.
ഇതിനഖിലം നീ സാക്ഷിയാണെ,ങ്കിലും
ഇതിലൊരുത്തരവാദിയല്ലൊന്നിലും!
നിരഘ, നിഷ്പക്ഷമെന്തിലും നിൻനില-
യ്ക്കൊരു ലവാന്തരമേശില്ലൊരിക്കലും!

അലയിളക്കുന്നൊരേതഭിമാനവു,-
മലറിയോടുന്നൊരേതഹങ്കാരവും,
തവ മുഖമൊന്നു കാണുകിലക്ഷണ-
മവനമിക്കുകയാണി,തെന്തത്ഭുതം!
ഇതിനി,ടങ്ങിയ നിന്നക,ത്തിത്രമേൽ-
പ്പുതിയിരിപ്പതേതത്ഭുതവിക്രമം?
ഭുവനജന്യമാം സാർവ്വഭൗമത്വമെൻ-
ശവകുടീരമേ, നിന്റെ പര്യായമോ?
തവ ഭരണവിധേയമായ്ത്തുഴിയി-
ലുയരുവതെന്തു മാസ്മരവൈഭവം?



Digitized By Kerala Sahitya Akademi

തണുതണുത്ത നിന്നങ്കതലത്തിലെ-
ത്തണലുതന്നെയോ നിത്യനിദ്രാസ്പദം?
പുരുകദനവിമോചനാലംബമേ,
പുള്കവല്ലിതൻ പൊന്നാല്വാലമേ,
പരമപാവനലോകൈകശാന്തിത-
ന്നുറവൊഴുക്കു നിന്നുള്ളിൽനിന്നല്ലയോ?

അവിടമല്ലല്ലി കർമ്മബന്ധങ്ങൾതൻ
ചുമടിറക്കുന്ന വിശ്രമത്താവളം?
അവിടമല്ലല്ലി ജീവിതം പൂർണ്ണത-
യ്ക്കൂടിപെടുന്നതാമാനന്ദമണ്ഡപം?
അവിടമല്ലല്ലി ജന്മാന്തരങ്ങൾ വ-
ന്നഭയമാളുന്ന പുണ്യദേവാലയം?
അവിടമല്ലല്ലിയാത്മസൗഗന്ധിക-
മവിരളാഭം വിരിയും നികുഞ്ജകം?
അതിനുടമ വഹിയ്ക്കും നിനക്കിതാ,
ഹൃദയപുഷ്പമെൻകൂപ്പുകൈമൊട്ടുകൾ!



Digitized By Kerala Sahitya Akademi

# തകർന്ന മുരളി

[ആത്മസുഹൃത്തായ ശ്രീ: ഇടപ്പള്ളി രാഘവൻപിള്ളയുടെ-
ആത്മഹത്യയെ ആസ്പദമാക്കി എഴുതിയ ഒരു ലഘുവി-
ലാപകാവ്യം.]

നീലക്കുയിലേ നിരാശയാൽ നിൻ-
നീറും മനസ്സുമായ് നീ മറഞ്ഞു.
കേൾക്കുകയില്ലിനിമേലിൽ നിന്റെ
നേർത്തുനേർത്തുള്ള കളകളങ്ങൾ.
ഇന്നോളമീ മലർത്തോപ്പിൽ നമ്മ-
ളൊന്നിച്ചുചേർന്നു പറന്നു പാടി.
ഇന്നേവമെന്നെത്തനിച്ചു വിട്ടി-
ട്ടെങ്ങു നീ,യയ്യോ പറന്നൊളിച്ചു?
കാമനപ്പിഞ്ചിളം പൈങ്കുയിലേ,
നീ മമ പ്രാണനും പ്രാണനല്ലേ?
എന്നിട്ടു,മെന്നിട്ടുമീവിധം നീ-
യെന്നെയെന്നേക്കും വെടിഞ്ഞുവല്ലോ!

* * *

ഞാനിനി വേദനാമഗ്നമാമെൻ-
പ്രാണരഹസ്യങ്ങളാരൊടോതും?
ഏതൊന്നിൻ സാന്ത്വനധാരയിലെൻ-
ചേതനാമൊട്ടുകൾ മേലിൽ മുങ്ങും?
എന്തിന്റെ സൗഹൃദച്ചില്ലയിലെൻ-
ചിന്തകൾ ചെന്നിനിക്കൂടുകൂട്ടും?



Digitized By Kerala Sahitya Akademi

നൊന്തുനൊന്തയ്യോ, കഴിയണം ഞാൻ
ഹന്ത, നീയില്ല വരില്ല മേലിൽ.

*　　　*　　　*

ഒക്കെയും തീൻറു, നീയസ്തമിച്ചു;
ദിക്കുകളെട്ടുമിരുണ്ടു കെട്ടു.
സപ്താനുഭൂതിയുമൊന്നുപോലി-
ദ്ദുർവ്വിധിത്തല്ലിൽ വെറുങ്ങലിച്ചു.
മുന്നിൽത്തണുത്തൊരീ മൂടൽമഞ്ഞും
കണ്ണീരും മാത്രമേ ബാക്കിയുള്ളു.
പൊട്ടിക്കരഞ്ഞുകൊണ്ടിത്തെരുവി-
ലൊററയ്ക്കിതാ, ഞാനിരുട്ടിൽ നില്പൂ.
അയ്യയ്യോ, മൂർച്ഛിച്ചുവീണുപോം ഞാൻ
വയ്യ,വയ്യെ,ങ്ങു നീ സൗഹൃദമേ?

*　　　*　　　*

ചിന്തിച്ചിരിയ്ക്കാതരഞൊടികൊ-
ണ്ടെന്തിനിത്തീക്കടൽ പൊട്ടിവീണു?
ഉജ്ജ്വലസ്വപ്നമേ, നിൻവിയോഗം
മച്ചേതനയ്ക്കൊരു വജ്രപാതം.
അള്ളിപ്പിടിയ്ക്കുകയാണതിൻെറ
മുള്ളുകളെന്നാത്മനാളികയെ.
കീറിമുറിഞ്ഞതു മാത്രതോറും
ചോരവാർക്കുന്നതിലല്ല ഖേദം;
മുന്നേപ്പോൽക്കഷ്ടമ,മീ മന്നിടത്തി-
ലൊന്നിനി നിന്മുഖം കാണാൻപോലും



Digitized By Kerala Sahitya Akademi

ദുസ്സാധമാണെന്ന ചിന്തമാത്രം
ദുസ്സഹമാണെനിക്കേ,ന്തു ചെയ്യും?
അത്രമാത്രം നാമടുത്തുപോയി
അത്രനാമൊന്നായിച്ചേർന്നുപോയി!
തമ്മിലറിയാതില്ലിത്ര നാളും
നമ്മിലൊരൊററ രഹസ്യംപോലും.
നമ്മളൊരുമിച്ചു കൂട്ടുകൂടി;
നമ്മളൊരുമിച്ചു പാട്ടുപാടി.
ഇത്രയും കാലം നാം രണ്ടുപേരു-
മൊററമരത്തിൻ തളിർത്ത കൊമ്പിൽ,
അന്യോന്യമോമൽച്ചിറകിണക-
ളൊന്നിച്ചു മേനി പൊതിഞ്ഞുരുമ്മി,
സസ്നേഹം പ്രേമകഥകളോതി
സ്വപ്നവും കണ്ടു കഴിച്ചുകൂട്ടി.
ഇന്നു നീയയ്യോ, ചിറകൊടിഞ്ഞു
മണ്ണിലെന്നേയ്ക്കുമായ് വീണടിഞ്ഞു.
നിന്നോടൊരുമിച്ചു മൂകമായ് നിൻ-
വെണ്ണീറടിഞ്ഞ രഹസ്യമെല്ലാം
നന്നായറികയാൽ നിൻയഥാർത്ഥ-
വർണ്ണം തികച്ചും ഞാനാദരിപ്പൂ.
മററാരോ കൂട്ടുകാരെത്ര നിന്നെ-
ക്കുററംപറകിലുമിന്നുമെന്നും
മാനവരത്നമേ, നിൻെറ മുമ്പിൽ
ഞാനൊരാരാധകനായിരിക്കും!



Digitized By Kerala Sahitya Akademi

എന്നാത്മപുഷ്പാഞ്ജലികൾകൊണ്ടു
നിന്നെ ഞാൻ വാഴ്ത്തും മരിക്കുവോളം!

* * *

പ്രാണസർവ്വസ്വമേ, നിന്നെയോർത്തു
കേണുകേണെന്നും കഴിയണോ ഞാൻ?
അന്ത്യമിമ്മട്ടിലാണെങ്കിൽ മന്നി-
ലെന്തിനായേവം നാം കൂട്ടിമുട്ടി?
നിർമ്മലസ്നേഹാർദ്രനീരദമേ,
നിൻമഴത്തുള്ളികളൊക്കെ വറ്റി!
മാമകജീവിതരംഗമേതോ
മായാമരീചിക മാത്രമായി.
ആകില്ലൊരിക്കലും നിന്നെയോർത്തു-
ള്ളാകുലചിന്തകൾ വിസ്മരിക്കാൻ!

* * *

താവകജീവിതം മന്നിലേതോ
ഭാവനപ്പൊൻകിനാവായിരുന്നു.
ഘോരനിരാശയതിൻ മുഖത്തി-
ലോരോ വടുക്കൾ ചമച്ചിരുന്നു.
ആദർശശുദ്ധിയിൽ മുക്കിമുക്കി
നീയതൊരുൽക്കൃഷ്ടസിദ്ധിയാക്കി.
എന്നിട്ടവസാനം മൃത്യുവിന്റെ
മുന്നിൽ നീ ചെന്നതു കാഴ്ചവെച്ചു.

നിശ്ചയമക്കാഴ്ച കണ്ടു നിന്നു
മൃത്യുവും പൊട്ടിക്കരഞ്ഞിരിക്കും.



Digitized By Kerala Sahitya Akademi

ആ മഹാജീവിതം മാഞ്ഞനേരം
ഭൂമിയും സ്തംഭിച്ചുപോയിരിക്കും.
വിണ്ണിലെത്താരകളൊക്കെയും ക-
ണ്ണൊന്നിച്ചിറുക്കിയടച്ചിരിക്കും.
അക്കാഴ്ച കാൺകെച്ചരാചരങ്ങ-
ളൊക്കെയും ഞെട്ടിത്തെറിച്ചിരിക്കും!
കായായിത്തീരാൻ തുടങ്ങിയപ്പോൾ-
പ്പോയല്ലോ, പോയല്ലോ, പുഷ്പമേ, നീ!
‘നാളത്തെ’യോമൽ‘പ്രഭാത’വുമായ്
നാകത്തിൽ നീ പോയൊളിച്ചുവല്ലോ!

* * *

നിന്ദ്യസമുദായനീതിമാത്രം
നിൻമനോവേദന കുറ്റമാക്കി.
പാരതന്ത്ര്യത്തിനകത്തതിന്റെ
പാരമ്യം കണ്ടു പകച്ചുപോയ് നീ.
നിർദ്ദയമാനവനീതികൾ നിൻ-
ചിത്തം പിടിച്ചു ഞെരിച്ചുനോക്കി.
ശക്തനായ്ത്തീർന്നില്ല നീയതിനോ-
ടിത്തിരിപോലുമെതിർത്തു നില്ക്കാൻ.
നീയാ വിധിക്കുടൻ കീഴടങ്ങി;
നീറും മനസ്സോടൊഴിഞ്ഞൊതുങ്ങി.
അക്ഷയജ്യോതിസ്സണിഞ്ഞു വാനിൽ
നക്ഷത്രമായ് നീ ലസിക്കൂ മേലിൽ!
വിശ്വത്തിനാവുകയില്ല നിന്നെ
വിസ്മരിച്ചീടുവാൻ, വിസ്മയമേ!

* * *



Digitized By Kerala Sahitya Akademi

ആദർശശുദ്ധിയിൽ നീ കിളുന്നു,
ആദർശശുദ്ധിയിൽ നീ വളൎന്നു.
ആദർശശുദ്ധിയിൽ നീ പൊലിഞ്ഞു,
ആദർശശുദ്ധിയിൽ നീ കരിഞ്ഞു.
എന്തെല്ലാ,മാരെല്ലാ,മോതിയാലും
പൊൻതാരമായി നീ മിന്നുമെന്നും!

*　　　*　　　*

നിഷ്ഠുരലോകമേ, നീയിനിയും ,
പശ്ചാത്തപിയ്ക്കുവാനല്ല ഭാവം.
നിന്മനോവജ്രമെടുത്തു നീയ-
പ്പൊന്മരാളത്തിൻ കഴുത്തരിഞ്ഞു!
വിത്തപ്രഭാവമേ, നീയതിൻെറ
രക്തവുമൂററിക്കുടിച്ചു നിന്നു.
നിസ്സഹായത്വമേ, നീയതിനെ
നിത്യനിരാശയിൽത്തച്ചുകൊന്നു.
നാണയത്തുട്ടുകളെണ്ണിനോക്കി,
പ്രാണനെ പ്രാണനിൽനിന്നകററി,
ത്രാസുമായ് നില്ക്കുന്ന മാനുഷത്വം
ഹാ, സമുദായമേ, നീയളക്കാൻ.
നന്മയും തിന്മയും വേർതിരിയ്ക്കാൻ
നിന്നെപ്പോലുള്ളവൎക്കെന്തു കാൎയ്യം?
ആയിരം കൊല്ലം തപസ്സുചെയ്താ-
ലായത്തമാകാത്ത രത്നമല്ലേ,
മിത്ഥ്യാഭിമാനിയാം നീയെടുത്താ
മൃത്യുവിലേയ്ക്കു വലിച്ചെറിഞ്ഞു?



Digitized By Kerala Sahitya Akademi

എന്നിട്ടുമിപ്പോഴും പല്ലിളിച്ചു-
നിന്നു നീ പിച്ചുപുലമ്പുകല്ലേ?
നിൻനില കഷ്ട,മിതെത്ര ഹാസ്യ,-
മെന്നു നീയൊന്നിനി നേരെയാകും?

*　　　　*　　　　*

ജീവസർവ്വസ്വമേ, നീ സുഖിക്കൂ
പാവനസ്വർഗ്ഗസിംഹാസനത്തിൽ.
ഇങ്ങനെതന്നെ കിടന്നുകൊള്ളു-
മെന്നുമീ നിന്ദ്യമലിനലോകം.
നിന്നാത്മശാന്തിക്കുവേണ്ടിമാത്ര-
മെന്നുമീത്തോഴൻ ഭജിച്ചുകൊള്ളാം.
വെല്ക, നീ സൗഹൃദപ്പൊന്നലുക്കേ,
വെല്ക, നീ വിണ്ണിൻ കെടാവിളക്കേ!



Digitized By Kerala Sahitya Akademi

# മിത്ഥ്യ

ആവശ്യമില്ലിപ്രപഞ്ചത്തിനാരെയും;
നീ വിശ്വസിയ്ക്കായ്കിനിയുമാ മിത്ഥ്യയെ:
ചീറുന്ന പീരങ്കിയുണ്ടകൾക്കിന്നലെ
മാറു കാണിച്ചൊരാ വീരയോദ്ധാക്കളെ—
ജന്മഭൂമാതിൻ ജയക്കൊടിക്കൂറകൾ
നന്മയിൽ മേല്ക്കുമേൽച്ചായം പിടിയ്ക്കുവാൻ,
നമ്മാഭിലാഷങ്ങൾ മൊട്ടിട്ട ഹൃത്തിലെ-
ച്ചെന്നിണം തർപ്പിച്ച നിർമ്മലാത്മാക്കളെ—
ഒട്ടും കൃതജ്ഞത കൂടാതെ,യിന്നയ്യൊ
കഷ്ടം, മറന്നുകഴിഞ്ഞു പടക്കളം!
വർഷമോർമ്മിപ്പീല വാസന്തകോകിലം
ഹർഷപുളകം വിതച്ച കളകളം.
ഇന്നലെച്ചെമ്പനീർപ്പൂച്ചെടിച്ചില്ലയിൽ
മിന്നിക്കുണുങ്ങി വിടർന്നൊരത്താരിനെ—
ആയിരമിന്ദിന്ദിരങ്ങളെക്കൊണ്ടെട്ട-
ത്താനന്ദഗാനങ്ങൾ മൂളിച്ച പൂവിനെ—
കാപ്പതില്ലിന്നുത്സവോന്മാദപൂർത്തിയിൽ
വീർപ്പിട്ടുനില്ക്കുന്നൊരുദ്യാനമണ്ഡലം!



Digitized By Kerala Sahitya Akademi

വിശ്വം, പുതുതായ്പ്പുതുതായ് വരട്ടേലും,
വിസ്മൃതി, കൈനീട്ടി മാച്ചുകളുയലും,
കാല,മൊഴിഞ്ഞിരുന്നീ വെറും മായിക-
ലീല നോക്കി സ്വയം പുഞ്ചിരിതൂകലും!
നീ വിഷാദിപ്പതെന്തിന,ഖിലവും
കേവലം സ്വപ്നം!—വെറും വെറും വിഭ്രമം!



Digitized By Kerala Sahitya Akademi

# ആ ഗാനം

കവി:

സുന്ദരചിന്ത കൊരുത്തുതന്ന
മന്ദാരമാലയും ചാർത്തി, നിത്യം
നീ തനിച്ചിത്രനാൾ കാത്തുനിന്ന-
തേതിൻസമാഗമമായിരുന്നു.

ഹൃദയം:

കണ്ണീരിനാൽ ഞാൻ നനച്ചിരുന്നോ-
രെന്നാശ പൂത്ത വസന്തനാളിൽ,
ഞാനറിയാതൊരു രശ്മിയെന്നെ
പ്രേമപുരസ്സരമുമ്മവെച്ചു;
അന്നുമുതല്ക്കുന്നിലെങ്ങുനിന്നോ
സംഗീതവുമൊന്നുറഞ്ഞുവന്നു;
എങ്കിലും, കാണാൻ കഴിഞ്ഞതില്ല-
ത്തങ്കക്കിനാവിനെപ്പിന്നെ വീണ്ടും!
സ്വർഗ്ഗീയമാകുമിഗ്ഗാനമിന്നെൻ
ഗൽഗദംമൂലം തകർന്നുപോയി!

ലോകം:

അക്കോകിലത്തിന്റെ ദുഃഖഗാന-
മർത്ഥമിയലാത്തതായിരുന്നു;
ഈടാർന്നൊരുന്നതാദർശമൊന്നും
നേടാൻ കഴിഞ്ഞില്ലതിങ്കൽനിന്നും!



Digitized By Kerala Sahitya Akademi

കാലം:

ആടലിൻ നേർത്ത മനോഹരമാം
മൂടുപടവുമിട്ടി,ത്ര നാളും
നിൻമുന്നിലാ ലസൽപ്രേമഗാനം
നിന്നിട്ടു,മന്ധപ്രപഞ്ചമേ," നീ
കണ്ടില്ല, കഷ്ടം,മതിൻ മിനുത്ത
ചുണ്ടിൽ വിരിഞ്ഞൊരാ മന്ദഹാസം!



Digitized By Kerala Sahitya Akademi

# നിഴൽ

പൊയ്പ്പോയ കാലങ്ങളാം മാമകജീവിത-
സ്വപ്നലതികതൻ പല്ലവങ്ങൾ;
എന്തെല്ലാം നിങ്ങൾ പറഞ്ഞാലു,മുണ്ടവ-
യ്ക്കുന്തോ വിശേഷവശീകരത്വം.
അല്ലെങ്കി,ലെന്തിനാണെൻമനമങ്ങോട്ടു
ചെല്ലുന്നതെത്ര വിലക്കിയിട്ടും?

ഈടാർന്ന രാഗം നടിച്ചരികത്തേയ്ക്കു
മാടിവിളിയ്ക്കുന്നു ഭാവിയെന്നെ.
എങ്കിലുമെന്തുകൊണ്ടാണാവോ, തെല്ലൊരു
ശങ്കയെനിക്കങ്ങടുത്തു ചെല്ലാൻ.
ആയിരം ക്ലേശങ്ങൾ മുന്നിട്ടുനിന്നാലു-
മായവയോടൊക്കെ മല്ലടിയ്ക്കാം;
പ്രേമനിശ്ശൂന്യത ചുറ്റും നിറഞ്ഞാലും
ധീ മയങ്ങാതെ ഞാൻ പാട്ടുപാടാം.
എൻമനസ്സന്ദനം നിന്നാല,തോർത്തിട്ടു-
ന്നെന്നെക്കുറിച്ചാരും കേണിടേണ്ട!
എന്നന്ത്യവിശ്രമസ്ഥാനത്തിലാരുമൊ-
രെണ്ണവിളക്കും കൊളുത്തിടേണ്ട!
—ആനന്ദലോകമേ, നീയെന്തിനോക്കണം
ഞാനാകും തുച്ഛദുസ്സ്വപ്നചിത്രം?



Digitized By Kerala Sahitya Akademi

## വെറും സ്വപ്നം

പാരാകെ മന്ദമുണൎന്നു—വിണ്ണിൽ
പാടലകാന്തി കിളൎന്നു.
പാപാന്ധകാരമകന്നു—മന്നിൽ
പാവനപ്രേമം പരന്നു.
യാതനയെല്ലാമൊഴിഞ്ഞു—ലോകം
ഗീതാത്മകമായ്ക്കഴിഞ്ഞു.
ചിന്താഗ്നി കത്തിപ്പൊലിഞ്ഞു—ചിത്തം
മന്ദഹാസത്തിലലിഞ്ഞു.
ശശ്വൽപ്രണയവിചാരം—ചാൎത്തി
വിശ്വസമാധാനഹാരം.
കേൾക്കുന്നതില്ല ശകാരം—ആരു-
മോൎക്കുന്നതന്യോപകാരം!
എല്ലായിടത്തും വെളിച്ചം—കാണു-
ന്നുല്ലാസത്തിന്റെ തെളിച്ചം.
ഭദ്രമിക്കൎമ്മപ്രപഞ്ചം—ഇതിൽ
യുദ്ധമെന്നില്ലൊരു ശബ്ദം.
എങ്ങുമൊരോംകാരഘോഷം—കേൾക്കാ-
മെന്തെന്തിതെന്തു വിശേഷം?
എന്തൊരു ഭാഗ്യപ്രഭാവം—ആൎക്കു-
മെന്തൊരു സൗഹാൎദ്ദഭാവം!



Digitized By Kerala Sahitya Akademi

ജീവിതം ശോകാപ്തമല്ല—ഒരു
ജീവിയും നിസ്സാരമല്ല.
നാനാത്വം പാടേ മറന്നു—ലോക-
മേകമാം സത്തയിൽ നിന്നു.
ചിത്തങ്ങൾ തമ്മൽപ്പുണർന്നു—ദിവ്യ-
സത്യസൗന്ദര്യം നുകർന്നു.
എല്ലാം സുഖത്തിൻ മുകുരം—എങ്ങു-
മില്ല ദുഃഖത്തിൻ തിമിരം.

*　　　*　　　*

ക്ഷീണമനസ്സേ, വിചിത്രം—എന്നെ-
ക്കാണിച്ചതെന്തിനിച്ചിത്രം?
ഇല്ലതിൽ വാസ്തവചിഹ്നം—ഒന്നു,-
മെല്ലാമൊരോമനസ്സ്വപ്നം.
മായികം, മായികം, കഷ്ടം—ഇതു
മായുന്നതെന്തൊരു നഷ്ടം!
ഞാൻ കണ്ടതെന്തൊരു ലോകം!—അയ്യോ!
ഞാൻ കണ്ടതെന്തൊരു നാകം!
പാവനമാകുമിസ്സ്വപ്നം—എന്നി-
പ്പാരിൽപ്പരമാർത്ഥമാകും?
അസ്സുപ്രഭാതത്തിൻ മുന്നിൽ—മദീ-
യാക്ഷിയടഞ്ഞെങ്കിൽ മന്നിൽ!



Digitized By Kerala Sahitya Akademi

# എന്റെ ഗുരുനാഥൻ

നരകവും തോളത്തേന്തിക്കാളസ്സുപിൻപേ പോകും
സുകൃതസ്വരൂപമേ, നിന്നെ ഞാൻ നമിക്കുന്നു.
പൊരിവെയ്‌ലിലീ നിന്റെയുഗ്രമാം തപസ്സല്ലേ
നിറയെക്കതിർക്കുല ചൂടിപ്പു നെല്പാടത്തെ!
മണ്ണിൽനിന്നുയർത്തുന്നു നിൻദയാവാത്സല്യങ്ങൾ
കണ്ണഞ്ചും മരതകപ്പച്ചയിൽപ്പവിഴങ്ങൾ!
താവകത്യാഗം താലികെട്ടിക്കാതിരുന്നെങ്കിൽ
ഭൂവിലൈശ്വര്യം ചുമ്മാതിരുന്നു നരച്ചേനേ!
ഇന്നവൾ സുമംഗളയായിതാ വനികളിൽ-
പ്പൊന്നണിത്തരിവള കിലുക്കിക്കളിക്കുന്നു.
കുഞ്ഞാറ്റക്കിളികളെക്കൂടിയും കൂകിച്ചല്ലോ
നെഞ്ഞലിഞ്ഞുതിരുംനിൻ കനിവിൻ നിശ്വാസങ്ങൾ!
തത്തകൾ പച്ചച്ചിറകടിച്ചു, പാടത്തു നി-
ന്നുത്തമഗുണങ്ങളെ നിതരാം കീർത്തിക്കുന്നു;
ചെണ്ടുകൾ നിൻമാനസം വിടർത്തിക്കാണിക്കവേ
വണ്ടുകൾ മൂളുന്നിതാ നിന്നപദാനം മേന്മേൽ;
എന്നിട്ടും, ലോകംമാത്രം കണ്ണടച്ചിരുന്നുകൊ-
ണ്ടിന്നിതാ, കഷ്ടം, നിന്നെ മർദ്ദിപ്പൂ ദയാഹീനം;
നിർവ്യാജസ്നേഹത്തിന്റെ വെളിച്ചം വിതയ്ക്കുന്ന
ദിവ്യതാപസ, നീയാണെന്നുമെൻ ഗുരുനാഥൻ.



Digitized By Kerala Sahitya Akademi

## മഹാരാജകീയകലാശാലയിൽ

മുഗ്ദ്ധവിശാലഹൃദയപ്രതീക്ഷയിൽ
മുക്താഭിഷിക്തമായ്ത്തീർന്നോരെൻയൗവനം
നിത്യനിരാശയിലാഴ്ത്തി, നിശ്ശബ്ദമാ–
നിസ്തുലസ്വപ്നമകന്നുപോയെങ്കിലും,
ഓർക്കുമ്പൊഴിന്നും പുളകം പൊടിപ്പിത്–
പ്പൂക്കാലമെത്തിച്ച പൊന്നോണനാളുകൾ!
ഇല്ല, മറക്കില്ലൊരിക്കലും, നിന്നെ ഞാ–
നല്പസൽസൽക്കലാശാലേ, ജയിക്കൂ നീ!



Digitized By Kerala Sahitya Akademi

# തിരുമുൽക്കാഴ്ച

### ഒന്നു്

ആരുമറിഞ്ഞിടാതെൻജീവിതത്തിലേ-
യ്ക്കാരാൽ നടന്നു വരുന്നവളാരു നീ?
പേർത്തും,മെൻചിത്തം തുളുമ്പിടുമ്മാറതാ,
കേൾപ്പു നിൻ നേരിയ കാൽച്ചിലമ്പൊച്ചകൾ!
നെഞ്ചിടിപ്പേറുമാറെത്തുന്നു ചാരെ, നിൻ-
ചഞ്ചലവസ്ത്രാഞ്ചലസ്വനവീചികൾ!
ചിന്നിപ്പരക്കുന്നു മജ്ജീവനാളത്തിൽ
നിൻനെടുവീർപ്പിൻ സുഗന്ധലഹരികൾ!—
—ആരു നീയുജ്ജ്വലജ്യോതിർവ്വിലാസമേ
ആരു നീ,യുൽക്കടപ്രേമവിശാലമേ?

### രണ്ടു്

ഇത്രയും കാല,മെൻചിന്തകൾക്കപ്പുറ-
ത്തജ്ഞാതയായ് നിന്നൊളിച്ചുകളിച്ചു നീ!
അങ്ങിങ്ങു കണ്ടു മൽസ്വപ്നരംഗങ്ങളി-
ലവ്യക്തമായി നിൻകാലടിപ്പാടുകൾ!
അപ്പാദമുദ്രകൾ ചുംബിച്ചു, നിന്നെയോ-
ർത്തെത്ര നാളൊററയ്ക്കിരുന്നു കരഞ്ഞു ഞാൻ!
എൻനിഴലിൻെറ പുറകിൽ മറഞ്ഞുനി-
ന്നെന്തിനോ, നിന്നെ ഞാൻ കാത്തു പലപ്പൊഴും!





Digitized By Kerala Sahitya Akademi

എങ്കിലും, നിന്നെ ഞാനത്രമാത്രം ഭജി-
ച്ചെങ്കിലും, വന്നില്ല, വന്നില്ലടുത്തു നീ!

മൂന്നു്

പോയിക്കഴിഞ്ഞു, വസന്തഹേമന്തങ്ങൾ;
പോയിക്കഴിഞ്ഞു, ഹാ, പുഷ്പനിലാവുകൾ!—
ഇത്തിമിരാപ്ലുവഷാന്തനിശയിലോ
കഷ്ടം, വരുന്നതെൻപുല്ക്കുടിലിങ്കൽ നീ?
ഏകാന്തതയുമിരുട്ടുമല്ലാതൊന്നു-
മേകാൻ നിനക്കില്ലിവിടെയിന്നോ,മനേ!
അല്ലിലൊററയ്ക്കിങ്ങിരിക്കുകയാണു ഞാ-
നില്ലിങ്ങൊരു കൊച്ചുമൺവിളക്കെങ്കിലും!
നിന്നെ,സ്സുശോഭനേ, മാമകജീവിത-
സ്സ്പന്ദങ്ങളാൽ സ്വയം സ്വാഗതംചെയ്യു ഞാൻ!

നാലു്

ഒന്നുമില്ലെങ്കിലു,മേകുവാനുണ്ടെനി-
യ്ക്കൊന്നെ നിനക്കെൻ വിനീതോപഹാരമായ്!
മജ്ജീവിതത്തിലെസ്സർവ്വരഹസ്യവു,-
മുജ്ജ്വലത്തായ മൽസ്വപ്നസാമ്രാജ്യവും,
മാമകഹർഷവിഷാദശതങ്ങളും,
ഹാ, മമ പ്രേമവും—എന്തുവേണ്ടൊ,യെല്ലും
ഞാനെന്നൊരൊന്നിലടക്കി, നിൻകാല്ക്കൽവെ-
ച്ചാനന്ദദേ, വന്ദനേതിരല്ല നിന്നെ ഞാൻ!
കണ്ണീരിൽ മുക്കി ഞാൻ കാഴ്ചവെച്ചീടുന്നൊ-
രെന്നുപഹാരമിതംഗീകരിക്കു നീ!!



Digitized By Kerala Sahitya Akademi

# വിശുദ്ധരശ്മി

### ഒന്ന്

മഞ്ജരിതമായ്ത്തീർന്ന മല്ലിത്ത-
കഞ്ജുകത്തിനതിഥിയായ്,
ഏതു ഗന്ധർവ്വഭൂവിൽനിന്നേവ-
മേകയായ്പ്പറന്നെത്തി നീ?
ഗാനലോലുപേ, നിൻമനോഹര-
പ്രാണഹർഷദാലാപനം
ഇത്ര നാളും നുകർന്നിരുന്നതേ-
തച്ഛ്നീയവൃന്ദാവനം?

ഭഗ്നമോഹശതങ്ങളാൽ, ദുഃഖ-
ലഗ്നമായ മജ്ജീവിതം,
മംഗളോന്മാദമാധുരികളിൽ
മുങ്ങിനില്ക്കുമാറങ്ങനെ,
അപ്രതീക്ഷിതേ, വന്നണഞ്ഞിതൊ,-
രപ്സരസ്സിനെപ്പോലെ, നീ!

### രണ്ട്

മഞ്ഞിൽ മുങ്ങിക്കുളിച്ച ഹേമന്ത-
മഞ്ജുചന്ദ്രികമാതിരി,
ഹന്ത, മന്മനം ഞാനറിഞ്ഞിടാ-
തെന്തിനേവം കവർന്നു നീ?
നിർമ്മലേ, മമ ജീവനെന്തിനു
നിർവൃതിയിൽപ്പൊതിഞ്ഞു നീ?



Digitized By Kerala Sahitya Akademi

വിണ്ണിൽ നീളെച്ചരിക്കയാണൊരു
പൊന്മുകിൽത്തേരിലേറി ഞാൻ,
മന്ദിയാതെ നിനക്കൊരോമന-
ച്ചന്ദനത്തണൽ തേടുവാൻ!—
ലോലതാരകപ്പുക്കളാലൊരു
മാല കോർക്കുകയാണു ഞാൻ,
വാടിടാതെന്നും ഹാ, നിനക്കു നിൻ
വാർകുഴൽക്കെട്ടിൽച്ചൂടുവാൻ.
മാരിവില്ലുകൾ പൂക്കുമാ നീല-
മാമരത്തളിച്ചില്ലയിൽ,
ചേണെഴുമൂഞ്ഞാൽ തീർക്കയാണൊ,രു
വേണുസംഗീതംകൊണ്ടു ഞാൻ,
ഫുല്ലയൌവനേ, ഹാ, നിനക്കെന്നു-
മുല്ലസിച്ചിരുന്നാടുവാൻ!—
പ്രാണസുസ്മിതംകൊണ്ടൊരു കൊച്ചു-
വീണ നിർമ്മിക്കയാണു ഞാൻ;
ഭാവുകാസ്പദേ, ഹാ, നിനക്കെന്നു-
മാവിലേതരം പാടുവാൻ!—
മാമകോദ്യമം പാഴിലായ്പ്പോയാ-
ലോമനേ, നീ പൊറുക്കണേ!
എന്നെന്നേയ്ക്കുമായാ നിമേഷത്തിൽ-
ത്തന്നെ,യെന്നെ മറക്കണേ!

## മൂന്ന്

തണ്ടുലഞ്ഞു തഴകിടാം തമ്മിൽ
രണ്ടു ജീവിതച്ചെണ്ടുകൾ,



Digitized By Kerala Sahitya Akademi

കർമ്മബന്ധത്തിൻ കാററിലീ ലോക-
സുന്ദരാരാമവീഥിയിൽ!

ആത്മരാഗപരാഗസൗരഭം
വാർത്തുവാർത്തു നില്ക്കവെ,
മർത്ത്യനീതിതൻ കാളമേഘമൊ-
ന്നെത്തിടുമിടിവെട്ടുമായ്,
ഞെട്ടി മാറി ഞൊടിയ്ക്കകത്തവ
ഞെട്ടടർന്നടിഞ്ഞീടുവാൻ!
എന്തതിൽനിന്നു നേടിടുന്നു നീ
ഹന്ത, നിഷ്ഠുരലോകമേ?
നീതിതൻ ക്രൂരവജ്രവുമായി
നീയടുക്കാതിരിക്കിലോ,
ചേലെഴും സൽഫലങ്ങളായവ
നാളെ നിൻമുന്നിൽ നിന്നിടാം;
സ്വാന്തജമാം നിൻതപ്തതൃഷ്ണയ്ക്കു
സാന്ത്വനാമൃതമേകുവാൻ!

നാല്

അല്ല, തങ്കംപുരണ്ട താരുണ്യ-
മല്ല,തിൻ മായികാഭയാൽ,
കാണിപോലും കവർന്നെടുത്തതെൻ-
മാനസമേവ,മോമലേ!
മങ്ങിപ്പോം ബാഹ്യമോടിയിൽക്കണ്ണു
മഞ്ഞളിക്കുവോനല്ല ഞാൻ!



Digitized By Kerala Sahitya Akademi

നിന്മുഖത്തു ഞാൻ കാൺമതുണ്ടൊ,രു
നിർമ്മലാത്മപ്രകാശകം;
മോദദാവാച്യമാമതിൻ മതി-
മോഹനോജ്ജ്വലരശ്മികൾ,
ഒന്നിനൊന്നായണഞ്ഞു, മന്മന-
സ്സ്പന്ദനംതോറുമിങ്ങനെ,
അർപ്പണം ചെയ്കയാണു, നേരിയോ-
രത്ഭുതാവഹാമന്ത്രണം:—
"മുക്തിയാണവൾ, ശുദ്ധിയാണവൾ,
മുഗ്ദ്ധസംഗീതമാണവൾ!"

അഞ്ച്

അന്ധകാരത്തിൽനിന്നുയരുന്നി-
തന്തിവാനിലരുന്ധതി:
ഉത്തമപ്രണയോജ്ജ്വലാദർശ-
രത്നതല്പജംമാതിരി!—
രാഗസൗരഭസാന്ദ്രമാം മഹാ-
ത്യാഗകോരകംമാതിരി!—
സ്വച്ഛചിന്താവിശുദ്ധിതൻ ലസൽ-
സ്വപ്നബുൽബുദംമാതിരി!—
ഒന്നതിൻ നേരേ നോക്കുമ്പോഴേയ്ക്കും
കൺമണി, നിന്നെയോർപ്പൂ ഞാൻ!

ആറ്

താവകധ്യാനശുദ്ധിയാൽപ്പോലും
ദേവനാവുകയായി ഞാൻ!



Digitized By Kerala Sahitya Akademi

### സങ്കല്പകാന്തി

മൃത്യുസാമ്രാജ്യസീമയെപ്പോലും
ധിക്കരിച്ചിപ്രഭാങ്കുരം,
നിന്നെയും ചിരഞ്ജീവിയാക്കാവൂ
വെൺമയൂഖമതല്ലികേ!



Digitized By Kerala Sahitya Akademi

# ചിതറിയ ചിന്തകൾ

ഞാനറിഞ്ഞീടാത,രന്തൊടിയ്ക്കുള്ളിലെ-
ന്നാനന്ദദേവതേ, നീ മറഞ്ഞു?

*            *            *

ചൊല്ലുകെൻകാലമേ, നീയെന്നെക്കാണിച്ച-
തെല്ലാ,മൊരു വെറും സ്വപ്നമാണോ?
തെല്ലിടയെന്തിനെൻ ചുററു,മാ നേരിയ
മല്ലികാസൌരഭം വാരിവീശി?
വാനിലപ്പൊന്നുകിൽത്തേരിലിരുന്നു ഞാൻ
വീണവായിയ്ക്കുകയായിരുന്നു;
താരാട്ടും പാടി ഞാൻ താരാമണികളെ-
ത്താലോലിച്ചീടുകയായിരുന്നു;
പ്രേമസുരഭിലചിന്തകൾകൊണ്ടു ഞാൻ
പൂമാല കെട്ടുകയായിരുന്നു;
കോമളസ്വപ്നങ്ങൾ കണ്ടുകണ്ടങ്ങനെ
കോൾമയിർക്കൊള്ളുകയായിരുന്നു!—
എന്നെ നീയെന്തിനു നിർദ്ദയം വീണ്ടുമീ
മണ്ണിലേയ്ക്കേവമടിച്ചു വീഴ്ത്തി?
ഹന്ത, നീയിത്ര കഠിനമായ് ശിക്ഷിയ്ക്കാ-
നെന്തപരാധം ഞാൻ ചെയ്കതാവോ!

*            *            *



Digitized By Kerala Sahitya Akademi

ആനന്ദദേവതേ, പോയില്ല നീയെങ്കിൽ
ഞാനൊരു താരമായ് മിന്നിയേനേ!
അല്ലെങ്കിലെ,ന്തിനു നിന്നെപ്പഴിക്കുന്ന
തല്ലലാണെൻെറ വിഹാരരംഗം.
എന്നുമിരുണ്ടോരതിൻെറ കാരാഗൃഹം–
തന്നിലി,രുമ്പഴിക്കൂട്ടിനുള്ളിൽ,
മുറ്റും ചിറകടിച്ചാർത്തു പിടയ്ക്കണം
മുക്തികിട്ടാതെ മത്തപ്ത ചിത്തം!
എന്തിനു, കഷ്ടം, കൊതിക്കുന്നു പാഴില–
ത്യന്തിച്ചുകപ്പിനെയുമ്മവെയ്ക്കാൻ?

* * *

ഇല്ലില്ല, ലോകമേ, നിന്നോടൊരിക്കലും
ചൊല്ലില്ല ഞാനൊരു നന്ദിപോലും!
വേണെങ്കിലെന്നെ നീ മേലിലുമിങ്ങനെ
വേദനിപ്പിച്ചു രസിച്ചുകൊള്ളൂ!
ഹാ, നിൻെറ കൈയിലെക്കൂർത്ത മുള്ളൊക്കെയെൻ–
പ്രാണനിൽക്കുത്തിത്തറച്ചുകൊള്ളൂ!
എന്നിട്ടും പോരെങ്കിലെ,ൻജീവരക്തത്താൽ
നിന്നന്തർദ്ദാഹം കെടുത്തുകൊള്ളൂ!
എന്നാലു,മില്ല, ഞാൻ വന്നിടുകില്ല, നിൻ–
മുന്നിലൊരു വെറും ഭിക്ഷുവായി!—
നിന്നനുകമ്പയ്ക്കു കാണിക്കവെയ്ക്കുവാൻ
നിർമ്മിച്ച കുപ്പക്കൈമൊട്ടുമായി!

* * *



Digitized By Kerala Sahitya Akademi

അല്പനാളെന്നെച്ചുഴന്നുനിന്നീടിനോ-
രപ്പരിവേഷ,മതെങ്ങു പോയി?
മായാമയൂഖവലയമതെന്തൊരു
മാനസാകർഷകശ്രീവിലാസം!
ചിന്തിച്ചിരിയ്ക്കാതെ,യൊരൊടിയ്ക്കുള്ളില-
തെന്തിനെൻജീവനിൽ വെള്ളവീശി?
ചിന്തിച്ചിരിയ്ക്കാതെ,യൊരൊടിയ്ക്കുള്ളില-
തെന്തിനു വീണ്ടും പറന്നുപോയി?
സ്വപ്ന,മതേതോ സുരഭിലസുന്ദര-
സ്വപ്നം!— ചപലചലനചിത്രം!
ആ മഴവില്ലിനെ,യാ മണിനാദത്തെ,
നീ മിത്ഥ്യഭാവനേ, നിത്യമാക്കി:
എന്നിട്ടി,രുട്ടിലിവിടെത്തനിച്ചു നീ-
യെന്നെ വിട്ടിട്ടു, നിൻതോണി നീക്കി!!
പോകായ്ക, പോകായ്കെ,ന്നെത്ര ഞാൻ കേണിട്ടും
നീ കനിഞ്ഞീലെന്നിൽച്ചെറുപോലും!
എല്ലാം കിനാവുകളെ,ല്ലാം നിഴലുക-
ളെ,ല്ലാം മരീചികാവീചികകൾ!
ഇങ്ങനെയാണെങ്കിലയ്യോ, ജഗത്തിതി-
ലെങ്ങനെ,യെന്തിനെ, വിശ്വസിയ്ക്കാം?

*    *    *

എന്തിനീ ലോകം വിഷാദകലുഷ,മെൻ-
ചിന്തേ, നിൻവാതിൽ തുറന്നു നല്കൂ!
ഒന്നു ഞാൻ പോകട്ടേ വീണ്ടുമസ്സങ്കല്പ-
നന്ദനത്തോപ്പിലെപ്പൂന്തണലിൽ!



Digitized By Kerala Sahitya Akademi

മർത്ത്യന്റെ നീതിതന്നട്ടഹാസങ്ങളും,
മറ്റിതന്മാരുടെ ഗൽഗദവും,
എത്താത്തൊരാ നല്ല നാട്ടിൽ, ഞാൻ സൈ്വരമാ-
യിത്തിരിനേരമിരുന്നിടട്ടേ!
എന്നെ നീ മാടിവിളിയ്ക്കൊല്ലേ, ലോകമേ,
നിന്നുത്സവങ്ങളിൽ പങ്കുകൊള്ളാൻ!
എന്നെ നീ നിന്നു വിലക്കൊല്ലേ, കാലമേ,
മുന്നോട്ടു പോട്ടെ ഞാൻ രാഗമൂകൻ!

*　　　　　　　　*

നിസ്സീമശക്തമാണെന്നഭിമാനിപ്പൂ
നിസ്സഹായത്വമേ, നിഷ്ഫലം നീ!
ഹന്ത, കെല്പില്ലൊരു നേരിയ കാററാടി
മൺതരിക്കോട്ടയ്ക്കെതിർത്തുനില്ക്കാൻ.

*　　　　*　　　　*

എല്ലാം മറയ്ക്കുന്ന ലോകമേ, നീയൊരു
വല്ലാത്ത നാടകശാലതന്നെ:
നിന്നകത്തുള്ള നടന്മാർ പുഴുക്കളാ-
ണെന്നാകിലെന്തു,പ്പുഴുക്കൾപോലും
ഒന്നു മററൊന്നിനെ വഞ്ചിച്ചു വഞ്ചിച്ചു
തന്നഭിലാഷങ്ങൾ നിർവ്വഹിപ്പൂ!
എന്നിട്ടു,തോരോന്നും തൻജയപ്രാപ്തിയാ-
ണെന്നഭിമാനിച്ചഹങ്കരിപ്പൂ!

*　　　　*　　　　*

ശക്തൻപോൽ മാനവൻ, തൃപ്തൻപോൽ മാനവൻ,
സത്യമാരാഞ്ഞുപോം ബുദ്ധിമാൻപോൽ!



Digitized By Kerala Sahitya Akademi

സ്വന്തം സിരകൾ തുടുക്കാനവനന്യ-
ജന്തുവിൻ ചോര കുടിച്ചുവേണം;
പോരേ?—നികൃഷ്ടമാമിത്തരം ഹിംസതൻ
പേരോ 'വിജയ'മെന്നാണുപോലും!
ആദർശ,മാദർശം!—ലോകത്തിലാ മണി-
നാദം മുഴങ്ങിയിട്ടെന്തു കാര്യം?

*                *                *

നിത്യം കപടമേ, നീയല്ല്യസിപ്പൂ നിൻ-
നിസ്തുലരത്നസിംഹാസനത്തിൽ:
തെണ്ടിത്തിരിയുന്നു പാഴ്ത്തെരുവീഥിയി-
ലിണ്ടലോടോരോരോ സൽഗ്ഗുണങ്ങൾ
ആത്മാർത്ഥത, നീയവന്ധ്യയല്ലൂഴിയി-
ലാർദ്രതേ, നീ വെറും ഭിക്ഷുമാത്രം!
കൈക്കുമ്പിൾ കാട്ടിച്ചെന്നോരോ പടിക്കലും
നില്ക്കണം മേലും നിരാശർ നിങ്ങൾ:
എന്നാലു,മയ്യോ, നിറയില്ലൊരിക്കലും
നിങ്ങൾതൻ കൈയിലെബ്ഭിക്ഷാപാത്രം!

*                *                *

മായികമാകുമൊരാത്മാർത്ഥതയുടെ
മാരിവില്ലൊന്നു മുഖത്തു ചാർത്തി,
കാകോളമുള്ളിൽത്തുളുമ്പിടും കർക്കശ-
കാളാംബുദങ്ങൾ നിറഞ്ഞ ദിക്കിൽ
മിന്നുന്നൊരേതേതു വിദ്യുല്ലതികയു-
മങ്ങനെതന്നെ പൊലിഞ്ഞുപോണം!



Digitized By Kerala Sahitya Akademi

മിന്നാമിനുങ്ങുകൾ മിന്നിയാൽ നീങ്ങുമോ,
മന്നിൽ നിറഞ്ഞീടുമന്ധകാരം?

ലോകപ്രശംസതൻ മുൾച്ചെടിക്കാട്ടിൽ നീ-
യേകനായെത്രയലഞ്ഞു ചുററി?
എന്നിട്ടും, ദുർഗ്ഗമദുർഗ്ഗങ്ങളായിരം
വെന്നിട്ടും, നീ കഷ്ട,മെന്തു നേടി?
സ്ഫീതപ്രതാപം വിരൽത്തുമ്പാൽ നിർമ്മിച്ചോ-
രേതോ ചില ജലരേഖമാത്രം!
നേരിട്ടതു നോക്കിപ്പുഞ്ചിരിക്കൊള്ളുന്നു
ചാരത്തു നില്പൂ ശവകുടീരം!

* * *

അത്യസഹ്യമാമായിരം ചിന്തക-
ളൊത്തുചേർന്നെൻമനം നീറിടുമ്പോൾ,
എത്ര തുടയ്ക്കിലും തോരാതെ പിന്നെയും
തപ്താശ്രു കണ്ണിൽ തുളുമ്പിടുമ്പോൾ,
കൂരിരുൾ മൂടുമെൻ ജീവിതവീഥിയി-
ലാരൊരു സാന്ത്വനരശ്മി വീശും?
ആലംബഹീനൻ ഞാന,യ്യോ, ജഗത്തിതി-
ലാരാൽ വന്നാരെന്നെയുദ്ധരിക്കും?

* * *

തോട്ടും പുഴകളും പിന്നിട്ടൊരായിരം
കാട്ടും മലകൾക്കും ദൂരെയെങ്ങോ,
ഉന്നതസൗഭാഗ്യശൃംഗത്തിൽ മിന്നുമ്പോ-
ളെന്നെയൊന്നോർക്കുമോ, നിർമ്മലേ നീ?



Digitized By Kerala Sahitya Akademi

ഇല്ല, നീയൊക്കെയില്ലെ,നിന്റെയുള്ളിലു-
മില്ലതിലേതും പരിഭവവും!
ഒന്നിച്ചു തോളിൽപ്പിടിച്ചു നടന്നവ-
രന്യരായ് മാറുന്നതാണു ലോകം!—
ഒന്നിച്ചൊരാത്മാവിലൊട്ടിപ്പിടിച്ചവ-
രന്യോന്യം ഹിംസിപ്പതാണുലകം!—
കക്കയെക്കൺകക്കം മാണിക്കമാക്കുവാൻ,
കക്കയായ് മാണിക്യക്കല്ലു മാററാൻ,
കെല്പെഴും കാലമേ, ചിന്തിക്കുംതോറുമ-
ത്യത്ഭുതമാണു നിന്നിന്ദ്രജാലം!

*　　　*　　　*

ആനന്ദദേവതേ, നീ പോയ നാൾമുതൽ
മാനസത്തോപ്പിലിരുട്ടു മൂടി.
'അന്നു നീ കണ്ട സുരഭിലസൂനങ്ങ-
ളൊന്നൊന്നായൊക്കെക്കൊഴിഞ്ഞുപോയി.'
മേലിലപ്പൂവനം പൂക്കണമെങ്കിൽ നിൻ
കാലടിപ്പാടുകൾ ചൂടിവേണം!
നിന്നാഗമവും കൊതിച്ചു ഞാനിങ്ങനെ
നിന്നിടുമെന്നുമിക്കൂരിരുളിൽ!
വല്ല കാലത്തും,മതിലൊരു നേരിയ
കൊള്ളിയാൻ വീശില്ലെന്നാർക്കറിയാം?

*　　　*　　　*

ശീതോഗ്രവാതമേ, വർഷമണങ്ങളെത്ര
വേതാളതാണ്ഡവമാടിയാലും,



Digitized By Kerala Sahitya Akademi

ഒട്ടേറെ ദ്ദൂരേപ്പുറകിലായീടുമോ
മൊട്ടിടും മുഗ്ദ്ധവസന്തമാസം?
ശാശ്വതശാന്തി നിനക്കിതാ, നേരുന്നേ–
നാശ്വസിച്ചാ,നന്ദദേവതേ, ഞാൻ!



Digitized By Kerala Sahitya Akademi

# ലതാഗീതം

പ്രേമത്തിൻ സുരഭിലസ്വപ്നങ്ങൾ ചിന്നിച്ചിന്നി-
ക്കോമളവസന്തമേ, വന്നാലും, വന്നാലും നീ!
തിങ്ങിടും വികാരത്തിൻ ജൃംഭണത്തിനാലൊച്ച
പൊങ്ങിടുന്നില്ലല്ലോ, ഞാനെന്തു ചെയ്യട്ടേ നാഥാ!
അങ്ങയെ ദൂരത്തെങ്ങോ കണ്ടപ്പൊഴേയ്ക്കുംതന്നെ-
യിങ്ങിതാ, പുളകത്താൽ മൊട്ടിടാൻതുടങ്ങി ഞാൻ!
അവിടുന്നിനിയെങ്ങാനെന്നടുത്തെത്തിപ്പോയാ-
ലമിതോന്മദത്താലെൻകാലുറയ്ക്കാതായാലോ!

* * *

കണ്ടിട്ടുണ്ടവിടുത്തെപ്പലപ്പോഴും ഞാനിപ്പൂ-
ച്ചെണ്ടണിത്തോപ്പിൽ, കൊച്ചുകുരുന്നായിരുന്നപ്പോൾ;
അന്നൊന്നെ, കുറയററ വാത്സല്യം വഴിയുന്ന
കണ്ണിനാൽ നോക്കും നോട്ടമിപ്പോഴും ഞാനോർക്കുന്നു.
കാണാറുണ്ടാ നോട്ടത്തിലെന്നും ഞാനൊരു നേർത്ത
വേണുഗാനത്തിൽപ്പൊതിഞ്ഞുള്ളതാമേതോ നാകം.
ആ നാകം സ്വാർത്ഥത്തിൻെറ ധൂമിക മൂടീടാത്ത-
താണെന്നു കാണാമാക്കൊററനോട്ടത്തിൽത്തന്നെ!
അപ്പൊഴൊക്കെയും, ഞാനൊരോമനത്താൽപക്ഷത്തിൻ
സ്വപ്നപ്പൂഞ്ചിറകടിച്ചെങ്ങോട്ടോ പറന്നുപോം!
എന്താണെന്നറിയുവാൻ കഴിയാത്തേതോ സുഖ-
ചിന്തയിലലിഞ്ഞലിഞ്ഞിരിക്കും ഞാനെപ്പോഴും!



Digitized By Kerala Sahitya Akademi

എന്നൊടൊട്ടനുഭാവം കാണിച്ചുകൊണ്ടങ്ങൊല്ലാം
നിന്നിടാറുണ്ടെൻമുന്നിലാർദ്രയാം വസുമതി.
പ്രാണനപ്രേമാമൃതമാദ്യമായ് നുകരുമ്പോഴ്
കാണുന്നതെല്ലാം തോന്നും കവിതാമയമായി!

* * *

സങ്കല്പം, നേർത്ത മൂടൽമഞ്ഞിനാൽ മൂടപ്പെട്ട-
തെങ്കിലു,മെനിയ്ക്കായി മറ്റൊരു ലോകം നല്കി.
അതിൽ ഞാനെന്നെത്തന്നെ നിശ്ശേഷം മറന്നോ,തോ
കൊതിതൻ തുഞ്ചത്തിരുന്നെപ്പോഴ്മൂഞ്ഞാലാടി!
അക്കൊതിയെന്താണെന്നുമെന്തിനാണെന്നും മറ്റും
തർക്കിയ്ക്കാനെന്നോട്ട ഞാനുദ്യമിച്ചീലന്നൊന്നും!
മൂകമായിരിയ്ക്കാനാണിഷ്ട,മാകയാൽപ്പക്ഷേ
ലോകത്തിൻ ന്യായവാദം പ്രേമത്തെത്തോല്പിച്ചേയ്ക്കാം;
എന്നാലും, ജയക്കൊടി ദൂരത്തേയ്ക്കെറിഞ്ഞോ,ടി-
ച്ചെന്നതിൻ കവാടത്തിൽ കാത്തുനില്ക്കുന്നു ലോകം,
വളരാനാ,നന്ദിയ്ക്കാൻ, മാപ്പേകാൻ, മറക്കുവാൻ,
പുളകം പൂശാൻ, ജീവനുണരാൻ—ജീവിയ്ക്കുവാൻ!

* * *

ലോകത്തിലെൻജീവിതസിദ്ധികളെല്ലാമൊന്നി-
ച്ചേകകേന്ദ്രത്തിൽ സ്വയമർപ്പിച്ചു നില്ക്കുന്നു ഞാൻ.
ഇനിയില്ലെനേർത്തായിട്ടോതുവാനെനിയ്ക്കൊന്നും,
പ്രണയം തുളുമ്പുന്നൊരെൻമനസ്സൊന്നല്ലാതെ!
അതിനെപ്പുഷ്ടിപ്പിയ്ക്കാനക്കളിർകരങ്ങളാ-
ലതിപേലവമാമൊരാശ്ലേഷം മതിയല്ലോ!





Digitized By Kerala Sahitya Akademi

## സങ്കല്പകാന്തി

സന്തത,മാത്മാധീശ, നിർമ്മലപ്രേമാർദ്രമാം
ചിന്തതൻ ശ്രീകോവിലിലങ്ങയെപ്പൂജിപ്പൂ ഞാൻ!
പാവനപ്രകാശത്തെപ്പുണരാൻ കൈ നീട്ടുന്ന
ജീവിതസ്വപ്നത്തിന്റെ പുളകോൽഗമം പ്രേമം!
കർമ്മയോഗത്തിൻ പണ്യശാലയിൽ, സ്വാർത്ഥത്യാഗ-
നൈർമ്മല്യസിദ്ധിയ്ക്കായുള്ളാത്മാവിൻ യജ്ഞം പ്രേമം!
അറിഞ്ഞിട്ടുണ്ടിത്തത്ത്വം പണ്ടേ ഞാന,തിനാലെ-
ന്നകളങ്കമാം ഹൃത്തിൽ ഞാനതിന്നിടം നല്കി!
ഇന്നതിൻ പരിണതസൗഭഗം നുകരുവാൻ
സുന്ദരവസന്തമേ, വന്നാലും, വന്നാലും നീ!



Digitized By Kerala Sahitya Akademi

# ഗുരുപൂജ

[ഉദ്യോഗകാലാവധി കഴിഞ്ഞ് പെൻഷൻ പററി പിരിഞ്ഞ ശ്രീമാൻ കററിപ്പുറത്തു കേശവൻനായരവർകൾക്ക് എറണാകുളം മഹാരാജാസ് കോളേജിലെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ നല്കിയ സൽക്കാരം സംബന്ധിച്ചു സമ്മേളിച്ച മഹായോഗത്തിൽ അദ്ദേഹത്തിനു സമർപ്പിച്ചതു്]

ഒന്നു്

മൊട്ടിട്ടുനില്ക്കും മധുരസ്മൃതികൾതൻ
പുഷ്പപ്രസന്നമാം പൂങ്കാവനികയിൽ,
സല്ലാപലോലരായ് ഞങ്ങൾതൻ ചിന്തക-
ളുല്ലാസപൂർവ്വമുലാത്തുന്ന വേളയിൽ,
സ്ഫീതാനുമോദമവയെത്തഴുകുന്നി-
തേതോ വിശുദ്ധമാം വാത്സല്യസൗരഭം!
കോരിത്തരിക്കുന്നു പെട്ടെന്നു, സൗഹൃദം
ചോരുന്ന ഞങ്ങൾതൻ പിഞ്ചുമനസ്സുകൾ.
മുഗ്ദ്ധവിനീതപ്രണാമോപഹാരങ്ങ-
ളർപ്പിച്ചുകൊണ്ടവ നില്പൂ നിരാകുലം!

രണ്ടു്

അല്ലെങ്കിലും, ഗുരോ, വിസ്മരിച്ചീടാവ-
തല്ലവിടത്തെസ്സനാതനസേവനം.
മാനസംതോറും വിടർന്നു വിളങ്ങുന്നു
മായാതതിൻെറ മഹനീയമുദ്രകൾ!



Digitized By Kerala Sahitya Akademi

നിശ്ചയ,മിക്കലാശാലാതലത്തിലെ-
ത്തുച്ഛമാമോരോ മണൽത്തരിക്കുടിയും,
എന്നെന്നുമോർക്കും കൃതജ്ഞതാപൂർത്തിയിൽ-
ല്പുണ്യാഢ്യമാം ഭവൽസാഹചര്യോത്സവം!
സംഗീതസാന്ദ്രമാമോരോ മനോഹര-
സങ്കല്പമങ്ങളെയെപ്പൂജിക്കുമെപ്പൊഴും!

മൂന്ന്

തുഞ്ചനെപ്പെറ്റൊരപ്പുണ്യക്ഷിതിയിലെ-
പ്പൂഞ്ചാരമണ്ണിൽപ്പുലർന്ന മന്ദാരമേ,
സൽക്കാവ്യലക്ഷ്മിയാലെമ്മട്ടനാരത-
സംസ്കൃതമായിസ്സമുല്ലസിക്കില്ല നീ!
നിർമ്മഗ്നമാകുന്ന നിർമ്മലപ്രജ്ഞകൾ
നിസ്സീമാനവദ്യപരിമളധാരയിൽ.
താവക'കാവ്യോപഹാര'പുഷ്പങ്ങളിൽ
താവിത്തുളുമ്പും മരന്ദകണികകൾ
നിത്യം നുകർന്നു പറന്നു മുരളുന്നു
മത്തഹൃദയമധുപകദംബകം!

നാല്

ഇമ്പം വളർത്തുമാറാൺപൂവിടുന്നൊര-
ക്കമ്പളവല്ലി കണ്ടാനന്ദലോലയായ്,
നില്പൂ, മനസ്സിൻ്റെ മുൻപിലൊരുജ്ജ്വല-
സ്വപ്നമെന്നോണ,മ'ഗ്രാമീണകന്യക'!
ഭാവമധുരവും ശാന്തവുമാം ഭവ-
ജ്ജീവിതശുദ്ധിതൻ കണ്ണാടിയാണവൾ!



Digitized By Kerala Sahitya Akademi

കാണുന്നു ഞങ്ങളുവളിലൂടങ്ങതൻ·
പ്രാണനാളത്തിൻ പ്രതിഫലനങ്ങളെ!
വാസനച്ഛായമൊരിക്കലും വററാത്ത
വാരുററ തൂലികേ, വെല്ക, നീ മേല്ക്കുമേൽ!

അഞ്ച്

വേദനിക്കുന്നു ഹൃദയേ,മയ്യോ, ഭവാൻ
വേർപെട്ടു ഞങ്ങളെപ്പോകുന്ന ചിന്തയാൽ!
ഇററിററു വീഴുമിക്കണ്ണുനീർത്തുള്ളിക-
ളൊപ്പുവാൻപോലും കഴിയാത്തമാതിരി,
നിശ്ചേഷ്ടരായ് തവ പാദാന്തികത്തിങ്കൽ
നില്ക്കുന്നു ഞങ്ങളിക്കൂപ്പുകൈമൊട്ടുമായ്!
ജീവിതത്തിൻെറ പരുത്ത വശങ്ങളെ-
ബ്ഭൂവിലെതിരിടാൻ പോകുന്ന ഞങ്ങളെ,
മുന്നിൽക്കുനിച്ച ശിരസ്സിലാശംസകൾ
ചിന്നി,യവിടുന്നനുഗ്രഹിക്കേണമേ!

ആറ്

കാലദേശങ്ങൾ കടന്നു മൺകൂടുകൾ
കാണാതെയങ്ങിങ്ങകന്നുപോമെങ്കിലും,
പ്രാണനും പ്രാണനുമൊന്നുചേർന്നെപ്പൊഴും
വീണവായിക്കുമൊരേകാന്തശാന്തിയിൽ!
അസ്സമാശ്വാസം തരുന്ന തൂവാലയാ-
ലശ്രുകണങ്ങൾ തുടയ്ക്കുന്നു ഞങ്ങളും!
കൃത്യബാഹുല്യം കരണ്ടെടുത്തു, കഷ്ട-
മിത്രയും കാലം ഭവൽസുഖജീവിതം.



Digitized By Kerala Sahitya Akademi

ഒന്നിനിയെങ്കിലും വിശ്രമിയ്ക്കട്ട,ഞാ-
നുന്നതശാന്തിതൻ ശീതളച്ഛായയിൽ.

## ഏഴ്

ഓടക്കുഴലുമായായുരാരോഗ്യങ്ങ-
ളാടിക്കുഴഞ്ഞതന്നജ്ഞാതകൗതൂഹലം
സംഗീതപീയൂഷധാരയിൽ മുക്കിട-
ട്ട,ങ്ങതന്നാദർശമോഹനജീവിതം!
ആദരപൂർവ്വകം,ഞങ്ങൾക്കു നിത്യവു-
മാതിഥ്യമേകട്ടെ, സൗഭാഗ്യസീമകൾ!
ആലസ്യമററിനിക്കാവ്യാംബികയ്ക്കു പൂ-
മാലയോരോന്നു തൊടുത്തുകൊണ്ടങ്ങനെ,
ലാലസിച്ചാലും, മഹാകവേ, മേല്ക്കുമേൽ
ചേലിലങ്ങയ്ക്കു ഭവിയ്ക്കട്ടെ മംഗളം!



Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 0 | 0 |
| ദിവ്യഗീതം | 1 | 8 | 0 |
| ഓണപ്പൂക്കൾ | 1 | 0 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| ആകാശഗംഗ | 1 | 0 | 0 |
| കളിത്തോഴി | 2 | 8 | 0 |
| വത്സല | 0 | 8 | 0 |
| ആരാധകൻ | 0 | 8 | 0 |
| മോഹിനി | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| തിലോത്തമ | 0 | 8 | 0 |
| കലാകേളി | 0 | 12 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| ചൂഡാമണി | 1 | 0 | 0 |
| കരടി | 0 | 8 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| യവനിക | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| നിർവൃതി | 0 | 8 | 0 |
| ദേവയാനി | 0 | 8 | 0 |
| മഞ്ഞക്കിളികൾ | 1 | 0 | 0 |

Digitized By Kerala Sahitya Akademi

| | | |
|---|---|---|
| കല്ലോലമാല | 1 | |
| മൗനഗാനം | 1 | |
| നിർവ്വാണമണ്ഡലം | 0 | 1 |
| അസ്ഥിയുടെ പൂക്കൾ | 0 | 1 |
| പാടുന്ന പിശാച് | 2 | |
| മദിരോത്സവം | 2 | |
| സ്വരരാഗസുധ | 2 | |
| ഉദ്യാനലക്ഷ്മി | 1 | |
| മണിവീണ | 0 | 1 |
| മാനസേശ്വരി | 0 | |
| മയൂഖമാല | 0 | |
| സുധാംഗദ | 0 | 1 |
| അമൃതവീചി | 0 | 1[illegible] |
| പെല്ലീസും മെലിസാന്ദയും | 1 | [illegible] |
| മാനസാന്തരം | 1 | [illegible] |
| പ്രതികാരദുർഗ്ഗ | 2 | [illegible] |
| കഥാരത്നമാലിക | 1 | [illegible] |
| നീറുന്ന തീച്ചൂള | 1 | [illegible] |
| തളിർത്തൊത്തുകൾ | 1 | [illegible] |
| രാഗപരാഗം | 1 | [illegible] |
| ഹനേലെ | 1 | [illegible] |
| നർത്തകി | 0 | [illegible] |
| ശ്മശാനത്തിലെ തുളസി | 0 | 1[illegible] |
| പൂനിലാവിൽ | 1 | [illegible] |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാം കൃതികളുംകൂടി ഒരു വാല്യത്തിൽ | 5 | [illegible] |
| [illegible] (ശ്രീദേവി [illegible]ങ്ങയുഴ) | 0 | [illegible] |
| വസന്തോത്സവം | 0 | 1[illegible] |
| ശിഥിലഹൃദയം (ഷേർലക്ഹോംസ്) | 1 | 0 |

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഞങ്ങളുടെ

# പുതിയ പ്രസിദ്ധീകരണങ്ങൾ

| | |
|---|---|
| നാരായണീയം—സവ്യാഖ്യാനം | 10—0— |
| കാലത്തിന്റെ കണ്ണാടി (മുണ്ടശ്ശേരി) | 0–12— |
| വിലക്കപ്പെട്ട പഴങ്ങൾ (സുകുമാരൻ പൊറ്റെക്കാട്ട്) | 1—8— |
| സാഹിത്യകൌസ്തുഭം (വടക്കുംകൂർ) | 4—0.— |
| സാഹിത്യസഞ്ചാരം (ജി. കെ. എൻ.) | 1—8 |
| വിശപ്പ് (ബഷീർ) | 1—4 |
| കള്ളിപ്പൂക്കൾ (പൊറ്റെക്കാട്ട്) | 1—4. |
| വൈജയന്തി | 1—0. |
| കൊന്തയിൽനിന്നു കുരിശിലേയ്ക്ക് (മുണ്ടശ്ശേരി) | 2—8— |
| ഇണയും പ്രാവും (സ്വാമി ബ്രഹ്മവ്രതൻ) | 1—8— |
| പെണ്ണും മണ്ണും | 1—0—0 |
| ദ്വാദശനിശ (കോയാത്തു കൊച്ചുണ്ണിമേനോൻ) | 1—8—0 |
| തറവാടിത്തം (ചെറുകാട്) | 1—8—0 |
| കേരളീയശാകുന്തളം (വെളുത്താട്ടു നമ്പൂതിരി) | 2—0—0 |
| സൌന്ദര്യഭൂമിയിലെ ജനത (എ. കെ. ബാലകൃഷ്ണപിള്ള) | 3—0—0 |
| മുഖച്ഛായകൾ (എം. ആർ. ബി.) | 1—4—0 |
| മലയാനാട്ടുകളിൽ (പൊറ്റെക്കാട്ട്) | 2—0—0 |
| മെത്താപ്പ് (ചെറുകാട്) | 1—0—0 |
| ശാസ്ത്രസരണി (എസ്. പരമേശ്വരൻ) | 1—0—0 |
| ഭൂമിയുടെ ആത്മകഥ (എം. സി. നമ്പൂതിരിപ്പാട്) | 0–12—0 |
| ജ്യോതിഷബാലബോധിനി (പി. കെ. കോരു) | 3—0—0 |
| കുട്ടികളുടെ സയൻസ് (ഒ. പി. നമ്പൂതിരിപ്പാട്) | 1—0—0 |
| കൃഷ്ണാർജ്ജുനവിജയം—ആട്ടക്കഥ | 0–10—0 |
| വസന്തലക്ഷ്മി (കെ. വി. എം.) | 2—8—0 |
| സ്തുതിമാധുര്യം (കെ. കെ. രാജാ) | 1—0—0 |
| പുസ്തകപൂജ (പുത്തേഴൻ) | 1–12—0 |

മംഗളോദയം ലിമിററഡ്.
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi